256
SEPTEMBER - OCTOBER 2016

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



## കാവിപൂശിയ വിദ്യാഭ്യാസ നയം

കച്ചവട വർഗീയ താൽപര്യങ്ങളുടെ നയഭാഷണങ്ങൾ
പ്രതിഭയുടെ മുണ്ടശ്ശേരിത്തിളക്കം
ദേശീയതയും ഉന്നതവിദ്യാഭ്യാസവും
ഋതുഭേദങ്ങളറിയാത്ത സദിരുകൾ
വിലാപ്പുറങ്ങൾ- സ്ത്രീപക്ഷ വായന
ആദിവാസികൾക്കായി ഒരു ഒറ്റയാൾപ്പട

KERALA PRIVATE
# COLLEGE TEACHER 256
SEPTEMBER-OCTOBER 2016

**EDITORIAL BOARD**

Chief Editor
**Prof. Pramod Vellachal**

Managing Editor
**Prof. Tomichan Joseph**

Assistant Editor
**Dr. N.M. Sunny**

**Members**
Prof. A.G. Oleena
Dr. K.L. Vivekanandan
Dr. D.K. Babu
Dr. P.K. Kusalakumari
Dr. Beena S.
Dr. C. Unnikrishnan
Dr. N.K. Sunil Kumar
Dr. N. Renuka
Dr. Lakshmi Priya
Dr. Suneetha T.V.
Dr. James Paul
Prof. Padmanabhan Kavumbai
Dr. Soni John
Prof. E. Sreelatha
Prof. Sreelatha
Dr. Biji Abraham
Dr. Gopala Krishna Pillai

Design
*Jwala Creatives*
*9447853005*

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

■ *എഡിറ്റോറിയൽ* 3

■ *ഒക്ടോബർ 5ന്റേത് ഐതിഹാസിക സമരം*
**ഡോ. കെ.എൽ വിവേകാനന്ദൻ** 4

■ *കച്ചവട വർഗീയ താൽപര്യങ്ങളുടെ നയഭാഷണങ്ങൾ*
**ഡോ. സി. പത്മനാഭൻ** 6

■ *Social Transformation and the Academician*
**Tiintu KJ, Malavika Binny** 9

■ *പ്രതിഭയുടെ മുണ്ടശ്ശേരിത്തിളക്കം*
**ഡോ. സന്തോഷ് വള്ളിക്കാട്** 18

■ *Your Tongue My Language*
**Lakshmi Priya** 22

■ *ബീച് മേം വിനയ്*
**ആർ ജയശ്രീ** 23

■ *BACOPA MONNIERI (L) : A PHARMACOLOGICAL REVIEW*
**Neethu S. Kumar** 26

■ *ദേശീയതയും ഉന്നതവിദ്യാഭ്യാസവും*
**ഡോ. അനിൽ വർമ്മ** 29

■ *From Activism to 'Ecotage'? The Future of Environmental Advocacy in India*
**Sindhuja M** 35

■ *Introduction of Goods and Service Tax in India: Probing into the Charms of Anxiety and Serene Hopes*
**Dr. Kumar S P** 38

■ *കോഴിക്കോട് അബ്ദുൾഖാദർ: ഋതുഭേദങ്ങളറിയാത്ത സദിരുകൾ*
**ഡോ. എൻ. രേണുക** 42

■ *വിലാപ്പുറങ്ങൾ- സ്ത്രീപക്ഷ വായന*
**ലക്ഷ്മി രാധാകൃഷ്ണൻ** 50

■ *പുതിയവെളിച്ചം*
**ഡോ. എൻ. ഗോപകുമാർ** 58

■ *മതേതരത്വം*
**അനന്തു എസ്.** 59

■ *ഓർമ്മയിലൊരു 'മണികിലുക്കം'*
**ഡോ. സോണി ജോൺ** 60

■ *ആദിവാസികൾക്കായി ഒരു ഒറ്റയാൾപ്പട*
**സുനീത ടി.വി.** 63

■ *ജലജാത സങ്കടങ്ങൾ*
**ആര്യഗോപി** 67

എഡിറ്റോറിയൽ



# കാവിപൂശിയ വിദ്യാഭ്യാസ നയം

ഒരു രാഷ്ട്രം അതിന്റെ വിദ്യാഭ്യാസനയം രൂപീകരിക്കുമ്പോൾ അതിന്റെ സാംസ്കാരികവും ചരിത്രപരവുമായ വിവക്ഷകൾ ജനാധിപത്യപ്രക്രിയകൾക്കുള്ളിൽ നിന്നു രൂപപ്പെടേണ്ടതാണ് അഥവാ അത് ദേശീയ സംസ്കാരവുമായി കണ്ണി ചേർക്കപ്പെട്ട ഒന്നായിരിക്കണം, അല്ലാതെ ഹിന്ദുത്വ അജണ്ടകൾ കുത്തിനിറച്ച് സംഘപരിവാർ രൂപകല്പന ചെയ്ത വ്യാജ സാംസ്കാരിക ദേശീയതയിൽ നിന്നാവരുത് എന്നർത്ഥം. ഹിന്ദുത്വവൽക്കരണവും കാവിവൽക്കരണവുമെല്ലാം നേരത്തെ തന്നെ ഇന്ത്യയയിൽ പ്രയോഗിച്ചുതുടങ്ങിയതാണെങ്കിലും സമഗ്രമായ ഒരു ലക്ഷ്യമായി അത് പത്തിവിരിച്ചുനിൽക്കുന്നത് ഈ കാലത്താണ്. പാഠപുസ്തകങ്ങളിലും ചരിത്രസ്ഥാപനങ്ങളിലും ഒളിത്താവളങ്ങളിൽ ഇരുന്നവർ ഇന്ന് പരസ്യമായി തന്നെ ഗോദയിലിറങ്ങിയിരിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ ഭാവി നിശ്ചയിക്കേണ്ട വിദ്യാഭ്യാസ നയപരിപാടികളെ സംഘപരിവാറിന്റെ രാഷ്ട്രീയ മാനിഫെസ്റ്റോയാക്കി മാറ്റുന്ന അപകടകരമായ പ്രവണതയാണ് 2016 മെയ് മാസം പുറത്തുവന്ന New Education Policy, സുബ്രഹ്മണ്യൻ കമ്മിറ്റി റിപ്പോർട്ടിനെ ആശ്ലേഷിച്ചും ചുംബിച്ചുമാണ് ഇവിടെ ദേശീയ വിദ്യാഭ്യാസ നയം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കാലഗണനയും ചരിത്രഗണനയും കാറ്റിൽ പറത്തിയാണ് അവർ തങ്ങളുടെ ലക്ഷ്യം നടപ്പാക്കുന്നത്. ഭാരതത്തിന്റെ പഴയകാല പാരമ്പര്യങ്ങളുടെ നന്മകൾ ചുട്ടുചാമ്പലാക്കിയാണ് വേദകാല പ്രഘോഷണങ്ങൾ ആവർത്തിക്കപ്പെടുന്നത്. പുരോഗമനപരമായ അദ്ധ്യായങ്ങൾ തമസ്ക്കരിച്ചുകൊണ്ടുള്ള ചരിത്രവ്യാഖ്യാനങ്ങൾ വലിയൊരു വെല്ലുവിളിയായിത്തന്നെ കാണേണ്ടിയിരിക്കുന്നു. ബഹുസാംസ്കാരികതയുടെ ഇന്ത്യൻ പിന്നാമ്പുറങ്ങളെ മതാന്ധതയുടെ ദണ്ഡുകൾ കൊണ്ട് പ്രഹരിക്കുന്ന കാഴ്ചയാണ് വിദ്യാഭ്യാസനയത്തിലുള്ളത്. അതിമനോഹരം എന്ന് തോന്നാവുന്ന പ്രിയാമ്പിളുമായി തീരെ പൊരുത്തമില്ലാത്ത ജല്പനങ്ങളാണ് നാല്പത്തിമൂന്നോളം പേജുകളിൽ ചിതറിക്കിടക്കുന്നത്.

ലിംഗം, ജാതി, ലൈംഗികത, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ ബോധപൂർവ്വമായ മൗനമാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. അതേസമയം ആഗോളവൽക്കരണത്തെ വാരിപ്പുണർന്ന് Global Commitment എന്ന സാമ്രാജ്യത്വവിധേയത്വം പരസ്യമായി പ്രഖ്യാപിക്കാനും മടിക്കുന്നില്ല. മത്സരത്തിലും വികസനതതിലും ഊന്നിയ വിദ്യാഭ്യാസം കുട്ടികളെ വെറുമൊരു 'പ്രോഡക്ട്' ആയി മാത്രമേ കാണുന്നുള്ളൂ. ഹിന്ദുത്വവർണാശ്രമ ധർമങ്ങളുടെ പ്രഖ്യാപനമായി വിദ്യാഭ്യാസനയത്തെ മാറ്റിയെടുക്കാൻ അമിത് ഷായും സംഘവും എംച്ച്ആർഡി മന്ത്രി ജാവേദ്കറെ കണ്ടകാര്യം പരസ്യമാണ്. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവെക്കുന്ന ശാസ്ത്രബോധവും മതേതരത്വവുമെല്ലാം ഇവിടെ ഉടലോടെ കുഴിച്ചുമൂടിയിരിക്കുന്നു. പിൽക്കാല മുതലാളിത്തത്തിന്റെ ദുരന്തഭാവനകളും കോർപ്പറേറ്റ് വലതുപക്ഷത്തിന്റെ മാഫിയാ ബന്ധങ്ങളും സന്ധിചേരുന്ന വേഴ്ചപ്പാടമായി മാത്രമേ സംഘപരിവാറിന്റെ 'ദേശീയ' വിദ്യാഭ്യാസനയത്തെ കാണാനാവൂ.

**പ്രമോദ് വെള്ളച്ചാൽ**
pvellachal@gmail.com
9447384054



ഡോ. കെ.എൽ വിവേകാനന്ദൻ

# ഒക്ടോബർ 5ന്റേത് ഐതിഹാസിക സമരം

ഉന്നതവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഒട്ടേറെ പ്രാധാന്യമുള്ള ആവശ്യങ്ങളുന്നയിച്ചുകൊണ്ട് രാജ്യവ്യാപകമായി ഒക്ടോബർ 5ന് ഏഴ് ലക്ഷത്തോളം വരുന്ന സർവ്വകലാശാല-കോളേജ് അധ്യാപകർ കൂട്ട അവധിയെടുക്കൽ സമരത്തിലായിരുന്നു. ഇതിന്റെ ഭാഗമായി എല്ലാ സർവ്വകലാശാലകളുടെ മുന്നിലും ധർണ്ണാസമരവും നടത്തി.

ഏഴാം ശമ്പള പരിഷ്കരണ കമ്മിറ്റി റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുക, ആറാം പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുക, എ.പി.ഐ സമ്പ്രദായം പുനഃപരിശോധിക്കുക, സമയബന്ധിത.പ്രമോഷനുകൾ ഉറപ്പുവരുത്തുക, പുതുക്കിയ യു.ജി.സി സി.ബി.സി.എസ്. സമ്പ്രദായം പിൻവലിക്കുക, റിഫ്രഷർ/ഓറിയന്റേഷൻ കോഴ്സുകൾ ചെയ്യാനുള്ള സമയപരിധി നീട്ടുക, എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും ലൈബ്രേറിയൻമാർക്കും യുജിസി സ്കെയിൽ നൽകുക, ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്യുക, ഉന്നത വിദ്യാഭ്യാസ മേഖലയിലെ കച്ചവട-വർഗ്ഗീയവൽക്കരണ നയങ്ങൾ പിൻവലിക്കുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം പുനഃസ്ഥാപിക്കുക, ഉന്നത വിദ്യാഭ്യാസ പുരോഗതിക്ക് കൂടുതൽ പൊതുനിക്ഷേപം അനുവദിക്കുക എന്നിവയായിരുന്നു സമരത്തിനാധാരമായ മുദ്രാവാക്യങ്ങൾ

നേരത്തേ തന്നെ ഈ വിഷയങ്ങളെല്ലാം ഉയർത്തിപ്പിടിച്ച് 2015 ആഗസ്ത് 7ന് സർവ്വകലാശാല-കോളേജ് അധ്യാപകരുടെ ഐക്യപ്രസ്ഥാനമായ ഐഫക്ടോയുടെ നേതൃത്വത്തിൽ പ്രതിഷേധദിനാചരണവും തുടർന്ന് പാർലമെന്റ് മാർച്ചും നടത്തിയിരുന്നു. ഇക്കൊല്ലം ജൂലൈ 14ന് അഖിലേന്ത്യാടിസ്ഥാനത്തിൽ കാമ്പസ്സുകളിലാകെ അവകാശദിനമായി ആചരിക്കുകയുണ്ടായി. ആഗസ്ത് 5ന് ഡൽഹിയിൽ ആയിരക്കണക്കിന് അധ്യാപകർ പങ്കെടുത്ത് പാർലമെന്റിലേക്ക് മാർച്ച് നടത്തി. കേന്ദ്ര മാനവവിഭവശേഷി വകുപ്പ് മന്ത്രിയുമായി ഐഫക്ടോ നേതാക്കൾ ചർച്ച നടത്തിയിരുന്നു. എന്നാൽ തികഞ്ഞ അധ്യാപക-അക്കാദമിക് വിരുദ്ധ സമീപനങ്ങൾ സ്വീകരിച്ചതിന്റെ ഭാഗമായി പിന്നീട് ഒരു വിഷയത്തിലും പരിഹാരമാകാത്ത സ്ഥിതിയാണുള്ളത്.

ഉന്നത വിദ്യാഭ്യാസമേഖലയിൽ മുൻ കേന്ദ്ര സർക്കാർ അനുവർത്തിച്ച കമ്പോളവൽക്കരണ നയങ്ങൾ ഒന്നുകൂടി ശക്തമാക്കിയതിനൊപ്പം വർഗ്ഗീയതയുടെ വിഷവിത്തുകൾ കൂടി വിതക്കുകയാണ് ഇപ്പോഴത്തെ കേന്ദ്രസർക്കാർ. രാജ്യമാകമാനം ആയിരക്കണക്കിന് ചർച്ചകളും സംവാദങ്ങളും നടത്തി രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട ദേശീയ വിദ്യാ



ഭ്യാസ നയത്തിന്റെ കരട് റിപ്പോർട്ട് പുറത്തിറങ്ങിയിരിക്കുയാണ്. കൊട്ടിഘോഷിക്കപ്പെട്ട ഈ നയത്തിന്റെ കരട് രേഖയിൽ ഉള്ളത് കേവലം 43 പേജ് മാത്രം. ഉള്ളടക്കത്തിനാണെങ്കിൽ യാതൊരു ഗൗരവവും ഇല്ലാത്തതാണ് നമ്മുടെ വായനയിലെ അനുഭവം. വിദ്യ ലാഭം കൊയ്യാനും പിന്തിരിപ്പൻ ആശ്രയങ്ങൾ കുത്തിനിറച്ച് വർഗ്ഗീയ അജണ്ടകൾ പ്രചരിപ്പിക്കാനുമാണെന്ന് വ്യക്തമാക്കുന്ന, വികേന്ദ്രീകൃത-ജനാധിപത്യ സങ്കേതങ്ങളെ തകർക്കുവാനുതകുന്ന, വൈവിധ്യങ്ങളെ ഇല്ലാതാക്കുന്ന ഒന്നാകുമെന്ന് ഈ രേഖയിൽ ഒളിഞ്ഞും തെളിഞ്ഞു കാണാം. ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കാകട്ടെ പൊതുനിക്ഷേപം കാലാനുസൃതമായി വർദ്ധിപ്പിക്കാനുള്ള യാതൊരു പദ്ധതിയും കേന്ദ്രസർക്കാരിനില്ലെന്നതും സ്വകാര്യനിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുക മാത്രമാണ് നയമെന്നതും ശ്രദ്ധേയം.

ഇന്ത്യയാകെ സർവകലാശാലകളിലം ക്ലാസുകളിലും സിലബസ് യു.ജി.സി തന്നെ തയ്യാറാക്കിത്തരികയും നേരിയ ഭേദഗതികൾ പോലും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന യു.ജി.സി മുന്നോട്ട് വെച്ച പുതിയ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സിസ്റ്റം എല്ലാ ജനാധിപത്യ മര്യാദകളും അക്കാദമിക് സ്വയംഭരണാവകാശങ്ങളും തുടച്ചുകളയുകയും വിധത്തിലാണ്.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം പുനഃസ്ഥാപിക്കണമെന്നുള്ള ദീർഘകാലമായി ഉന്നയിക്കുന്ന അടിസ്ഥാന സേവനാവകാശങ്ങളോട് കേന്ദ്രസർക്കാർ പുറംതിരിഞ്ഞു നിൽക്കുക തന്നെയാണ്. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി പിൻവലിക്കാനും സ്റ്റാറ്റ്യൂട്ടറി പെൻഷൻ തിരികെ കൊണ്ടുവരാനും കേന്ദ്രസർക്കാർ തയ്യാറാകേണ്ടതുണ്ട്.

ശമ്പള പരിഷ്കരണത്തോട് പുറംതിരിഞ്ഞു നിൽക്കുന്ന സമീപനമാണ് കേന്ദ്രത്തിന്റേത്. ഏഴാം യു.ജി.സി ശമ്പള പരിഷ്കരണ റിപ്പോർട്ട് തയ്യാറാക്കാനുള്ള സമിതി രൂപീകരിച്ച് മാസങ്ങളേ ആയുള്ളൂ. 2016 ജനുവരി മുതൽ നടപ്പാക്കേണ്ട ശമ്പളപരിഷ്കരണം സാധ്യമാകാൻ ഇനിയും വർഷങ്ങൾ കാത്തിരിക്കണമെന്ന സ്ഥിതിയാണുള്ളത്. ആറാം ശമ്പള പരിഷ്കരണ റിപ്പോർട്ട് നടപ്പിലാക്കിയതിലെ അപാകതകൾ



പരിഹരിക്കാൻ യു.ജി.സി.യും കേന്ദ്ര സർക്കാറും തയ്യാറാവണം.

ആറാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി വന്ന പുതുക്കിയ നിയമാവലികൾ പ്രകാരം അധ്യാപകർക്കുള്ള പ്രമോഷനുകൾ സമയബന്ധിതമായി ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പല സർവകലാശാലകളിലും പ്രമോഷനുകൾ നടക്കുന്നേയില്ല. കേരളത്തിലാകട്ടെ അധ്യാപകർക്കാകെ പ്രത്യേകിച്ച് സർക്കാർ അധ്യാപകർക്ക് കഴിഞ്ഞ കുറച്ച് വർഷങ്ങളായി പ്രമോഷൻ ഒന്നു പോലും നടക്കുന്നില്ല.

പ്രമോഷന് വേണ്ട കരിയർ കോഴ്സുകളായ ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ ഇന്ത്യയിലാകെ ഉള്ള സർവ്വകലാശാലകളിലെ അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നടക്കുന്നില്ല. മതിയായ ഫണ്ട് നൽകാത്തതിനാൽ പല അക്കാദമിക് സ്റ്റാഫ് കോളേജുകളും പൂട്ടിയ സ്ഥിതിയാണ്. അതിനാൽ തന്നെ, കോഴ്സുകൾ പൂർത്തീകരിക്കാനുള്ള സമയപരിധി നീട്ടി നൽകാൻ യു.ജി.സി.ക്ക് ബാധ്യത ഉണ്ട്.





ഇന്ത്യയിലാകെ സർവകലാശാലകളിലെയും കോളേജുകളിലെയും അനധ്യാപകർക്കും ലൈബ്രേറിയൻമാർക്കും യു.ജി.സി ശമ്പള സ്കെയിൽ ഏർപ്പെടുത്തണമെതും ഈ സമരത്തിന്റെ പ്രാധാന്യമുള്ള മുദ്രാവാക്യങ്ങളിൽ ഒന്നാണ്. കൂടുതൽ കരുത്തുറ്റ പോരാട്ടങ്ങൾ നടത്തി മാത്രമേ കേന്ദ്രസർക്കാറിന്റെ പ്രതിലോമ നയങ്ങളെ കീഴ്പ്പെടുത്താനാകൂ. അതിനായുള്ള മുന്നൊരുക്കമായി മാറി അന്താരാഷ്ട്ര അധ്യാപകദിനമായ ഒക്ടോബർ 5ന്റെ 'കുട്ട അവധി' സമരവും സർവ്വകലാശാല ധർണ്ണയും.

# കച്ചവട വർഗീയ താൽപര്യങ്ങളുടെ നയഭാഷണങ്ങൾ


**ഡോ. സി. പത്മനാഭൻ**

സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ



കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഇന്ത്യക്ക് പുതിയ 'ദേശീയ വിദ്യാഭ്യാസനയം' രൂപീകരിക്കാനുള്ള മുന്നൊരുക്കങ്ങൾ നടന്നുവരികയാണ്. കോത്താരി കമീഷൻ റിപ്പോർട്ടിലെ നിർദേശങ്ങളെ അടിസ്ഥാനപ്പെടുത്തി 1968ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രി യായിരിക്കെയാണ് ആദ്യമായി ഒരു ദേശീയവിദ്യാഭ്യാസനയം രൂപീകരിച്ചത്. കോത്താരി കമീഷൻ റിപ്പോർട്ടിന് ലഭിച്ച പൊതുസമ്മതി നല്ലൊരളവുവരെ ഈ നയത്തിനും ലഭിക്കുകയുണ്ടായി. അവസരസമത്വം പ്രധാന മുദ്രാവാക്യമായി സ്വീകരിച്ച് ഘടനാപരമായ പരിഷ്കാരങ്ങളാണ് ഒന്നാം ദേശീയവിദ്യാഭ്യാസനയം പൊതുവിൽ വിഭാവനംചെയ്തത്. രണ്ടരപ്പതിറ്റാണ്ടിനുശേഷം 1986ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരിക്കെയാണ് രണ്ടാം ദേശീയവിദ്യാഭ്യാസനയം പ്രഖ്യാപിക്കപ്പെടുന്നത്. ആദ്യനയത്തിന്റെ സാക്ഷാൽക്കരിക്കപ്പെടാത്ത ഉദ്ദേശ്യലക്ഷ്യങ്ങളും യാന്ത്രികമായി ആവർത്തിക്കുന്നതിനോടൊപ്പം രാജ്യത്തിനകത്തും വിദേശത്തുമായി രൂപപ്പെട്ടുവന്ന ചില പുത്തൻ വിദ്യാഭ്യാസകാഴ്ചപ്പാടുകളെ ഉൾക്കൊള്ളാനുള്ള ദുർബലമായ ശ്രമവും രണ്ടാം ദേശീയ വിദ്യാഭ്യാസനയത്തിൽ കാണാം. 1992ൽ നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കാലത്ത് രണ്ടാം ദേശീയവിദ്യാഭ്യാസനയം ആഗോളീകരണ സമീപനങ്ങൾക്ക് അനുസൃതമായ കാഴ്ചപ്പാടോടെ മാറ്റിയെഴുതപ്പെട്ടു. ജിഡിപിയുടെ ആറ് ശതമാനമെങ്കിലും വിദ്യാഭ്യാസമേഖലയ്ക്കായി മാറ്റിവയ്ക്കണമെന്നതടക്കമുള്ള പുരോഗമനപരമായ എല്ലാ നിർദേശങ്ങളും ഏട്ടിലെ പശുവായി തുടരുന്നതിനിടയ്ക്കാണ് ദേശീയതലത്തിൽ പുത്തൻ വിദ്യാഭ്യാസനയം രൂപീകരിക്കാനുള്ള ശ്രമങ്ങൾ കഴിഞ്ഞവർഷം കേന്ദ്രസർക്കാർ ആരംഭിച്ചത്.

രാജ്യമെമ്പാടുമായി ലക്ഷക്കണക്കിന് ആലോചനായോഗങ്ങളും വിപുലമായ ചോദ്യാവലികളും വെബ്പോർട്ടൽ വഴിയുള്ള അഭിപ്രായം ക്ഷണിക്കലും വിശദമായ കരട് രേഖകളും ഒക്കെയായിരുന്നു തുടക്കത്തിലുള്ള വാഗ്ദാനം. വിഭാവനംചെയ്ത നടപടിക്രമങ്ങളാകെ പാളം തെറ്റിയ മട്ടിലാണ് ഇപ്പോൾ മുന്നോട്ടു പോകുന്നത്. നയരൂപീകരണവുമായി ബന്ധപ്പെട്ട സമിതികളിൽ വിദ്യാഭ്യാസവിദഗ്ധർക്ക് പകരം കൂടുതലും സർക്കാർ ഉദ്യോഗസ്ഥരായിരുന്നു. സമിതിയുടെ നേതൃത്വംതന്നെ ടി എസ് ആർ സുബ്രഹ്മണ്യം എന്ന മുൻ ക്യാബിനറ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരുന്നു. പ്രസ്തുത സമിതി 2016 മെയ് 27ന് റിപ്പോർട്ട് സർക്കാരിന് കൈമാറിയെങ്കിലും സർക്കാർ അത് പുറത്തുവിടാത്ത സാഹചര്യത്തിൽ താൻതന്നെ അത് പുറത്തുവിടേണ്ടിവരുമെന്ന് സുബ്രഹ്മണ്യം പ്രസ്താവി



ച്ചത് വിവാദമായി. ഇതേത്തുടർന്നാണ് കേന്ദ്രമാനവവിഭവശേഷിമന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ 'കരട് വിദ്യാഭ്യാസനയത്തിൽ ഉൾച്ചേർക്കേണ്ട ചില കാര്യങ്ങൾ'' എന്ന തലക്കെട്ടിൽ സുബ്രഹ്മണ്യം കമ്മിറ്റി റിപ്പോർട്ടിന്റെ ഒരു സംഗ്രഹം പുറത്തുവരുന്നത്. ദേശീയ വിദ്യാഭ്യാസനയരൂപീകരണത്തിന്റെ ഭാഗമായി ഒന്നരവർഷത്തോളം കോടികൾ ചെലവഴിച്ചു നടത്തിയ ഉത്സവങ്ങളുടെ ഇതുവരെയുള്ള നേട്ടം വെറും 43 പേജ് മാത്രമുള്ള 'കരട്'' എന്നു വേണമെങ്കിൽ വിളിക്കാവുന്ന ഈ രേഖയിലേക്ക് പരിമിതപ്പെട്ടുവെന്ന് ചുരുക്കം.


ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 20 വിഷയങ്ങളും പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 13 വിഷയങ്ങളുമായിരുന്നു വിശദപഠനത്തിനായി തുടക്കത്തിൽ പട്ടികപ്പെടുത്തിയത്. എന്നാൽ, ഈ വിഷയങ്ങളിൽ പലതും 'കരടിൽ' പരാമർശിക്കപ്പെട്ടിട്ടുപോലുമില്ല. നേരത്തെ നിലവിലുള്ള ദേശീയ വിദ്യാഭ്യാസനയരേഖകളുമായി വിദൂരമായ താരതമ്യം പോലും സാധ്യമല്ലാത്ത തരത്തിൽ വളരെ ഉപരിപ്ളവമായ കാഴ്ചപ്പാടുകളും നിർദേശങ്ങളും മാത്രമാണ് ഈ രേഖയിലുള്ളത്. തികച്ചും അശാസ്ത്രീയമായ ചരിത്രവീക്ഷണത്തിലൂന്നിയതും 'വേദകാലഘട്ടത്തിലെ വിദ്യാഭ്യാസ സമ്പ്രദായം' എന്നൊക്കെയുള്ള സാങ്കൽപ്പിക പരികൽപ്പനകൾ നിറഞ്ഞതുമായ ആമുഖം ഈ റിപ്പോർട്ടിന്റെ ഗൌരവം പൂർണമായും ചോർത്തിക്കളയുന്നുവെന്ന് മാത്രമല്ല, ഇത്തരം പുനരുത്ഥാനവാദപരമായ സങ്കൽപ്പങ്ങൾ വഴി ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ സമഗ്രമായി ബാധിക്കുന്ന കൊളോണിയൽ ആധുനികവൽക്കരണമടക്കമുള്ള ചരിത്രപരമായ യാഥാർഥ്യപ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടാനും ഈ റിപ്പോർട്ട് ശ്രമിക്കുന്നു. അനിയന്ത്രിതമായ സ്വകാര്യവൽക്കരണമാണ് ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ അലങ്കോലമാക്കിയതെന്ന ശരിയായ കണ്ടെത്തൽ ചിലയിടങ്ങളിലെല്ലാം മുന്നോട്ടുവയ്ക്കുന്ന ഈ റിപ്പോർട്ട് ഇതിന് പരിഹാരമായി നിർദേശിക്കുന്നത് ഏറെക്കുറെ സമ്പൂർണമായ സ്വകാര്യവൽക്കരണം തന്നെയാണെന്നത് മുഴച്ചുനിൽക്കുന്ന വൈരുധ്യമാണ്. വിദ്യാഭ്യാസത്തെ രാഷ്ട്രനിർമാണത്തിനുള്ള ഉപാധിയായി കാണുന്നതിന് പകരം സാങ്കേതികവിദ്യയിലും അത് ഉപയോഗിക്കാനുള്ള ശേഷിയിലും വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഈ 'കരട് റിപ്പോർട്ട്' തളച്ചിടുന്നു. അതുകൊണ്ടു തന്നെ ഒരു നയപ്രഖ്യാപനരേഖയുടെ വിശാല ചക്രവാളത്തിലേക്ക് എത്തിനോക്കാൻപോലും ഈ റിപ്പോർട്ടിന് സാധിക്കുന്നില്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രധാന കാര്യപരിപാടിയായ പുത്തൻ അറിവിന്റെ ഉൽപ്പാദനത്തെ പൂർണമായി അവഗണിച്ചുകൊണ്ട് വിദേശ സർവകലാശാലകൾ തുടരണമെന്നുതന്നെയാണ് റിപ്പോർട്ട് വരികൾക്കിടയിലൂടെ നമ്മോടു പറയുന്നത്.

വിദ്യാഭ്യാസരംഗം നേരിടുന്ന മൌലിക



മായ പ്രശ്നങ്ങൾക്ക് ഇന്ത്യൻസാഹചര്യങ്ങൾ മൂർത്തമായി പഠിച്ച് പരിഹാരം തേടുന്നതിനു പകരം ആഗോള മാതൃകകളെ അന്ധമായി ഇറക്കുമതിചെയ്യാനുള്ള വ്യഗ്രത റിപ്പോർട്ടിൽ പ്രകടമാണ്. അതിനുമാത്രമായി നിരവധി സമിതികൾ രൂപീകരിക്കണമെന്ന മട്ടിലാണ് റിപ്പോർട്ടിലെ നിർദേശങ്ങൾ. അധ്യാപകരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനസുരക്ഷ, വിദ്യാർഥികളുടെ അവകാശങ്ങൾ, അക്കാദമിക് സ്വയംഭരണാവകാശം എന്നിങ്ങനെയുള്ള മർമപ്രധാനമായ കാര്യങ്ങളിൽ റിപ്പോർട്ട് ഒന്നുകിൽ മൌനം അവലംബിക്കുകയോ അല്ലെങ്കിൽ തീർത്തും പ്രതികൂലമായ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയോ ചെയ്യുന്നു. ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെക്കുറിച്ചും ചിലയിടങ്ങളിലെങ്കിലും സൂചിപ്പിക്കുന്ന ഈ റിപ്പോർട്ട് പക്ഷേ ഇത്തരം കാര്യങ്ങൾക്ക് സമഗ്രമായ പരിഹാരനിർദേശങ്ങൾ ഒന്നും മുന്നോട്ടുവയ്ക്കുന്നില്ലെന്ന് മാത്രമല്ല, റിപ്പോർട്ടിലെ ഭൂരിഭാഗം നിർദേശങ്ങളും ഈ മേഖലകളിൽ രാജ്യം നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ കടുപ്പിക്കാൻ മാത്രമേ ഉതകുകയുള്ളു.

1976ൽ അടിയന്തരാവസ്ഥയുടെ കാലത്താണ് നാൽപ്പത്തിരണ്ടാം ഭരണഘടനാഭേദഗതിപ്രകാരം വിദ്യാഭ്യാസത്തെ ഇന്ത്യൻ ഭരണഘടനയുടെ സ്റ്റേറ്റ് ലിസ്റ്റിൽനിന്ന് കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റിയത്. അന്നുതൊട്ടിങ്ങോട്ട് ഭരണഘടനയുടെ അടിസ്ഥാനതത്വമായ ഫെഡറലിസത്തെ അവഗണിച്ചുകൊണ്ടുള്ള നയപ്രഖ്യാപനങ്ങളും പരിഷ്കാരങ്ങളുമാണ് നിലവിൽവന്നുകൊണ്ടിരിക്കുന്നത്. നിർദേശാത്മകമായി തുടങ്ങി നിർബന്ധിതമായി മാറുന്ന രീതിയിലാണ് പല നയങ്ങളും വിഭാവനം ചെയ്യപ്പെടുന്നതുതന്നെ. ഉന്നതവിദ്യാഭ്യാസരംഗത്ത് കോളേജുകൾക്കും സർവകലാശാലകൾക്കും സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൌൺസിലുകൾക്കും സംസ്ഥാനസർക്കാരിനും യുജിസി അടക്കമുള്ള കേന്ദ്രതലസമിതികൾക്കും കേന്ദ്രസർക്കാരിനും അവയുടേതായ സുപ്രധാന ദൌത്യങ്ങൾ നിർവഹിക്കാനുണ്ട്. എന്നാൽ, അധികാരവികേന്ദ്രീകരണത്തെ അടിസ്ഥാന ദർശനമായി സ്വീകരിച്ചുകൊണ്ടും അക്കാദമിക് സ്വയംഭരണാവകാശത്തെ മാനിച്ചുകൊണ്ടും വേണം ഈ അധികാരസ്ഥാപനങ്ങളുടെ പാരസ്പര്യം നിർവചിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത്. എന്നാൽ, ഇതിന് നേർവിപരീത ദിശയിൽ കർക്കശമായ അധികാരകേന്ദ്രീകരണമാണ് ദേശീയവിദ്യാഭ്യാസനയം 2016 ലക്ഷ്യമിടുന്നതെന്ന് ഈ 'കരടും' ഇതുവരെ പുറത്തിറങ്ങിയ മറ്റ് അനുബന്ധരേഖകളും സാക്ഷ്യപ്പെടുത്തുന്നു. സർവകലാശാലകളുടെ അധികാരങ്ങൾ യുജിസിയെയും തത്തുല്യ സ്ഥാപനങ്ങളെയും നോക്കുകുത്തികളാക്കി നിർത്തി കവർന്നെടുക്കാനും അതുവഴി ഇന്ത്യയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെ തങ്ങളുടെ കാര്യപരിപാടികൾ നടപ്പാക്കുന്ന ശിങ്കിടിസ്ഥാപനങ്ങളാക്കി മാറ്റിയെടുക്കാനും കേന്ദ്ര മാനവവിഭവശേഷിമന്ത്രാലയം നടത്തുന്ന നിരവധി ശ്രമങ്ങളിൽ ഒന്നുമാത്രമായി ചുരുങ്ങുന്നു ദേശീയവിദ്യാഭ്യാസനയം 2016.



# Social Transformation and the Academician

## An Interview with JNUSU President Kanhaiya Kumar

Tiintu K J, Malavika Binny





We met Kanhaiya in the lobby of his hostel in JNU at mid-noon, a time which is famed for siestas on the campus.Wearing a faded brown T-shirt and jeans, he came quite sleep-deprived from the protest meeting which took place last night (and went on till 2 am). After a while, he warmed up and started answering the questions with gusto. He asked us whether he can answer the questions in Hindi, a language which he was more comfortable with than English. We replied that he could answer in any language he feels comfortable in,but we would be asking the question in English as our Hindi was not perfect. Realizing that we were not fluent in Hindi, he started answering in English, re-emphasising certain points which he thought would be better answered in Hindi. And that's Kanhaiya for you, someone who will speak to you at your level and put you at comfort; someone who is quite willing to put himself at risk or discomfort so that you will not be perturbed. He exudes the same kind of infectious enthusiasm in his personal conversations as in his public speeches.In a conversation which saw sparks of his fiery oratory to lighter moments and some rather deep theoretical insights,Kanhaiya spoke to us of his dreams, his political ideas and his struggles...

**Q: Here in JNU we have the culture of not separating academics and politics; our academic interests are entwined with our political interests. So, could you also share with us some of your academic interests?**

**Kanhaiya:** Actually, I have struggled a lot to continue my studies because I belong to a very poor family. In India, it is very hard for the poor to get an opportunity to study, especially in schools with proper facilities. Throughout my life so far, I have done my studies in public funded universities and institutions. So, when I was in school, I was a bit good in my studies. So, after my X standard, my father and my family decided that I should try for engineering. So, in XI standard, I took Maths, Physics, Chemistry, English and Hindi and after completing my Plus two, I decided that I can't be an engineer. So, I thought that I should try for UPSC. I went on to study BA Honours with Geography, Sociology and History. So, there was a shift from science to humanities, because of the career perspective. Humanities is my area of interest and comfort. During the period of graduation, I read many books on theory such as those on Marxism, Buddhism and Gandhism. So, I thought Political Science or Sociology would be good for me. So I decided I will continue with Sociology as I had not studied Political Science earlier. I have completed my Masters in Sociology and for M Phil, I joined JNU and my topic was 'Social Transformation in Senegal' and now I am working on 'Social Transformation in South Africa'. My focus ison Social transformation in the light of new technological revolution, STR (Scientific Technological Revolution), ICR (Information and Communication Revolution) and restructuring of capital in the light of these. The questions I deal with are: how society transforms in the light of neo-liberalism, what the role of STR and ICR is, how the structure and function of the society changes and the kind of results we find, and whether these changes are positive or negative.



**Q: There is an argument or rather a claim that'JNU is an island' because of our extreme sensitivity to gender and caste issues, the kind of liberty we have here and the culture of democratic debate and so on. But after the February 9th incident,we also realised that it is not so much an island. Adding to this,the way that the JNU issue has been blown out of proportions and the way in which the doctored footage is being used in places like Gujarat is a clear indication that it is no longer an island. In Kerala, for instance theSangh-Parivar is on a rampage to incite the masses using the JNU issue especially with the state elections close at hand.**

**Kanhaiya:** I have never thought of JNU as an island. Actually, JNU is a symbol. What kind of symbol is JNU? First, politically JNU is left dominated. Second, in JNU, we talk about subaltern politics like the rights of minorities, Dalits, adivasis, women and we take a very different position especially countering the mainstream political views. We talk constantly about alternative politics. So, it is very difficult to communicate with the common people of this country. JNU is not an island; we talk about the

contradictions of Indian society and contradictions of world as a whole. But, the point is our terminology is not very common and understood by the common people. Actually we seldom think about the political imagination of the ordinary people in this country and how to get across our points to them. We always talk in terms of very cliched academic jargons. But we see all kinds of contradictions in JNU too that we may find in the larger society, though maybe, to a lesser degree. So, this is a very wrong perception that JNU is an island when we always talk about the mainstream society. There is a communication gap between JNU-ites and the common people of this nation. I will sharesome examples with you. In JNU too, all political parties use caste card which is very common in the mainstream politics as well.There is a strong under-current ofSouth India versus North India; there is a debate about cultural hegemony. Sometimes South Indians claim that the menus in the hostel mess is exclusively North Indian and there is no representation of their cuisine in it and it is true!So, there is a very real fight for their own identities. Thirdly, very importantly, yes, JNU is very pro-gender and we talk about gender justice and social justice, we have institutions like GS-CASH and we take it quite seriously. But, there are also many reports about the sexual harassment and abuses even in JNU. The positive aspect is that cases are being reported, that's very important. Some journalists asked me – 'Why do you have sexual harassment cases in JNU if it is such a progressive space as you claim? I told them, "for your kind information, Kerala is the most literate state in the country and highest cases about sexual harassment is registered in Kerala. Does it mean that literacy amounts to sexual harassment?Absolutely not! It's about educated people taking a more progressive stand towards sexual harassment and reporting instances of the same. Reporting is directly connected to literacy and education and about the awareness of the people about their rights. So, yes, we have a better institution, we have many facilities, we are a wonderful example of public funded institution of this country, but all kinds of social contradictions also exist in this campus. So, I don't think JNU is an island.

**Q: You have vociferously emphasised that about the Red has to stand with the Blue or that Jai Bhim has to go hand-in -hand with Lal Salam to fight against the Saffron. But, in terms of real politics how will this convergence actually take place?**

**Kanhaiya:** I will answer with a very simple example. Unfortunately, we Indiansare not very bothered about history. If we visit history, there are a lot of interesting political examples. First, there are only two political parties they have never joined hands with the BJP that have never made an alliance with BJP, one is the Congress and the other is RJD. Most of thepolitical parties directly or indirectly havemade alliance with Jan Sangh or BJP. So, why do we have such a situation? Firstly,the ideological position of a party is very blurred in Indian politics. Secondly, there is a tendency of 'tekedari'( tekedar refers to contractors or middlemen who provide labour and material for construction projects ), that 'I am the member of Communist Party, so I am the tekedar of Communist politics; I am the member of an Ambedkarite party, so I am the tekedar of Ambedkarite politics.'But, actually such a division should not exist in Indian society. We should think of the larger agenda and commonalities.

We need to question why issues of caste, community, social justice and gender are alwaysin the periphery not in the centre of the politics. Secondly, when we talkabout unity, we also have to remember about the objective condition in our society. It is interesting to analysehow BJPis operating.They have made an alliance with Akali Dal. Akali Dal is an absolute pro-Sikh party and they have always separated themselves from the Hindu religion. How the Hindutva party makes alliance with Akali Dal is an example. Second, PDP which have always raised slogans for the azadi of Kashmir and which has functioned as a kind of separatist party is also an ally of BJP. So, the so-called nationalist political party has made an alliance with PDP. What is happening in Chhattisgarh and Jharkhand? The Naxalbari(Maoist) movement is very strong in Chhattisgarh and Jharkhand. But, BJP is in power in these states. After the formation of new states Chhattisgarh and Jharkhand,the first government that came to power was a BJP government. The movement in Jharkhand is led by the leftist, communist and the Maoist people. So, how the ruling party are not able to capture the state of the political urgency of the common people; this is an interesting question.

As research scholars we have to realize that what we talk in seminars and in academics- that doesn't work in the elections. Because in a sense, we are also very sectarian, we are not ready to understand the basic problems of the common people, we have kind of rigidness, and we do not give importance to the social transformation. So these days, after coming from Tihar jail, I am not searching about the difference between Ambedkar and Gandhi and I am not analysing the the differences between Marx and Ambedkar. Rather, I am searching about where Ambedkar and Gandhi are similar, I am searching about where Marx and Ambedkar are similar, and this is very interesting area. We find so many places where Ambedkar is very much close to Gandhi and vice versa. We will find so many placeswhere Gandhi and Bhagat Singh are very close to each other. What is Gandhi saying? Gandhi is saying in 1922. He emphasizes on Ahimsa and truth in the Non Cooperation movement, even to the extent that he withdrew the entire movement

after the ChauriChaura incident. In 1942, Gandhi taking into concern the urgency of the historical context says Gandhi, "KaroYaMaro". So Gandhi was being like Bhagat Singh at this moment. What is Bhagat Singh saying? Bhagat Singh advocated the idea of Bomb kaDarshan(the vision of the bomb). And when he was in jail, what did he say? He said that the revolution cannot be brought by the bomb or the pistol. (Bomb pistol kabhiInquilabnahinlata) so, Bhagat Singh is being Gandhi at this moment. So, on many occasions, Gandhi is being Bhagat Singh and Bhagat Singh is being Gandhi. We have to understand the political journey of many political theorists.

If we visit Ambedkar, yes, there was a strong debate between Gandhi and Ambedkar. But, they have shared so many struggles for the rights of workers in Mumbai, they have shared many platforms. Very interestingly when Ambedkar made a party, the name of the party was Labour party and not Dalit party. And what has Ambedkar said, "We have two enemies - one is Brahmanism and the second is capitalism." It is high time to understand the relation between class and caste. How caste work as a class in the society and how class emergeswithin the caste system. It is also important to understand this in the backdrop of the current situation when we are faced with the threat of fascism.Fascism is an important tool to divide the people. If you want to counter fascism, you have to unite the people. What happened in Haryana, there was no question of religion, and the outrage came from the caste not on the basis of religion. What is happening in Orissa, they are targeting Christians not Muslims. So, fascism always operates on the basis of dividing people. In India, what unifies us is also our weakness. Diversity is our strength, at the same time diversity is our challenge. If we will not counter fascism, if we will not forge a minimum unity on the basis of a minimum common programme, we cannot counter fascism. No one can be a 100 per cent supporter of anyone else. So, why do we expect that there should be 100 per cent similarity between Gandhi and Ambedkar. Why we expect that there should be 100 per cent similarity between Gandhi and Marx. So, this is high time to revisit the cultural imagination of common people in this country .We have to address that contradictions in their own terminologies. Otherwise, we cannot counter the fascist teachings. That is why we are talking about the unity of blue and red with the respect of all kinds of differences.

**Q: Back to the question of fascism, a lot of scholars including AmartyaSen and lot of scholars from our own University and other Universities have talked about the inherent nature of multiplicity of identity that Indians have. But, what we are witnessing today isthat everything is being subsumed under one's religious or caste based identity. So, can we sort of think of this phenomenon in terms of a projection of homogenisation which from above or from external elements?**

**Kanhaiya:** I don't think that it is religion which is subsuming other identities. They are subsuming or reducing the identity which is not religious,I call it one's communal and nor religious. Religion is a very broad term and there is a difference between religion and commu-





nalism. If you are a religious person, it doesn't mean that you are a communal person. When we use religion as a political tool to achieve some political and economic agenda - that is communalism. Actually, BJP is not doing anything for the promotion of the Hindu religion. They are just using Hindu religion as their political tool, which is Hindutva. So, religion as a religious ideology is one thing and religion as a political ideology is another thing. When we say Ram Ram, this is religious practice. And when we say Jai Sri Ram MandirVahiBanayenge, this is kind of political agenda. So, we have to counter the idea of communalism and religion as the same thing. We have to delineate this argument. And in India there is no need to counter religion in this juncture because; the society is already being non-religious. The new generation do not always follow religious traditions, they are quitting, already they are quitting. So, religion is not our worry, but communalism is. So, we have to counter the idea of communalism, the misuse of religion for the political and the economic ambitions of certain political outfits.

**Q: We had talked about the space of the public university, but we also need to talk about the significance of the public university.It is only within the public university that we can have a political discussion and a political movement where the student are not only politically conscious but also actively involved in changing the political climate of the nation because in a private university you are sort of caught up in a vicious circle of debts repaying your educational loans and every discussion is weighed out in terms of 'investment and returns'.**


**Kanhaiya:** I will give you very interesting findings that I have found in my research. Why are Communist parties not strong in India and other countries? It is not because of the failure of one person or two or because of bureaucracy. This is a structural problem. That is why communist movements became weak not only in India but also the world. What was the base of the Communist movement? The base was the industrial society. After the Industrial Revolution, there was a huge concentration of labourers in factories. What happened due tothe Technological Revolution? The disintegration of the production system was one of its results. The huge mass production destabilised the traditional system and a new kind of production system was established in the industrial field. Now, production is happening in the rooms with automised workshops. So, the trade union movement has become weaker. So, that affected the communist movement. So, what is happening now? There is a large unorganised sector in India, not only in India everywhere, in China also. So, where is the possibility of mass movement? That is public funded universities. There are students -8000, or 10,000 living together in universities, not only students. If we add the number of Karmacharis(the manual labourers) and teachers to this, the number reaches to 50000, 35000 or in some universities about 1 lakh. So, this is a huge mass of people.This is an ideal venue for revolution and it will be a revolution in an organised manner and the movement will have an international impact. So, the old pattern of movement is being destroyed and the new possibilities are public funded universities. How do we compare public funded and private funded universities? In private universities you cannot do anything, because of high fees, because of disciplinary actions and so on. They have already declared that the students have no right to make unions. There is no political activity. There is no co-curricular activity. In the name of extra activity, they only do fresher party and farewell party. But, don't think that private universities will not become/work as a battle ground in the future. That tendency is also emerging. We have to look at advanced




countries or the advanced societies to understand this trend. What is happening in Europe and America? The private universities are the centre of movements; because of the economic disparity, because of dissatisfaction, because of the exploitation by the management, because of high fees. Students are the energy and students have potentialbecause in a sense, they are the organised force in the society. They live together; hundreds and hundreds of students live together and they are the younger generation, they have new ideas, they can think like a revolutionary. That is why all kinds of governments especially the fascist governments categorically attack public funded universities and also private universities in the developed countries.When you visit any industrial area, we cannot find a single factory, where you have a concentration of 50,000 labourers. All kinds of production units have been decentralised. We have assembly-line production now where one element of a product is produced here and another element produced somewhere else. The maximum concentration is around 100 in a place. So, the possibility of unionising is not there. So, universities will be the avenues of protests in these days. This is the emerging trend.

**Q: We always talk about the larger left unity and about the common minimum programme. But, in terms of the real agenda of the common minimum programme what would it mean?**

**Kanhaiya:** See, there is a very interesting political problem in our political thought- to categorise the political force in our country. When we use categories such as Left, Right,and Centre; it is very difficult to put a political party under a particular category. Because, we have talked about having multiple identities. So, I am a member of the Communist party, but I still talk about Gandhi. So in India, it is very difficult, very complex to establish a categorisation like in Europe. One simply cannot make it. So, first of all, I reject the idea of left, right and centre on the basis of political parties. I accepted it as a political force, but not as apolitical party. When we talk about it as a political force, those who are against the establishments, they are considered to be Left and what are the establishments in our society?Patriarchy is an establishment; caste is the establishment and economic disparity is an estab-




lishment. Against these establishments, all those who are fighting, those political parties- all of them are left. And secondly, those who have a kind of, yes patriarchy kambhihonachahiye, lekinpura modernity bhinahihonachahiye, (we need to reduce patriarchy, but we cannot be completely 'modern'), we can call them as a centrist force. Thirdly there are right forces,they directly support the idea of patriarchy that force is right force. So I always say that if everything is not right so go left. So the establishment is not properly working in the society, we have to be against establishments. If you are standing against establishment, you are left. If a corporate job holder fights against his boss on account of injustice, he or she is left. That is the kind of understanding we ought to have. We have to broaden our understanding about political categorisation. And we have to choose some new terminologies to address the political and social problems. So, the old categorisation does not work. This is my understanding. Second, being a member of communist party isone thing, and being a leftist is another thing. If you are a member of the communist party you are leftist; but if you are a leftist you may or may not be a member of communist party. This is the kind of understanding that we need and by we, I refer to Ambedkarites, Marxistsand all the progressive democratic people; all are part of the larger left. So, when I talk about the left unity, it does not mean I only talk about the unity of communist parties, because it is very difficult. When the party divided in many parts what happened and what were the reasons? Because of the lack of political understanding, what kind of society, are we living in? That was the problem not only in India, but a problem which plagued all third world countries. A capitalist country like Canada is better than leftist ruled nations, why? Because we have left the core of Marxism! Marx had said that the advancement of capitalist system will bring or establish the background for socialism. And what did Lenin say? He said that democracy is indispensible to socialism. Yes, we did in India, we made the first Communist government in Kerala, but today we are losing everywhere! So, it is a very critical question in front of all leftists and communist leaders and still if we are ready to accept criticism, we will be able to do many things because people always desire change, and are looking for alternatives because they are facing many problems. If we will understand the problems of the toiling masses and we will communicate to them with confidence with a 'yes, we can do' attitude, we can make the government (win elections). But what did we do? We always behave like opposition. We got the chance once- JyotiBasu had a chance be the Prime Minister! At leastpure deshkelogomkopathachalthaheinki communist PradhanMantrikaisekamkarthahein. (At least, people would have known how a Communist Prime Minister would have worked!)I am not getting into the entire theoretical debate. Precisely in one line, if I talk about the unity of left, I am not talking only of the unity of communist parties; I am talking about the unity of left forces.

**Q: Something I have been noticing in your speeches is the sensitivity towards gender and not just gender in terms of male andfemale but you have also been talking about transgenders especially in your Women's Day speech. That is the indeed one**

**of the sections which is most marginalised of all.**

**Kanhaiya:** See, the time is precisely ready for a battle - the battle or fight of inclusion. If we are doing the politics of inclusion, we have to think about from one individual to a small community to society. This is the time to battle between hum koyaadkarnaheinaurdoosralogomkehtaheinkibhooljao(we are trying to remember while other are asking us to forget/ignore!). We have to talk about all the communities. When we talk about gender there is not only male and female. There are people who are neither male nor female. So we have to talk about them also. According to politicians today, everything is for vote bank politics, number politics. By this number politics, we cannot make our society more democratic. If we want to establish a very democratic society, we have to talk about each and every individual, each and every gender and each and every community, each and every caste, each and every identity. That is what I try to do through my speeches and I try to communicate the same with others. Sometimes I think that why only Bharat mataki jai. Yes, I will say Bharat matakijai, I have no issues with it. But I will also say Bharat ke pita ki jai, bharatkebhaiki jai, bharatkebahanki jai, bharatke transgender ki jai and so on.That is why I time and again put forth my firm belief in the Indian Constitution.

Let's remember what Nehru has said in a public meeting when people were shouting Bharat mata. He asked them, "Who is this Bharat Mata?" They were confusedand did not reply.Nehru told them, " You are the Bharat mata.You who make up the people of India, you – yourself are Bharat Mata!" When we read the Preamble to the Constitution, it says, "We, the people of India". If 'we' are the people of India, a transgender is also a part of India; they are also the part of the society. Women, men - all are the part of the society. So, the idea of people is very important.and when




we talk about democracy, we have to talk about all people. I have no hatred against anyone, even RSS or Modi. I have said this so many times. If any BJPor RSS leader will be framed or accused and if they are given capital punishment, I will fight against that also. So, that kind of positive agenda we have to circulate among the people.

**Q: One of your greatest strengths is the positive energy that you have been exuding throughout! When you came back from jail there was no negativity associated with your speech, but I was also thinking that jail was not so much a pleasant experience for you either in spite of your approach towards the whole experience.**

**Kanaiya:** Of course, it was not. But, I am habituated to that kind of exploitation in my life. If I let that sadness rule over me, I will become a reactionary. I don't want to be that kind of reactionary. It is a conscious attitude that I have chosen (to be positive). Buddhism, not as a religion, but as a political thought and philosophy is a very interesting and very powerful tool in Indian society. Because I am a student of social transformation, I know that society transforms gradually, not suddenly. So we have to contribute as a transforming force nothing more than that. So, so many people asked me if I will be a politician, whether I will join any political party, I always reply to them, "I am not a politician, I am a student, I am a research scholar, I am working for that. Along with that I am a politically conscious person. So, I react politically, I will do political action". Let's see.

**Q: It also a juvenile question to ask you whether you will join politics because you are already very political .It shows they don't understand what being political is.**

**Kanhaiya:** Actually, you know it depends also on the person you are interacting with ,their ideas,their perspectives.You cannot expect everyone to have the understanding of a research scholar and of course sometimes you have to deal with questions which have vested interests lurking behind them.





(Kanhaiya laughs)This question comes from thatkind of particular idea. When I visited Rahul Gandhi, some people started thinking that I am going to join Congress and if I meet some other leader, they will start speculating again!

**Q: There are lot of definitions for nationalism and one need not stick on to any one particular definition. You also mentioned in your speech that the we are limited by the constraints of our academic disciplines, and that we need to go and tell the masses that there are so many images and imageries and ways in which nationalism can be represented and refracted.**

**Kanaiya:** I got your point. I will give a very interesting example. For me the general coach of Indian railways train is the best example of nationalism. For me, serving idli and dosa as a counter-measure to serving burger and pizza- is nationalism. For me, talking about the indigenous things in our country and doing something to save it - that is nationalism. Actually there is an interesting contradiction when we talk about nationalism; the so called nationalist party blindly supports the idea of neo-liberalism. And what is the history of neoliberalism? Neoliberalism is propagated by the trio - World Bank, IMF and WTO to abolish the idea of welfare state. After the Marshall plan was introduced, they have adopted the idea of welfare state especially in Europe to stop the idea of socialist state. Then they destroyed USSR. USSR itself was also responsible for that, I am not telling America just came and destroyed USSR, no, it is not like that. There were problems of relations in production and obsolete technology and so on. I am not going to that in detail.

If there is no threat, there will be no enemy,then- howwill the trade of arms and war continue?So, they made a new enemy, Islam. The idea of 'Clash of Civilizations' given by Huntington, Islamophobia was invented! They got a soft and easy target or enemy to mobilise people. What was the slogan given by Bush? It is rather interesting!First George Bush said US versus Islam. Then Bush said West versus Islam, then he said Rest versus islam. Then he said, those who are not with us, they are with them. So this is the kind of nationalism we are facing now, even here! Those who are not with Modi, they are antinational! If we really want to visit the idea of nationalism which was developed during the freedom movement, that idea is about the people,the rights of people, the choices of people, the identities of people, the problems of people, diversity of people and so on. For me, nationalism in India is very diverse. One particular identity cannot be the symbol of nationalism in India, because India is a nation of nations. There are so many types of Hindus themselves. You cannot make a single identity for even Hindu. There are Hindus who have nonvegetarian food. There are Hindus those who don't have non vegetarian food, not even onions. They believe that onion is a non-veg item because it used in non-vegetarian dishes.So Hinduism itself has so may practices associate with it.So India is a very diverse country. For me Indian nationalism is 'diverse nationalism'. We cannot borrow it from the European version of nationalism of one nation, one party, one identity, one leader- we simply cannot borrow it! If we analyseit in the light of neoliberalism, we have to preserve local identities, preserve the identity of folk culture, folk traditions, folk dishes. So, for me, as I told you, Indian railway is the most nationalist form of this country, especially the general coach of the train. For me, in Bihar, if we fight for lassi against Coca-Cola, that is nationalism. In Kerala, if we save coconut water to counter Pepsi, that is nationalism. So, nationalism for me is totally based on the basic rights of the common people of this country.

**Q: Thank you for spending about an hour with us especially as you are quite caught up in the protests. All the best for your future academic and political endeavours!**

**Kanhaiya:** Please do not thank me; all of us are doing our own part in trying to bring about a change!

ഡോ. സന്തോഷ് വള്ളിക്കാട്
എൻഎസ്എസ് കോളജ്, മഞ്ചേരി



# പ്രതിഭയുടെ മുണ്ടശ്ശേരിത്തിളക്കം

കേരളത്തിന്റെ സാഹിത്യ-വിദ്യാഭ്യാസ-രാഷ്ട്രീയ- സാംസകാരിക മണ്ഡലങ്ങളിൽ അധ്യാപകൻ, നിരൂപകൻ, മന്ത്രി, വൈസ് ചാൻസലർ എന്നീ നിലകളിൽ നിറഞ്ഞുനിന്ന അസാമാന്യമായ പ്രതിഭാശാലിയായിരുന്നു ജോസഫ് മുണ്ടശ്ശേരി. 1903 ജൂലൈ 17ന് തൃശൂരിലെ കണ്ടശാംകടവിൽ ഒരു യാഥാസ്ഥിതിക കത്തോലിക്ക കുടുംബത്തിൽ വടക്കേത്തല മുണ്ടശ്ശേരി കുഞ്ഞുവറീതിന്റേയും ഇളച്ചാരുടേയും മകനായി ജനിച്ച അദ്ദേഹം അരനൂറ്റാണ്ടിന്റെ സാമൂഹിക ജീവിതത്തിൽ കൈരളിയുടെ മനസ്സ് തൊട്ടറിഞ്ഞ് നിരവധി അമൂല്യ സംഭാവനകൾ നൽകി 1977 ഒക്ടോബർ 25 ന് അന്തരിച്ചു.ഊർജ്ജതന്ത്രത്തിൽ ബിരുദം സമ്പാദിച്ചശേഷം കുറച്ചു കാലം ഹൈസ്കൂൾ അധ്യാപകനായിരുന്നു. തൃശൂർ സെന്റ്തോമസ് കോളേജിൽ ഫിസിക്സ് ഡമോൺ സ്ട്രേറ്ററായിരിക്കെ മലയാളം സംസ്കൃതം എന്നീ ഭാഷകളിൽ ബിരുദാനന്തര ബിരുദം നേടി. പിന്നീട് തൃശൂർ സെന്റ്തോമസ് കോളേജിൽ പൗരസത്യ ഭാഷാവിഭാഗം തലവനായി ജോലി നോക്കി. 1952 ൽ കത്തോലിക്കാ സഭയുടെ അപ്രീതിയ്ക്ക് പാത്രമായി ജോലി ഉപേക്ഷിച്ചു.

1936 ൽ മദ്രാസ് സർവ്വകലാശാലയുടെ പരീക്ഷ ബോർഡ് അംഗം, 1957 ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രി, 1972 ൽ രൂപീകരിച്ച കൊച്ചിൻ സർവ്വകലാശാലയുടെ പ്രഥമ വൈസ്ചാൻസ്ലർ തുടങ്ങിയ നിലകളിൽ മുണ്ടശ്ശേരി തന്റെ കഴിവും പ്രാവീണ്യവും തെളിയിച്ചു. 1970 ൽ കേരള സാഹിത്യ അക്കാദമിയുടെ ഫെലോഷിപ്പ് നേടി. 1948 ൽ മുണ്ടശ്ശേരി കൊച്ചി നിയമസഭയിൽ അർത്തുക്കരയിൽ നിന്ന് അംഗമായിരുന്നു. 1954 ൽ ചേർപ്പിൽ നിന്ന് തിരു കൊച്ചി നിയമസഭയിലേക്ക് ഇടതുപക്ഷ പിന്തുണയോടെ മത്സരിച്ച് ജയിച്ചു. 1657ൽ മണലൂരിൽ നിന്നാണ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

സമസ്ത കേരള സാഹിത്യപരിഷത്തിന്റേയും പുരോഗമന സാഹിത്യ സംഘടനയുടെയും പ്രസിഡന്റായി അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. 1940 കളിലെ പുരോഗമന സാഹിത്യ പ്രസ്ഥാനം അതിന്റെ സ്ഥാപനത്തിലും നിലനില്പിലും കടപ്പെട്ടിരിക്കുന്നത് മുണ്ടശ്ശേരിയോടാണ്. 1956 മുതൽ 1967 വരെ കേരള സാഹിത്യപരിഷത്തിന്റെ അധ്യക്ഷനായിരുന്നു. കേരള സാഹിത്യ അക്കാദമിയുടെ സ്ഥാപകാംഗമായിരുന്ന അദ്ദേഹം കേരള സംഗീത നാടക അക്കാദമി രൂപീകരണത്തിലും പ്രധാന പങ്കുവഹിച്ചു. കേന്ദ്ര സഹിത്യ അക്കാദമി അംഗവും ആയിരുന്നു



അദ്ദേഹം. തുഞ്ചത്ത് എഴുത്തച്ഛൻ, കുമാരനാശാൻ, കണ്ടത്തിൽ വർഗീസ് മാപ്പിള എന്നിവരുടെ സ്മാരകങ്ങൾ നിർമ്മിക്കാൻ മുൻകൈ എടുത്തുപ്രവർത്തിച്ചു. കേരള സംസ്ഥാനത്തെ ആസൂത്രണ ബോർഡിന്റെ അംഗമെന്ന നിലയിലും അദ്ദേഹം സുത്യർഹ സേവനങ്ങൽ അനുഷ്ഠിച്ചു.

തൃശൂരിലെ സഹകരണ കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന കാലത്ത് സഹകരണ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലും അദ്ദേഹം പ്രവർത്തിച്ചു. സഹകരണ ബോധിനിയുടെ പത്രാധിപത്യവും ചെയർമാൻ സ്ഥാനവും ഏറ്റെടുത്തു. കേരള സർവ്വകലാശാല, തിരുവിതാംകൂർ സർവ്വകലാശാല, മദ്രാസ് സർവ്വകലാശാല എന്നിവയിൽ സെനറ്റ് അംഗമായിരുന്നു. മദ്രാസ് ഗവൺമെന്റിന്റെ മലയാള പഠന വിഭാഗം ചെയർമാനായും പ്രവർത്തിച്ചു. കൊച്ചി രാജാവ് 'സാഹിത്യകുശലൻ' എന്ന ബഹുമതി നൽകി ആദരിക്കുകയുണ്ടായി. 1974ൽ സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ് നേടി.

മലയാള സാഹിത്യ വിമർശനത്തിന് പാശ്ചാത്യ പൗരസ്ത്യ വിമർശന സിദ്ധാന്തങ്ങളെ സമന്വയിപ്പിച്ച് പുതിയൊരു ദിശാബോധം സൃഷ്ടിക്കാൻ ജോസഫ്



മുണ്ടശ്ശേരിക്ക് കഴിഞ്ഞു. സാഹിത്യത്തെ സാമൂഹിക ജീവിതാനുഭവങ്ങളുടെ ഉരക്കല്ലിൽ പരിശോധിച്ച് വിലയിരുത്തുന്ന നിരൂപണ സമ്പ്രദായം പിൻതുടർന്നായിരുന്നു മുണ്ടശ്ശേരി വിമർശക സാഹിത്യകാരന്മാരുടെ പട്ടികയിൽ സജീവ സാന്നിദ്ധ്യമായിമാറിയത്.

1928 ൽ പ്രസിദ്ധീകരിച്ച 'ചിന്താമാധുരി'എന്ന കവിതാ സമാഹാരമാണ് പ്രസിദ്ധീകരിക്കപ്പെടുന്ന മുണ്ടശ്ശേരിയുടെ ആദ്യ കൃതി. സഫലമാകാത്ത പ്രണയവും പ്രണയത്തിന്റെ കളികൂട്ടുകാരിയായ കവിതയും മുണ്ടശ്ശേരിയുടെ കൗമാര യൗവ്വനത്തെ തീക്ഷണമാക്കിയ അനുഭവമായിരുന്നു. ഒരു മാധുര്യമുള്ള ചിന്തയാണിതെന്ന് വള്ളത്തോൾ അവതാരികയിൽ കുറിച്ചിട്ടു. സർഗ്ഗാത്മക സാഹിത്യത്തിന് അസാധാരണമായി തോന്നാത്ത സമ്മാനം (1943) കടാക്ഷം (1944) ഇല്ലാപോലീസ് (1947) തുടങ്ങിയ മുപ്പതോളം കഥകളായിരുന്നു മുണ്ടശ്ശേരിയുടെ മറ്റൊരു സാഹിത്യ സംഭാവന. 'ചൈന മുന്നോട്ട്' എന്ന യാത്രവിവരണവും പ്രൊഫസർ, കൊന്തയിൽ നിന്ന് കുരിശിലേക്ക്, പാറപ്പുറത്ത് വിത്ച്ച വിത്ത് തുടങ്ങിയ നോവലുകളും ഇദ്ദേഹത്തിന്റെ രചനാരീതിയുടെ പ്രത്യേകതകൾ അനാവരണം ചെയ്യുന്നതാണ്.

സാഹിത്യ നിരൂപണത്തെ ഒരു സർഗ്ഗാത്മക കലയാക്കി ഉയർത്തിയത് മുണ്ടശ്ശേരിയാണ്. പൗരസത്യചിന്താപദ്ധതിയനുസരിച്ച് കൃതികളെ വിലയിരുത്തുന്ന തനതു രീതിയിൽ നിന്ന് പാശ്ചാത്യ പൗരസത്യ സിദ്ധാന്തങ്ങളെ സമന്വയിപ്പിച്ച് മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന്റെ അടിത്തറയായ സാമൂഹിക വീക്ഷണം ഉൾപ്പെടുത്തി വിമർശന പദ്ധതിക്ക് പുതുജീവൻ നൽകി. കാളിദാസന്റേയും ഭാസന്റേയും കൃതികളെ വിശകലനം ചെയ്ത പഠനങ്ങൾ (മാനദണ്ഡം) ഇത്തരത്തിൽ ശ്രദ്ധേയങ്ങളാണ്. വിവിധ പാരമ്പര്യങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും യുക്തിസഹമായ സമന്വയം കൊണ്ട് സവിശേഷമായൊരു രചനാരീതി കൈവരിക്കാൻ മുണ്ടശ്ശേരിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരേസമയം പാശ്ചാത്യ പൗരസത്യ പാരമ്പര്യങ്ങളെയും, ക്ലാസിക് പുരോഗമന പ്രസ്ഥാനങ്ങളേയും കൂട്ടിയോജിപ്പിക്കുന്ന കമ്മ്യൂണിസറ്റ് കരാനായ ക്രിസ്ത്യാനി എന്ന വിശേഷണമാണ് അദ്ദേഹത്തിന് ഏറെ ചേരുന്നത്. ഈ സിദ്ധാന്ത സമന്വയത്തിന്റെ അടിത്തറയായ ഗ്രന്ഥമാണ് കാവ്യപീഠിക. കുമാരനാശാന്റെ കവിതകളെ മലയാളത്തിന് തുറന്നുകാട്ടി കൊടുത്ത് അതിന്റെ സാമൂഹിക പരിപ്രക്ഷ്യം പരിശോധനയക്ക് വിധേയമാക്കിയതും (മനുഷ്യ കഥാനുഗായികൾ) മുണ്ടശ്ശേരിയായിരുന്നു. ആധുനിക കവിത്രയത്തെ താരതമ്യ വിധേയമാക്കിക്കൊണ്ട് നടത്തിയ പഠനം നിരുപണ ഗ്രന്ഥങ്ങളുടെ ആണിക്കല്ലാണ്. ചങ്ങമ്പുഴ, വയലാർ, ഒ.എൻ.വി. തുടങ്ങിയവരുടെ കവിതകളെ പുതുഭാവകത്വ വിശകലനത്തിനു വിധേയമാക്കി അദ്ദേഹം. സുകുമാർ അഴീക്കോടിന്റെ ശങ്കരക്കുറപ്പ് വിമർശിക്കപ്പെടുന്നു എന്ന പുസ്തകത്തിന് മംഗളോദയത്തിൽ മുണ്ടശ്ശേരി എഴുതിയ വിമർശനം എഴുത്തുകാരനെ പ്രോത്സാഹിപ്പിക്കുന്നതിലും രചനയുടെ നിലപാടുകളിലെ സുവ്യക്തതകൾ വിശകലനം ചെയ്യുന്നതിലും അദ്ദേഹം കാണിച്ച ചാതുര്യം വ്യക്തമാക്കുന്നു. രൂപഭദ്രതാവാദത്തിലൂടെ മലയാള സാഹിത്യ വിമർശനത്തിന് പുതിയൊരു പാത തീർക്കുകയും ചെയ്തു അദ്ദേഹം. 'വായന ശാലയിൽ' എന്ന പുസ്തക പരമ്പരയുടെ നാല് ഭാഗങ്ങളിലൂടെ ഗ്രന്ഥ നിരുപണം എങ്ങനെയായിരിക്കണമെന്ന് അദ്ദേഹം സാഹിത്യ ലോകത്തിന് കാട്ടിക്കൊടുത്തു.

സാഹിത്യ ചിന്തയുടെയും നിരുപണത്തിന്റെയും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെയും രംഗങ്ങളിൽ യാഥാസ്ഥിതിക ചിന്തകളോടാണ് അദ്ദേഹത്തിന് ഏറ്റുമുട്ടേണ്ടി വന്നത്.ഒറ്റനോട്ടത്തിൽ കാലത്തിന്റെ കണ്ണാടി , പുതിയ കാഴ്ച്ചപ്പാടിൽ തുടങ്ങിയ നൂതന വിമർശന സരണിക്ക് വഴിയൊരുക്കിയ ഗ്രന്ഥങ്ങൾ പിറന്നു വീണത് അങ്ങനെയാണ്. കേസരി ബാലകൃഷ്ണ പിള്ള, എം.പി. പോൾ, ജോസഫ് മുണ്ടശ്ശേരി എന്ന മലയാളത്തിന്റെ സാഹിത്യ വിമർശകത്രയങ്ങൾ പിറവിയെടുത്തതും ഈ പശ്ചാത്തലത്തിലാണ്. കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാരും പുരോഗമന സാഹിത്യകാരൻമാരും തമ്മിലുള്ള ആശയ സമരം ഇത്തരം ആശയഗതികൾ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇതിൽ മുണ്ടശ്ശേരിയിലെ

നിരുപകൻ എന്നും മനുഷ്യപക്ഷത്തായിരുന്നു.

കേരളം കണ്ടതിൽ വെച്ച് ഏറ്റവും ചർച്ചചെയ്യപ്പെടുകയും വിവാദം സൃഷ്ടിക്കുകയും ചെയ്ത വിദ്യാഭ്യാസ ബില്ലിന് രൂപം കൊടുത്തത് ജോസഫ് മുണ്ടശ്ശേരി എന്ന പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്നു. സർവ്വകലാശാല അധ്യാപകരുടെ 'മാഗ്നാകാർട്ട' എന്നറിയപ്പെടുന്ന ഈ ബില്ല് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ, സേവനകാലാവധി, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ മാനദണ്ഡങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ നീതിയുക്തമായ വ്യവസ്ഥകൾ വെച്ചു. കൊളോണിയൻ വിദ്യാഭ്യാസ സമീപനത്തെ പൊളിച്ചെഴുതുകയും ജാതിമത കച്ചവട കുത്തക വിഭാഗങ്ങളുടെ ഇടപെടലുകൾ നിയന്ത്രിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസ ബില്ല് ശക്തമായൊരു ബദൽ തന്നെയായിരുന്നു. സ്വകാര്യ മുതലാളി മാനേജർമാരുടെ പിടിയിൽ നിന്ന് വിദ്യാഭ്യാസത്തെ മോചിപ്പിച്ച് സ്വതന്ത്രമാക്കുന്നതിന് ഇത് സഹായിച്ചു. സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം സർക്കാറിന്റെ ഉത്തരവാദിത്തമാണെ ബോധത്തിലേക്ക് വളർത്തിയെടുക്കുന്നതിനും ഇതുകൊണ്ട് കഴിഞ്ഞു. 1957 ലെ ഇ.എം. എസിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കാർഷിക ബില്ലിലൂടെ ഭൂഉടമകളായ ജന്മിമാരേയും വിദ്യാഭ്യാസ ബില്ലിലൂടെ സാംസകാരിക രംഗത്തെ ജന്മിമാരേയും വെല്ലുവിളിച്ചപ്പോൾ നടുക്കം കൊണ്ടവർ അത് വിമോചനമസമരത്തിലേക്ക് നയിച്ചു.

സെക്കണ്ടറി തലം വരെയുള്ള വിദ്യാഭ്യാസ പദ്ധതിയുടെ ഉള്ളടക്കത്തിൽ ഗുണപരമായ മാറ്റം വരുത്തുന്നതിന് മുണ്ടശ്ശേരി ഒരുപാട് ത്യാഗം സഹിക്കേണ്ടി വന്നു.

'ന്റെ ഉപ്പൂപ്പായ്ക്കൊരാനയുണ്ടാർന്നു' എന്ന ബഷീറിന്റെ നോവൽ ഉപപാഠപുസ്തകമാക്കിയതിന്റെ അടിസ്ഥാനമെന്തെന്ന് നിയമസഭയിൽ ചോദ്യം വന്നപ്പോൾ 'അതിന്റെ സാഹിത്യ ഗുണം നോക്കിയാണെന്ന്' ഉത്തരവും അത് നിശ്ചയിച്ചത് ആരാണെന്ന് ചോദിച്ചപ്പോൾ 'ഞാൻ തന്നെ' എന്ന മറുപടിയും പറയാൻ ഒരേ ഒരു വിദ്യാഭ്യാസ മന്ത്രിയേ നമുക്ക് ഉണ്ടായിട്ടുള്ളു. വിദ്യാഭ്യാസരംഗം കച്ചവട താൽപര്യത്തിനും കള്ളപ്പണക്കാരായ മുതലാളി വർഗ്ഗത്തിനും അടിയറവുവെച്ചരിക്കുന്ന ആധുനിക കാലഘട്ടത്തിൽ, പാവപ്പെട്ട സാമാന്യ ജനവിഭാഗത്തിന് വിദ്യാഭ്യാസം അന്യമായികൊണ്ടിരിക്കുന്ന പുതിയ പശ്ചാത്തലത്തിൽ മുണ്ടശ്ശേരിയെപ്പോലെ ദീർഘവീക്ഷണം പുലർത്തിയ ഒരു വിദ്യാഭ്യാസ വിചക്ഷണനെ കേരളം കൊതിക്കുന്നുണ്ട്.

നാവും പേനയും ഒരുപോലെ തന്റെ പോരാട്ടത്തിന് ആയുധമാക്കിയ മുണ്ടശ്ശേരി മാസ്റ്റർ പ്രസംഗം ഒരു കലയാണെന്ന് മലയാളിയെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം ഒരു ദൃശ്യാനുഭവം കൂടി പകർന്നു നൽകാറുണ്ടത്രെ. ഒരു തീവണ്ടിയാത്രയെ അനുസ്മരിക്കുന്നതാണ് മുണ്ടശ്ശേരിയുടെ പ്രസംഗം. ആദ്യം ശാന്തമായി സാവധാനത്തിലും ഇടയ്ക്ക് കോപിച്ച് ഇടിമുഴക്കമായും അതു നീങ്ങും. യുക്തി ഭദ്രമായും ശക്തമായും എതിരാളിയുടെ ചങ്ക് തകർക്കുന്നവിധം വിഷയം അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പതിഞ്ഞ സ്വരത്തിൽ ആരംഭിച്ച് ഉച്ചസ്ഥായിയിൽ സ്വാഭിപ്രായം പ്രഖ്യാപിക്കുന്ന രീതിയെ സംബന്ധിച്ച് പല നിലകളിൽ പൊട്ടി പൂക്കൾ ചിതറിടുന്ന അമിട്ടുപോലെ എന്ന് ഒ.എൻ.വി. കുറുപ്പ് ഓർമ്മിക്കുന്നു. കളവില്ലാത്ത, നാട്യങ്ങളില്ലാത്ത, മനസ്സിലാകുന്ന ഭാഷയിൽ സുവ്യക്തമായി, മനുഷിക നീതി നിഷേധിക്കപ്പെടുന്ന എല്ലാ രംഗങ്ങളിലും, സമഗ്രമായ മാറ്റത്തിനു വേണ്ടിയുള്ള കർമ്മ വീര്യം പകർന്നു നൽകിയ പ്രഭാഷണങ്ങളായിരുന്നു മുണ്ടശ്ശേരിയുടെത്.

സാഹിത്യ ചരിത്രത്തിലും രാഷ്ട്രീയ ചരിത്രത്തിലും നിരുപകന്റെ രാജ്യഭാരം എന്ന് മുണ്ടശ്ശേരി കാലത്തെ വിളിക്കാം. സുചിന്തിതവും യുക്തി സഹവുമായ ആശയ ഗതികളിലൂടെ ഈ ബഹുമുഖ പ്രതിഭ മലയാളിയുടെ മനസ്സിൽ ചരിത്രപ്രതിഷ്ഠ നേടി.മലയാളത്തിലെ രാഷ്ട്രീയ-സാഹിത്യ-വിദ്യാഭ്യാസ-സാമൂഹിക രംഗങ്ങളിലെ നവോത്ഥാനത്തിന്റെ ചരിത്രം പറയുന്ന ഒരു ആത്മകഥയുടെ 'കൊഴിഞ്ഞ ഇലകൾ' നാം പെറുക്കിയെടുക്കുമ്പോൾ മുന്നിൽ തെളിയുന്നത്. ''ചെറിയ കെട്ടിടത്തിൽ നിന്ന് പുറത്ത് വന്ന് അദ്ദേഹം വലിയ പർവ്വതങ്ങളുടെ കൊടുമുടി കയറുകയാണുണ്ടായത്. വാശിയും, പൗരുഷവും, ധാർഷ്ട്യവും അൽപ്പം നിർധനതയും അദ്ദേഹത്തെ വലിയവനാക്കി''എന്ന് വൈലോപ്പിള്ളി കുറിച്ചിട്ടവരികളാണ്. ജോസഫ് മുണ്ടശ്ശേരി മലയാളം കണ്ടപ്രതിഭകളിൽ ചരിത്രത്തോടൊപ്പം നടന്ന സമാനതകളില്ലാത്ത നക്ഷത്രത്തിളക്കമായിരുന്നു.



## ആദരാഞ്ജലി

തേവര എസ്.എച്ച്. കോളേജ് ബോട്ടണി വിഭാഗം അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. റോയി സഖറിയാസ് 10-09-2016ൽ നിര്യാതനായി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റംഗം, എ.കെ.പി.സി.ടി.എ. ജില്ലാ ജോയിന്റ് സെക്രട്ടറി, ബ്രാഞ്ച് സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

# Your Tongue My Language



**Lakshmi Priya**
M G College Thiruvananthapuram



A word stood confused half way
Like a lone traveler in a jungle
looking for roads taken and not.
It's all about crossing languages,
While crossing loves
Kaalam in my language, has an infinite purpose
Spreading beyond lands, ages and memories.
The sea, the sky and silence.
When it becomes time in your tongue,
Don't you think it gets too pointed like you?
Shedding the fancies, infinities and
that philosophical gaze of insanity?

And again, minnaminni,
Like the twinkle in a baby eye
The throb of a new love
And the beauty of the night in gold spots
like constellations visiting, becomes
glowworm in your tongue.
Yes, just like that.
As plain as you.

Now try saying Pennu
See how much it rhymes with mannu and vinnu,
The organic female.
Your tongue failed to find a word for her
You say her spine sprout from your bones
And limited her to a prefix.

Man, she is not your woo,
Not your tongue
But, my language.

# ബീച്ച് മേം വിനയ്

ആർ ജയശ്രീ

എം.ജി. കോളേജ്, തിരുവനന്തപുരം




ഒരു *കമ്യൂണിസ്റ്റ്കാരൻെറ സ്വപ്നങ്ങൾ* പ്രശസ്ത ഹിന്ദി സാഹിത്യകാരനായ സ്വയംപ്രകാശ്ൻെറ 'ബീച്ച് മേം വിനയ്' എന്ന നോവലിൻെറ മലയാള പരിഭാഷയാണ്. ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിലെ ആശയ സംഘർഷങ്ങളെ സ്വയംപ്രകാശ് അതിവിമർശനപരമായി അവതരിപ്പിക്കുകയാണ് ഈ നോവലിൽ ചെയ്യുന്നത്.

മുതലാളിത്ത സാമ്രാജ്യവാദ വ്യവസ്ഥയുടെ ചൂഷണത്തിൽ നിന്ന് പ്രോലിറ്റേറിയൻ ജനതയെ മോചിപ്പിക്കാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് മാത്രമേ കഴിയുകയുള്ളുവെന്ന അടിയുറച്ച വിശ്വാസത്തിൽ നിന്നുകൊണ്ടാണ് സ്വയം പ്രകാശ് പ്രസ്ഥാനം നേരിടുന്ന ആശയ സംഘർഷങ്ങളെ ബീച്ച് മേം വിനയ്ൽ ചിത്രീകരിക്കുന്നത്.

പ്രൊഫസർ ഭുവനേശ് കോമ്രേഡ് മാധവ് വിനയ്, ഋച തുടങ്ങിയ ഥാപാത്രങ്ങളിലൂടെ വികസിക്കുന്ന നോവലിൻെറ കഥാ ഘടന വർത്തമാനകാല ഇന്ത്യൻ ചുറ്റുപാടിൽ കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പ്രസക്തിയെ അടയാളപ്പെടുത്താനുള്ള ശ്രമമായി മാറുന്നു.

കോമ്രേഡ് ലക്ഷ്മൺ മാധവ് ജനാധിപത്യ അധികാരമോഹങ്ങൾക്കതീതനായ ട്രേഡ് യൂണിയൻ നേതാവാണ്. തൊഴിലാളി സമരങ്ങൾക്ക് നേതൃത്വം നൽകി അവരിലൊരാളായി തീർന്ന അദ്ദേഹം കമ്യൂണിസ്റ്റ് തത്വങ്ങൾ സ്വായത്തമാക്കേണ്ടത് സിദ്ധാന്തങ്ങളിൽ നിന്നല്ല മറിച്ച് വ്യാവഹാരിക ജീവിതത്തിൽ നിന്നാണെന്നു നിഷ്കർഷിക്കുന്നു. ഇതിനായി യുവാക്കളെ അണിനിരത്താൻ ആഹ്വാനം ചെയ്യുന്നു.


പ്രായോഗിക ജീവിതത്തിലൂടെ കമ്യൂണിസ്റ്റ് തത്വങ്ങൾ സ്വാശീകരിച്ച് യുവാക്കളെ കരുത്തരാക്കാൻ അദ്ദേഹത്തിനു കഴിയുന്നു. ഇതിനിടയിൽ അനേകം വൈഷമ്യങ്ങൾ നേരിടുന്നെങ്കിലും അദ്ദേഹം പിന്മാറുന്നില്ല. തൊഴിലാളി പ്രവർത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് ആവശ്യസന്ദർഭങ്ങളിലിടപെട്ട തൊഴിലാളി പ്രസ്ഥാനത്തിൻെറ നേതാവായി മാറുന്ന കോമ്രേഡ്ന് കസ്ബയിൽ കെട്ടുറപ്പുള്ളൊരു തൊഴിലാളി യൂണിയൻ കെട്ടിപ്പടുക്കാൻ കഴിയുന്നു. സാധാരണ ജീവിതാന്തരീക്ഷത്തിലെ വിനയ് കോമ്രേഡ്ൻെറ വിപ്ലവാദർശത്താൽ സ്വാധീനിക്കപ്പെട്ടവയുമാണ്.




ജീവിത സംഘർഷങ്ങളെ നേരിടാനും സമരസപ്പെടാനുമുള്ള ആർജവം നേടുന്നതും ഈ സ്വാധീനത്താലാണ്.

അനീതിക്കെതിരെയുള്ള തീവ്രപ്രതിഷേധത്താൽ നിരന്തരം സ്ഥലംമാറ്റത്തിന് വിധേയമാകുന്ന പ്രൊഫസർ ഭുവനേശ് നോവലിലെ ശക്തനായ കമ്യൂണിസ്റ്റ് ബുദ്ധിജീവിയാണ്. സാമൂഹ്യ വ്യക്തിത്വത്തിനുടമയായ അദ്ദേഹം വസ്തുതകളെ സൈദ്ധാന്തികമായാണ് വിലയിരുത്തുന്നത്. കമ്യൂണിസ്റ്റ് തത്വങ്ങളെ ലളിതമായി വ്യാഖ്യാനിച്ച് മനസിലാക്കിക്കുവാനുള്ള അദ്ദേഹത്തിൻെറ കഴിവിൽ സഹാധ്യാപകരും വിദ്യാർത്ഥികളും ആകൃഷ്ടരാകുന്നുണ്ട്. അതുവഴി വിദ്യാർത്ഥികളെ കമ്യൂണിസ്റ്റ് ആദർശങ്ങളിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നുണ്ട്. പ്രൊഫസറുടെ സൈദ്ധാന്തിക കാഴ്ചാടും, മകൾ ഋചയുമടങ്ങിയ കുടുംബത്തിൻെറ സ്നേഹാന്തരീക്ഷവും വിനയൻെറ മനസ്സിന് ആവേശം നൽകുന്നുണ്ട്. ഭുവനേശ്വരിൽ നിന്നു തികച്ചും വ്യതിരിക്തമായ വിപ്ലവകാഴ്ചാടാണ് കോമ്രേഡിൻേറത്. ബുദ്ധിജീവി വർഗത്തിന് ആരാജകത്വത്തിൻെറ വേരുകൾ നശിപ്പിക്കാൻ സാധ്യമല്ലെന്ന് (വിനയൻെറ കൈയിൽ 'മൂലധനം' കണ്ടപ്പോൾ അദ്ദേഹം രോഷാകുലനാകുന്നുണ്ട്) വിശ്വസിക്കുന്ന അദ്ദേഹത്തിൻെറ നിശ്ചയദാർഢ്യം, ധൈര്യം, പരിശ്രമശീലം തുടങ്ങി വ്യക്തിപരമായ ഗുണവിശേഷങ്ങൾ വിനയനെ കോമ്രേഡ്ൻെറ അനുയായിയാക്കുന്നു. എന്നാൽ വിപ്ലവ പ്രസ്ഥാനത്തിൽ ബുദ്ധി ജീവികൾക്കുള്ള പങ്ക് നിഷേധിക്കുന്ന കോമ്രേഡിനെ വിനയൻ വിമർശിക്കുന്നുമുണ്ട്. സാമൂഹ്യലക്ഷ്യം നേടുന്നതിന് വിപ്ലവവർഗം ഉണ്ടായിരിക്കണം. അത് പ്രധാന ശക്തിയാകുമ്പോൾ പോഷക ശക്തിയുടെ അനിവാര്യതയുണ്ട്. അതു ബുദ്ധിജീവി വർഗ്ഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ കോമ്രേഡ് ഇതിനെ നിശിതമായി എതിർക്കുകയാണ്. തൊഴിലാളി വർഗവുമായി യോജിച്ചാൽ ബുദ്ധിജീവികൾ കൂടുതൽ കരുത്തരാകുമെന്ന് കോമ്രേഡിനെ അനുകൂലിച്ചുകൊണ്ട് പ്രൊഫസർ ഭുവനേശ്വറിനോട് പറയുന്നു. എന്നാൽ ഇവർ ഇരുവരും രണ്ട് വ്യത്യസ്ത ചിന്താഗതികളിലോ പാർട്ടിയിലോപെട്ട വ്യക്തികളല്ല. പ്രവർത്തന മേഖലയുമായും ശൈലിയും വ്യത്യസ്തമാണ് എന്നുമാത്രം. ചിന്താഗതിയും സിദ്ധാന്തവും ഒന്നു തന്നെ. ഭുവനേശ്വറിന് കടുത്ത അസംതൃപ്തി ട്രേഡ് യൂണിയൻ പ്രസ്ഥാനത്തോടെന്നല്ല, ഭാരതത്തിലെ മുഴുവൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തോടാണ്. വിനയൻെറ ഇരുവരെയും കൂട്ടിയോജിപ്പിക്കാനുള്ള ശ്രമം വിഫലമാകുകയാണ്. മേൽ ഘടകം ഇരുവരെയും കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കുന്നുമില്ല.


ഇരുവരും അവരവരുടെ മേഖലയിലെ വ്യവസ്ഥാപിത രൂപത്തോട് ഏറ്റുമുട്ടി പ്രശ്നങ്ങളുടെ അഴിയാക്കുരുക്കിൽ അകപ്പെടുകയാണ്. മേൽഘടകം സന്ധിയില്ലാതെ സമരം ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്നില്ലെന്ന് മാത്രമല്ല വിട്ടുവീഴ്ചകൾക്ക് തയ്യാറായി അടിയറവ് പറയണമെന്ന് ഉത്തരവ് നല്കുക



യുമാണ്. പുതിയ ലോകക്രമം സൃഷ്ടിക്കണമെന്ന വിനയന്റെ കമ്യൂണിസ്റ്റ് സ്വപ്നമാണ് ഇവിടെ ഇല്ലാതാകുന്നത്. എന്നാൽ നീതിയുടെ പോരാട്ട ഭൂമിയിൽ നിന്ന് കോമ്രേഡ് പിന്മാറുന്നില്ല. വർഗീയ കലാപകാരികളിൽ നിന്ന് കോമ്രേഡ്നെ മരണത്തിൽ രക്ഷിക്കാനുള്ള ശ്രമത്തിൽ വിനയ് മരണപ്പെടുകയാണ്. ഈഗോ ക്ലാഷിന്റെ രക്തസാക്ഷിയാകേണ്ടിവന്ന വിനയനിൽ ഒരു യഥാർത്ഥ കമ്യൂണിസ്റ്റ്കാരന്റെ സഹജീവിസ്നേഹം സാഹോദര്യം മുതലായ ഗുണങ്ങളാണ് വായനക്കാരൻ അനുഭവിക്കുന്നത്.


ആഗോളവത്കരണത്തിന്റെ ഉദാര നീതി നടപ്പാക്കപ്പെടുമ്പോൾ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ജീവിതം കൂടുതൽ ദുരിത പൂർണമായിത്തീരുകയാണ്.ഫാസിസത്തിന്റെ ഭീകരതയും മതതീവ്രവാദ ശക്തിയുടെ രാഷ്ട്രീയാധികാരവും ചിന്തിക്കുന്ന ഇന്ത്യൻ ജനതയുടെ ഭൗതികവും മാനസികവുമായ ജീവിതത്തെ പ്രതിലോമകരമായി ബാധിക്കുകയും അതവരെ മാനസിക പ്രതിസന്ധിയിലേക്ക് തള്ളിയിടുകയും ചെയ്യുന്നു. ഇത് പ്രതിരോധത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് നമ്മെ ചിന്തിപ്പിക്കാൻ നിർബന്ധിതരാകുന്നു. ഇത്തരത്തിലുള്ള വർത്തമാനകാല സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ ചുറ്റുപാടുകൾ കമ്യൂണിസ്റ്റ് പ്രസ്ഥാ






നത്തിന്റെ പ്രസക്തിയെ വർദ്ധിപ്പിക്കുന്നു. എന്നാൽ പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാലത്തെയും സമൂഹത്തെയും തിരിച്ചറിയുന്നതിന് മുന്നോട്ട് നയിക്കുന്നതിനും പ്രസ്ഥാനം എത്രത്തോളം വിജയിച്ചുയെന്നചോദ്യവും സ്വയപ്രകാശ് മുന്നോട്ട് വയ്ക്കുന്ന പ്രസ്ഥാനം ഒരു ബദലില്ലാത്തതും സ്ഥായിയുമാണെന്നുമുള്ള അവബോധം യുവതയെ അതിനോടു ചേർന്ന് നില്ക്കാൻ പ്രേരിപ്പിക്കുന്നു.

ഇന്ത്യൻ ഭാഷയിൽ ഹിന്ദിയുടെ മികവ് സമ്പർക്ക ഭാഷാരൂപത്തിലാണ്. വിവിധങ്ങളായ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക വിഷയങ്ങളാൽ സമ്പന്നമാണ്. ഈ ഭാഷയിലെ എല്ലാ സാഹിത്യരൂപങ്ങളും മലയാള ഭാഷയിലേക്ക് ഹിന്ദിയിൽ നിന്ന് വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും താരതമ്യേന കുറവാണ്. സ്വയം പ്രകാശിന്റെ രചന രാഷ്ട്രീയ വിമർശന നോവലായാണ് വായിക്കപ്പെടുന്നത്. മൂലരചനയുടെ വൈചാരികവും സൗന്ദര്യാത്മകവുമായ അംശം നഷ്ടപ്പെടാതെ ശ്രീ.വി.ജി.ഗോപാലകൃഷ്ണൻ നോവൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഏതൊരു കമ്യൂണിസ്റ്റ്കാരനെയുമെന്നപോലെ പ്രസ്ഥാനം നേരിടുന്ന സംഘർഷങ്ങൾ അദ്ദേഹത്തെ ആകുലപ്പെടുത്തുന്നു. അതുകൊണ്ടു തന്നെയാണ് രാഷ്ട്രീയ വിമർശന നോവൽ വിവർത്തനം ചെയ്യാനുള്ള ഇച്ഛാശക്തി ഉണ്ടായത്. മൂലകൃതിയോട് വിശ്വസ്തനായത്. ഒരു കമ്യൂണിസ്റ്റ്കാരന്റെ സ്വപ്നങ്ങൾ ആകുലതകൾ പങ്കുവയ്ക്കുക മാത്രമല്ല പ്രതിരോധത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തപ്പെടണമെന്നും നോവൽ ഓർമ്മപ്പെടുത്തുന്നു.



# BACOPA MONNIERI (L.) : A PHARMACOLOGICAL REVIEW'

**Neethu S. Kumar**

MG College, Thiruvananthapuram



Ayurvedic medicine classifies Bacopa monnieri L. as belonging to a group of plant medicines known as Medhya rasayana - that improve mental health, intellect and memory (medhya) and promote longevity and rejuvenation (rasayana). The Sanskrit name 'Brahmi' stems from Brahma - the creative aspect of God and since the brain is seen as the creative centre of humans, it is so named. B. Monnieri L. has been used for centuries as a brain tonic, memory enhancer, and revitaliser of sensory organs, anti-anxiety, cardio-tonic, diuretic, antidepressant and anticonvulsant agent. This plant is also used for all sorts of skin problems - eczema, psoriasis, abscess, ulcerations, and leprosy, for chronic rheumatism as an ointment, asthma and hoarseness of the voice.The pharmacological studies showed that Bacopa monnieri L. possessed many pharmacological effects included central nervous effects ( memory enhancement , antidepressant , anxiolytic , anticonvulsant and antiparkinsonian ) , antioxidant , gastrointestinal , endocrine , antimicrobial , anti-inflammatory , analgesic , cardiovascular and smooth muscle relaxant effects.

Bacopa monnieri L.(synonyms: Lysimachia monnieri L. Cent., Gratiola monnieri L., Monniera cuneifolia and Herpestis monnieri L.), which commonly known as (bacopa, brahmi, and thyme leaved gratiola), belongs to the family Scrophulariaceae.Apart from India, it is also found in Nepal, Sri Lanka, China, Taiwan and Vietnam, Florida and other southern states of USA. In India, it grows in damp, marshy places and on the banks of slow flowing rivers and lakes, ascending up to an attitude of 1,320 m. B.monnieri L. is a small creeping, spreading, succulent herb with numerous branches and small fleshy, oblong leaves. Flowers and fruits appear in summer and the whole plant is medicinally important.Warm (30-40 °C) and humid (65-80 %) climatic conditions with plenty of sunshine and ample rainfall are ideal for growth of

Bacopa monnieri L. and therefore it is propagated by stem cuttings.

**Usage**

This can be used externally as well as internally. External use include application of oil and paste. Oil can be applied to the exterior of the body to promote healthy skin ,proper healing and freedom of movements of joints. It may be also massaged to the scalp to support healthy hair growth and to encourage any of the healthy benefits it gives to the brain, central nervous system and the mind. Paste can be applied to the exterior of the body to promote healthy skin and comfortable movements of the joints. Ayurveda traditionally recommends the tasting of this herb. It can be taken internally as powder or in the tablets forms or as a liquid extract. A typical dose of this powder is ¼-½ tea spoon, once or twice daily or as directed by a health practioner. Tablet offers you a sample of taste allowing the digestive system to receive appropriate signals about what you are about to ingest and inviting the body to initiate our health healing mechanisms. A typical dose is 1 or 2 tablets ,once or twice daily or as directed by the physician. Liquid extracts are easy and convenient to assimilate and have long shelf life.

**Pharmacological effects**

Benefits of Bacopa monnieri L. include strengthening of mind and the intellect, support and focus concentration, encourage a balanced and emotional state, promote daytime energy and night time sleep, support healthy blood cells, promote healthy skin and hair. Detailed investigations were first documented as early as 1931, when Bose and Bose reported the isolation of the 'brahmine' (alkaloid) from B. monnieri followed by identification of other alkaloids like nicotine and herpestine, D-mannitol, saponin, hersaponin and potassium salts. Mental depression, a chronic illness affecting person's mood, physical health and behaviour are common problems in today's stressful and competitive world. Patients with depression have symptoms that reflect decrease in brain monoamine neurotransmitters. Extracts of this plant is found useful in treating these illness. Extracts of B. monnieri provide relief to patients suffering with anxiety or epileptic disorders. Brahmigrith, a medicated ghee prepared from B. monnieri is beneficial for treatment of epilepsy and hysteria. Stress, improper dietary habits, ingestion of non-steroidal anti-inflammatory agents and infection by Helicobacter pylori may be responsible for the development of ulcer .Fresh juice of the plant has been reported to have significant anti-ulcerogenic activity.B. monnieri extract showed anti-inflammatory activity via inhibition of prostaglandin synthesis and lysosomal stabilization . Ethanolic extract of B. monnieri has a positive effect on haemoglobin glycosylation





in vivo. Propanoic, methanolic and ethanolic extracts of B. monnieri exhibited anti-microbial activity against many bacterial etiological agents e.g. Streptococcus, Escherichia coli, Staphylococus aureus, Bacillus subtilis, Klebsiella pneumoniae, Pseudomonas aerogenosa. The phytochemicals such as betulinic acid, wogonin and oroxindin isolated from the aerial parts of B. monnieri showed significant antifungal activity against Alternaria alternata and Fusarium fusiformis.

The cognition facilitating activity of B. monnieri extract is due to the presence of different tetracyclic triterpenoid saponins which have been used to promote memory and intellect to treat psycho-neuro disorders and as a rejuvenator from Ayurvedic era..Antioxidants have been reported to prevent oxidative damage by free radicals that are responsible for number of human disorders such as artherosclerosis, hypertension, arthritis, gastritis, ischemia, Alzheimer's disease, diabetes mellitus and AIDS. Bacosides are reported to scavenge free radicals such as peroxides, superoxides and hydroxyl radicals.

So we can conclude that, while searching for the single most powerful natural supplement for brain health, better thinking and sharp focusing and improved memory retention a darn good place to begin the search would be this plant.

With Revolutionary Greetings


Sree Narayana College

Thottada, Kannur



# ദേശീയതയും ഉന്നതവിദ്യാഭ്യാസവും

ഡോ. അനിൽ വർമ്മ
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്




രാജ്യത്ത് ഇന്ന് നടക്കുന്ന സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് ഏറെ ചർച്ച ചെയ്യപ്പെടുന്ന ആശയങ്ങളാണ് ദേശീയത, രാജ്യസ്നേഹം, രാഷ്ട്രം തുടങ്ങിയവ. രാജ്യസ്നേഹത്തിനും രാഷ്ട്രസങ്കല്പത്തിനും ഇന്ത്യൻ ദേശീയതകെട്ടിപ്പടുക്കുന്നതിൽ വലിയ പങ്കാണ് ഉള്ളത്. രണ്ട് നൂറ്റാണ്ട് നീണ്ടുനിന്ന ഇന്ത്യയുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞ സെക്കുലർ, ജനപക്ഷ ദേശീയത ഇന്ന് മേൽക്കോയ്മാദേശീയതക്ക് വഴിമാറിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യമുല്യങ്ങളെ ഉയർത്തിപ്പിടിച്ച വിദ്യാഭ്യാസ കേന്ദ്രങ്ങളെ തന്നെയാണ് ഈ മേൽകോയ്മാദേശീയത പരീക്ഷിക്കാൻ ഇന്ത്യൻ ഭരണവർഗ്ഗം തിരഞ്ഞെടുത്തിട്ടുള്ളത്. ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തിന് വിശിഷ്യ ഉന്നതവിദ്യാഭ്യാസരംഗത്തിന്, നവലിബറൽ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി സർക്കാരിൽ നിന്നുള്ള പിൻതുണ കുറഞ്ഞുവരുന്ന ഒരു സാമ്പത്തിക പശ്ചാത്തലവും നിലനില്കുന്നു. ഇന്ത്യയിലെ ദളിത്-ന്യൂനപക്ഷ വിഭാഗങ്ങളെ പൊതുധാരയിൽ നിന്ന് കൂടുതൽ ദൂരത്തേക്ക് മാറ്റി നിർത്തുന്നതാണ് ഈ നവലിബറൽ പരിഷ്കാരങ്ങൾ. ഈ സമീപനത്തിന്റെ പശ്ചാത്തലത്തിൽ, രാജ്യത്തെ സമകാലീന സംഭവവികാസങ്ങളെ പരിശോധിക്കാനുള്ള ഒരു ശ്രമമാണ് ഈ ലേഖനം.

ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത്, ഇന്ത്യയിൽ ഉരുത്തിരിഞ്ഞുവന്ന ദേശീയതാ സങ്കല്പത്തിന് വിരുദ്ധമായ ഒരു മേൽക്കോയ്മാ ദേശീയത എങ്ങിനെയാണ് വികസിച്ചു വന്നത് എന്ന് പരിശോധിക്കുന്നു. തുടർന്ന് ഈ മേൽക്കോയ്മാ ദേശീയത രാജ്യത്തിനകത്തെ ജാതീയമായ അതിരുകളെ ശക്തിപ്പെടുത്തി നവലിബറൽ ചിന്താപദ്ധതിയിലൂടെ, ദളിതരെയും ന്യൂനപക്ഷങ്ങളെയും വികസനത്തിൽ നിന്ന് അകറ്റി നിർത്തുന്നത് എന്നും പരിശോധിക്കുന്നു.

### ദേശീയതയും രാഷ്ട്രവും

ദേശം (Nation) എന്ന വാക്ക് ഉരുത്തിരിയുന്നത് ജന്മദേശം എന്നർത്ഥമുള്ള Naita എന്ന ലാറ്റിൻ പദത്തിൽ നിന്നാണ്. ദേശീയത എന്നത് പ്രാഥമികമായി ഒരാളുടെ ജന്മദേശമെന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതയായി തോന്നാം. ഭൂമിശാസ്ത്രപരമായി ഒരേ സ്ഥലത്ത് ജനിച്ച് ജീവിക്കുന്ന ജനങ്ങൾ നിർവഹിക്കുന്ന ചരിത്രവും, ഏറെക്കുറെ സമാനമായ സംസ്കാരങ്ങളും ദേശീയതയുടെ ഘടകങ്ങ



ളാണ്. താൻ ജനിച്ചുവളർന്ന പ്രദേശത്തിന്റെ പൊതുസ്വത്വത്തോട് തന്റെ തന്നെ സ്വത്വം ചേർത്ത് വക്കുന്ന പ്രക്രിയയാണ് ദേശീയത. അതായത് ദേശീയത എന്നത് ഒരു പൊതുസ്വത്വമാണ്. (Common Identity)

ദേശീയതയുമായി ഏറെ ബന്ധപ്പെട്ട മറ്റൊരു പൊതുസ്വത്വമാണ് രാഷ്ട്രം (State) എന്ന സങ്കല്പം. രാഷ്ട്രം ഒരു ഭൂമിശാസ്ത്രപരമായ സ്വത്വമാണ്. അത് അതിരുകൾക്ക്പ്രാമുഖ്യം നല്കുന്നു. അതുകൊണ്ടാണ് ഇന്ത്യൻ സ്റ്റേറ്റ് എന്ന് കേൾക്കുമ്പോൾ കാശ്മീരും കേരളവും ഗുജറാത്തും അരുണാചൽ പ്രദേശും അതിരുകളായ ഒരു ഭൂപടം നമ്മുടെ മനസ്സിൽ ചുരുളഴിയുന്നത്. ദേശീയത അതിരുകൾക്ക് ഉള്ളിൽ ജീവിക്കുന്ന ജനതക്ക് പ്രാധാന്യം നല്കുന്ന ഒന്നാണെങ്കിൽ, രാഷ്ട്രം അതിരുകൾക്ക് മാത്രം പ്രാധാന്യം നല്കുന്നു. അതുകൊണ്ടാണ് പാലസ്തീൻ ഒരു ദേശീയത ആകുന്നത്. അതുകൊണ്ടാണ് ഇസ്രായേൽ ദേശീയതയില്ലാത്ത ഒരു രാഷ്ട്രം മാത്രമാണെന്ന് പറയുന്നത്. ഇസ്രായേലിന്റെ രൂപവത്ക്കരണപ്രക്രിയയെ വിശേഷിപ്പിച്ചത് രാഷ്ട്രമില്ലാത്ത ജനതക്ക് ജനതയില്ലാത്ത രാഷ്ട്രം എന്നാണ്.

**മേൽക്കോയ്മാ ദേശീയതയുടെ രൂപവത്ക്കരണം**

ആധുനിക ഇന്ത്യയുടെ ദേശീയതയുടെ ചരിത്രം അതിന്റെ 200 വർഷത്തെ സാമ്രാജ്യത്വവിരുദ്ധപ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കറാച്ചി സമ്മേളനത്തെ തുടർന്ന് ഇന്ത്യയുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വിപ്ലവാത്മകമായ ഒരു സാമൂഹിക പരിവർത്തന പ്രക്രിയ ഉരുത്തിരിഞ്ഞു വന്നു.

ഇന്ത്യയിൽ ഉണ്ടായിവന്ന ദേശബോധത്തിന്റെ ഫലമായിരുന്നു ഈ സാംസ്കാരിക വിപ്ലവപ്രക്രിയ. മഹത്തായ ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണം വരെ കൊണ്ടെത്തിച്ച ആ ദേശീയതാ സങ്കല്പത്തിന്റെ കാതൽ സാമൂഹിക-സാമ്പത്തിക വികസനം എന്ന സമഗ്രകാഴ്ചപ്പാട് ആയിരുന്നു. സാർവ്വദേശീയ സ്വയം നിർണ്ണയാവകാശം പോലെ സമഗ്രവും സർവ്വതല സ്പർശിയുമായ സാമൂഹികമാറ്റത്തിനുതകുന്ന ഒട്ടേറെ കാര്യങ്ങൾ ഈ സാമൂഹിക പരിവർത്തന പ്രക്രിയയുടെ ഭാഗമായി ഉണ്ടായി. എന്നാൽ ഇതിനെയെല്ലാം എതിർക്കുന്ന, ഒരു സാമൂഹിക പ്രതിവിപ്ലവപ്രക്രിയക്ക് നേതൃത്വം നല്കുന്ന, വർഗ്ഗീയ ചേരി സ്വാതന്ത്ര്യത്തിന് മുൻപ് തന്നെ ഇന്ത്യയിൽ രൂപപ്പെട്ട് വരുന്നുണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തരം ആ വിരുദ്ധചേരി ഇന്ത്യയുടെ രാഷ്ട്രീയരംഗത്ത് സജീവമാവുകയും ചെയ്തു. ഇന്ന് സ്വാതന്ത്ര്യം കിട്ടി എഴുപതോളം വർഷങ്ങൾക്ക് ഇപ്പുറം വർഗ്ഗീയഫാസിസ്റ്റുകൾ ഭരണരംഗത്ത് മേൽക്കോയ്മ നേടിക്കഴിഞ്ഞു. ഈ മേൽക്കോയ്മ ഇന്ത്യയുടെ സെക്കുലർ- ലിബറൽ-പോപ്പുലർ-ദേശീയതക്ക് പകരം സങ്കുചിതവും മതാധിഷ്ഠിതവും, ചലനാത്കമല്ലാത്തതുമായ ഒരു മേൽക്കോയ്മാ ദേശീയതകൊണ്ട് പകരം വക്കാൻ ഹിന്ദുഫാസിസ്റ്റുകൾ ഉപയോഗിക്കുന്നു.

ഇന്ത്യയുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞുവന്ന ദേശീയതാബോധം വിമർശനാത്മകതക്കും സംവാദങ്ങൾക്കും ഉയർന്ന പ്രാധാന്യം നല്കിയിരുന്നു. നാനാത്വത്തെ അംഗീകരിച്ച ദേശീയതാ സങ്കല്പമായതിനാൽ സംവാദങ്ങൾ ആരംഭിക്കുന്ന ഇടമായി അതിനെ വിലയിരുത്താം. എന്നാൽ ഇന്ന് നിർവിക്കപ്പെടുന്ന വ്യാജ ദേശീയത സംവാദങ്ങൾ അവസാനിക്കുന്ന ഇടമാണ്. ഈ വ്യാജദേശബോധത്തിന്, വിമർശനങ്ങൾ പഥ്യമല്ല. ചെറിയ വിമർശനം പോലും 124A പ്രകാരം രാജ്യദ്രോഹകരമായ കുറ്റമായി മാറുന്നു. സ്വാതന്ത്ര്യസമരസേനാനികൾക്കെതിരെ ഒരു കാലത്ത് സാമ്രാജ്യത്വം പ്രയോഗിച്ച ഈ കരിനിയമത്തെ ഭരണകൂടത്തെ വിമർശിക്കുന്നവർക്ക് എതിരെ ഉപയോഗിക്കാനുള്ള തണലായാണ് വ്യാജദേശീയതാ

ബോധത്തെ അതിന്റെ പ്രയോക്താക്കൾ കാണുന്നത്. അതുകൊണ്ടാണ് ഈ വ്യാജദേശബോധം മേൽക്കോയ്മാ ദേശീയതയായി മാറുന്നത്.

സാമ്രാജ്യത്തോടും അതഴിച്ചുവിട്ട ഭീകരഭരണത്തോടുമുള്ള സ്വാഭാവികമായ ഉയിർത്തെഴുന്നേല്പ് ആയിരുന്നു ഇന്ത്യൻ ദേശീയതയെങ്കിൽ ഇന്നത്തെ മേൽക്കോയ്മാ ദേശീയത ഒരു അടിച്ചേൽപ്പിക്കലാണ്. അതിർത്തിയിൽ കാവൽ നിൽക്കുന്ന സൈനികന്റെ അപദാനങ്ങൾ പാടിയും അതിർത്തിക്കപ്പുറത്ത് ഒരു ശത്രുവുണ്ടെന്ന് നമ്മെ നിരന്തരം ജാഗരൂകരാക്കിയും ഈ വ്യാജരാഷ്ട്രബോധം ഉറപ്പിക്കുകയാണ്. ഇവർക്ക് പ്രധാനം അതിരുകളാണ്. ജാതി/വർണ്ണം/വർഗ്ഗം തുടങ്ങിയ അനേകം അതിരുകൾ രാജ്യത്തിനകത്ത് നിർമ്മിച്ച്, ഇവർ ഈ സമൂഹത്തിലെ ഓരോ വ്യക്തിയെയും ജാഗരൂകരാക്കി നിർത്തിയിട്ടുണ്ട്.

ചരിത്രപരമായി ഇന്ത്യയിൽ ഉരുത്തിരിഞ്ഞു വന്ന ദേശീയതയുടെ രണ്ടു ബലഹീനതകൾകൊണ്ടാണ് ഇന്ത്യൻ ദേശീയതക്ക് സങ്കുചിത പരിപ്രേക്ഷ്യം ഒരുക്കുന്നതിൽ വിജയിക്കാൻ വർഗ്ഗീയ ഫാസിസ്റ്റുകൾക്ക് സാധിച്ചത് എന്ന് തിരിച്ചറിയണം.

ഒന്നാമതായി, ഇന്ത്യൻ ദേശീയത ഉപയോഗിച്ച മിക്കവാറും എല്ലാ ചിഹ്നങ്ങളും ഹിന്ദുമതവുമായി ബന്ധപ്പെട്ടവ ആയിരുന്നു. ഭാരതമാതാ, വന്ദേമാതരം തുടങ്ങിയ ഹിന്ദുമതചിഹ്നങ്ങൾ അന്ന് തന്നെ ഇന്ത്യൻ ദേശീയതയെ തന്നെ പ്രതിനിധാനം ചെയ്യുന്നവ ആയി മാറി. ക്രിസ്ത്യാനിറ്റിയിലെയോ ഇസ്‌ലാമിലെയോ പോലെ മതനിന്ദ എന്ന ആശയത്തിന് തീരെ പ്രസക്തിയില്ലാത്ത ഹിന്ദുമതത്തിന്റെ ചിഹ്നങ്ങൾ ഇന്ത്യൻ ദേശീയയുടെ ഭാഗമായി ഉയർത്തിക്കാട്ടുന്നതിൽ ഒരു ദോഷവും അന്നത്തെ ദേശീയവാദികൾ തിരിച്ചറിഞ്ഞിരിക്കാൻ വഴിയില്ല. ഹിന്ദുമതം, അന്ന് ഇതുപോലെ സ്ഥാപനവത്ക്കരിക്കപ്പെട്ടിട്ടില്ലാ എന്നതാണ് ഇതിന് ഒരു കാരണം. അതിന്റെ ആചാരങ്ങളും വിശ്വാസങ്ങളും ഒരേഒരു വിശുദ്ധ പുസ്തകത്തെ പിൻപറ്റിയോ ഒരേഒരു ദൈവത്തിന്റെ പ്രഘോഷണങ്ങളെ അധികരിച്ചോ ആയിരുന്നില്ല. ഒരു ദൈവത്തെ സംബന്ധിച്ചു തന്നെ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ പരസ്പര വിരുദ്ധങ്ങളായ വിശ്വാസ/ആചാര രീതികൾ നിലനില്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മതനിന്ദ എന്ന ഇതരമതങ്ങളിലെ ആശയത്തിന് ഹിന്ദുമതത്തിൽ യാതൊരു പ്രസക്തിയും ഇല്ലതാനും. അതായത് ഹിന്ദുമതം ബഹുസ്വരതകളുള്ള ഒരു ജീവിത രീതിയുടെ സൈദ്ധാന്തികവും സമഗ്രവുമായ ആവിഷ്കാരമായിരുന്നു. എന്നാൽ പ്രയോഗതലത്തിൽ ജാതിവ്യവസ്ഥയും ബ്രാഹ്മണമേധാവിത്വവും സവർണ്ണാധിപത്യവും ഈ ബഹുസ്വരതകൾക്ക് മുകളിൽ കുച്ചുവിലങ്ങിട്ടു. അത് ഇന്നും തുടരുന്നു. അതിന്റെ ഭാഗമായി ആ ബഹുസ്വരതകളെ ഇല്ലാതാക്കി ഏകമാനകമായ ഒരു വിശ്വാസരീതി ഹിന്ദുക്കൾക്കിടയിൽ തന്നെ ഉരുത്തിരിഞ്ഞുവരുന്നതിൽ ഹിന്ദുസംഘടനകൾ വഹിച്ച പങ്ക് ചെറുതല്ല. ഉദാഹരണമായി ഇന്ന് ഹിന്ദുചിഹ്നങ്ങൾക്ക് ഒപ്പം ഗോമാതാവിനെ ഇന്ത്യൻ ദേശീയതയുടെ ചിഹ്നമായി അവതരിപ്പിക്കാൻ ഇന്ത്യയിലെ ഭരണകൂടത്തിനും അതിനെ നിയന്ത്രിക്കുന്ന വർഗ്ഗീയ ഫാസിസ്റ്റുകൾക്കും സാധിക്കുന്നത് ചരിത്രപരമായി ഇന്ത്യൻ ദേശിയതയെ പ്രതിനിധാനം ചെയ്യുന്ന ഹിന്ദുസിംബലുകളെ പിൻപറ്റിയാണ്.

രണ്ടാമതായി, ഇന്ത്യൻ ദേശീയ പ്രസ്ഥാനം സാമ്രാജ്യത്വത്തിന് എതിരെയുള്ള ചെറുത്തുനില്പായി വികസിച്ചുവന്നു എന്ന വസ്തുതയാണ്. അതായത് ഇന്ത്യൻ ദേശീയത വളർന്ന് വികസിച്ചത് ഒരു പൊതുശത്രുവിന് എതിരെ ആയിരുന്നു. ഈ മനോഭാവമാണ് സ്വാതന്ത്ര്യം നേടി എഴുപതോളം വർഷങ്ങൾക്ക് ഇപ്പുറം രാജ്യത്തിനകത്തു ജീവിക്കുന്ന ദളിതരെയും ക്രിസ്ത്യാനികളെയും, മുസ്‌ലീംങ്ങളെയും, ലൈംഗിക ന്യൂനപക്ഷങ്ങളെയും കർഷകരെയും, കർഷകതൊഴിലാളികളെയും, വിദ്യാർത്ഥികളെയും മറ്റും ദേശവിരുദ്ധരായിചിത്രീകരിക്കാൻ ഇന്ത്യൻ ദേശീയതയുടെ മൊത്തവില്പനക്കാരെന്ന് മേനിനടിക്കുന്നവർക്ക് ഊർജ്ജവും ഓജസ്സും നല്കുന്നത്. ദേശീയതക്കെതിരെ വിമർശനമുന്നയിക്കുന്ന ആരെയും ദേശവിരുദ്ധരായി മുദ്രകുത്താൻ അവർക്ക് സാധിക്കുന്നത്. ദേശീയതയെ സംബന്ധിക്കുന്ന ബഹുസ്വരതകൾക്ക് മുന്നിൽ 124A IPC-യുടെ നൃശംസത കാണിച്ച് ജനാധിപത്യത്തെയും






സംവാദാത്മകതയെയും ഭയപ്പെടുത്തുന്നത്.

സംഘപരിവാറിന്റെ നേൽനോട്ടത്തിൽ ഇന്ന് ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്ന വ്യാജ ദേശീയതാബോധത്തിന് ഇന്ത്യയിൽ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞ സെക്യൂലർ, പോപ്പുലർ ദേശീയതാബോധവുമായി ഒരു ബന്ധവും ഇല്ല. അതിന്റെ രീതിശാസ്ത്രം കൂടുതൽ ചേർത്ത് നില്കുന്നത് ഇറ്റലിയിൽ രൂപീകൃതമായ ഫാസിസത്തിന്റെ സിദ്ധാന്തപ്രയോഗ രീതികളുമായാണ്. ഫാസിസ്റ്റുകൾക്ക് പ്രിയങ്കരമായ മേൽക്കോയ്മാ ദേശീയതയാണ് രൂപീകരിക്കപ്പെടുന്നത്. അടുത്തയിടെ അന്തരിച്ച ഉമ്പർട്ടോഇക്കോ ഫാസിസത്തെ അളക്കാൻ ഉപയോഗിച്ച അളവുകോലുകൾ എല്ലാം തന്നെ ഇന്ത്യൻ സാഹചര്യത്തിലും ഏറെ പ്രസക്തമാണ്. 'യൂണിവേർസിറ്റികൾ ചുവപ്പൻമാരുടെ താവള'മായി മുദ്രകുത്തപ്പെടും എന്ന് ഇക്കോ പറയുന്നു. ലോകോത്തര നിലവാരമുള്ള ഉന്നതവിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ജെ.എൻ.യു.വിനെ ഇടതൻമാരുടെയും ഭീകരവാദികളുടെയും രാജ്യദ്രോഹികളുടെയും താവളമാക്കി മാറ്റുന്നതിൽ ഭരണകൂടം അതിന്റെ എല്ലാ സന്നാഹങ്ങളും ഉപയോഗപ്പെടുത്തി. എണ്ണയിട്ട യന്ത്രം പോലെയവ കൃത്യസമയത്ത് തന്നെ പ്രവർത്തിച്ചു. അതുപോലെതന്നെ അസംതൃപ്തരായ മദ്ധ്യവർഗ്ഗ യുവാക്കളോട് ഫാസിസം പിൻതുണ അഭ്യർത്ഥിക്കുമെന്ന് ഇക്കോ സൂചിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ അരാഷ്ട്രീയ മദ്ധ്യവർഗ്ഗ നാഗരികയുവത്വത്തെ വരുതിയിലാക്കാൻ വ്യക്തമായ ശ്രമം ഫാസിസം നടത്തുന്നുണ്ട്. റിസർവേഷന് എതിരെ, ആർ.എസ്. എസ്. എടുക്കുന്ന നിലപാട് ഏറെക്കുറെ അരാഷ്ട്രീയവത്ക്കരിക്കപ്പെട്ട, അസംതൃപ്തരായ മദ്ധ്യവർഗ്ഗ നാഗരികയുവത്വത്തിന് വലിയ പ്രതീക്ഷകളാണ് നല്കുന്നത്. ഇന്ത്യയിൽ സാമൂഹിക സാമ്പത്തിക വികസനത്തിന് വേണ്ടി നിരന്തരം പ്രക്ഷോഭങ്ങളിൽ ഏർപ്പെടുന്ന കർഷകരും കർഷകതൊഴിലാളികളും ദളിതരും ന്യൂനപക്ഷങ്ങളും അടങ്ങിയ ഒരു വലിയ ജനതയുടെ മുന്നേറ്റത്തെ നേരിടാനുള്ള പിൻതുണയാണ് അരാഷ്ട്രീയ മദ്ധ്യവർഗ്ഗയുവത്വത്തിൽ നിന്നും ഇന്ത്യൻ ഫാസിസം പ്രതീക്ഷിക്കുന്നത്.

അമിതമായ രാജ്യസ്നേഹവും രാഷ്ട്രീയസ്നേഹവും ഈ വ്യാജ ദേശീയത നിർമ്മിക്കാനുള്ള ഉപാധികളായി ഉപയോഗിക്കപ്പെടുന്നു. ഒരു ജീവി, അതു ജീവിക്കുന്ന പരിതസ്ഥിതിയോട് കാണിക്കുന്ന സ്നേഹം സ്വാഭാവികമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ ഈ ബോധത്തെ മനപൂർവ്വം പർവ്വതീകരിക്കാനും അതിലൂടെ മറ്റൊരുവിഭാഗം ജനതയെ രാജ്യദ്രോഹികളാക്കി മാറ്റി രാഷ്ട്രീയ ലാഭം കൊയ്യാനും വർഗ്ഗീയ ഫാസിസ്റ്റുകൾ ഇന്ത്യയിൽ ഗൂഢവും ആസൂത്രിതവുമായ ശ്രമം നടത്തുകയാണ്. അതിന്റെ ഭാഗമായാണ് രോഹിത് വെമൂലയും കന്നയ്യകുമാറും അടക്കമുള്ള സാമൂഹിക സാമ്പത്തിക വികസനത്തിന് അവകാശവാദമുന്നയിക്കുന്നവർ ദേശദ്രോഹികൾ ആകുന്നത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന, ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയുടെ അടിസ്ഥാന തത്വങ്ങളിലൊന്നായ സമത്വം എന്ന മഹത്തായ ആശയമാണ് രോഹിത് വെമൂലയും കന്നയ്യകുമാറും ഉയർത്തിക്കാട്ടുന്നത്. ഈ ആശയത്തെ തടയുന്ന ബ്രാഹ്മിണസത്തിൽ നിന്നും, ജാതി വാദത്തിൽ നിന്നും, ഭീകരവാദത്തിൽ നിന്നുമെല്ലാമുള്ള മോചനമാണ് കന്നയ്യകുമാർ ജെ.എൻ.യു.വിൽ വിളിച്ച മുദ്രാവാക്യത്തിൽ ഉയർത്തിക്കാട്ടിയത്. ഉന്നത വിദ്യാഭ്യാസരംഗത്ത് നിന്ന് ഘട്ടം ഘട്ടമായി പിൻമാറുന്ന സർക്കാരിന്റെ നവലിബറൻ



നയങ്ങളുടെ വിശാലമായ പശ്ചാത്തലം കൂടി ആ മുദ്രാവാക്യത്തിനുണ്ട്.


കഴിഞ്ഞ പത്തുവർഷം ഇന്ത്യ ഭരിച്ച സർക്കാരുകളുടെ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന നാലു കാര്യങ്ങൾ സമീപകാലബഡ്ജറ്റുകളെ അധികരിച്ച് പരിശോധിക്കുന്നത് ഈയവസരത്തിൽ ഉചിതമായിരിക്കും.

ഒന്നാമതായി, ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കുള്ള സർക്കാരുകളുടെ ധനസഹായം ക്രമമായി കുറഞ്ഞുവരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ ഉന്നതവിദ്യാഭ്യാസരംഗത്തേക്കുള്ള വിഭവസമാഹരണത്തിൽ 25% വെട്ടിക്കുറവാണ് സർക്കാർ വരുത്തിയത്. ഉന്നതവിദ്യാഭ്യാസമേഖലയിലേക്ക് ഏറ്റവുമധികം വിഭവവിനിയോഗം നടക്കുന്നത് യു.ജി.സി.യിലൂടെയാണ്. അതുകൊണ്ടുതന്നെ യു.ജി.സി.യിൽ 17%ത്തിന്റെ വെട്ടിക്കുറവ് വരുത്താൻ ഇത് കാരണമായി. സ്കോളർഷിപ്പുകൾ, ജെ.ആർ.എഫ്., ഇതര ഫെലോഷിപ്പുകൾ, ദരിദ്രരും, ദളിതരുമായ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട റെമഡിയൽ കോച്ചിങ്ങിന് അദ്ധ്യാപകർക്ക് നല്കുന്ന അലവൻസുകൾ എന്നിവ പരിപൂർണ്ണമായി യു.ജി.സി. എടുത്തുകളഞ്ഞിരിക്കുന്നു. രോഹിത് വെമൂലക്ക് ഫെലോഷിപ്പ് ഇനത്തിൽ ലഭിക്കാനുണ്ടായിരുന്ന 1.75 ലക്ഷം രൂപ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിനു പോലും ആ കുടുംബത്തിന് ഉപകരിച്ചില്ല.

യുവാക്കളുടെ അനുപാതം കൂടുതലുള്ള ഇന്ത്യയുടെ സമഗ്രപുരോഗതി സാദ്ധ്യമാകണമെങ്കിൽ മാനവശേഷി വികസനം അത്യാവശ്യമാണ്. തുല്യനീതി ഉറപ്പുവരുത്തിക്കൊണ്ടുള്ള സമത്വാധിഷ്ടിതമായ മാനവശേഷി വികസനത്തിന് തുരങ്കം വയ്ക്കുന്ന സർക്കാരിനോടുള്ള സ്വാഭാവികവിമർശനമാണ് രോഹിത് വെമൂലയും കന്നയ്യകുമാറും നയിക്കുന്ന ഇന്ത്യയിലെ ദളിത് ന്യൂനപക്ഷ ഇടതുവിദ്യാർത്ഥിസഖ്യം ഉയർത്തുന്നത്. ഫാസിസ്റ്റ് ഭരണകൂടം ഈ വിമർശനങ്ങളോട് അസഹിഷ്ണുതയോടും പകയോടും പ്രതികരിക്കുകയാണ്. അതിനുദാഹരണമാണ് ഈ ചർച്ചകളെ സംവാദാത്മകമായി സമീപിക്കുന്നതിന് പകരം ഭരണകൂട ഉപാധികൾ ഉപയോഗിച്ച്, ദേശീയവിരുദ്ധരെ നേരിടുന്ന കരിനിയമങ്ങൾ ഉപയോഗിച്ച് അവസാനിപ്പിക്കാനുള്ള ശ്രമം.

രണ്ടാമതായി, 757 യൂണിവേർസിറ്റികളും 38056 കോളേജുകളും 11922 സ്ഥാപനങ്ങളുമുള്ള ഇന്ത്യയുടെ






സ്വരൂപിക്കുമ്പോൾ, രാജ്യത്തെ പൊതു ഉന്നതവിദ്യാഭ്യാസരംഗത്തെ സ്ഥാപനങ്ങൾക്ക് ഇതുകൊണ്ട് എന്ത് ഗുണമാണ് ഉള്ളത്. ഉദാഹരണമായി ഹൈദ്രബാദ് യൂണിവേഴ്സിറ്റിയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ സ്ഥിതി, ഗച്ചിബോളിയിലെ ഒരു ഗലിയെക്കാളും പരിതാപകരമെന്ന്, ആ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ ഒരിക്കൽ പറഞ്ഞതായി ഓർക്കുന്നു. അത്തരത്തിൽ ഇന്ത്യയിലെ പൊതുഉന്നതവിദ്യാഭ്യാസരംഗത്തെ സ്ഥാപനങ്ങളിൽ പെൺകുട്ടികളും, ദളിത്, ന്യൂനപക്ഷ വിദ്യാർത്ഥികളും അനുഭവിക്കുന്ന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിന് ഏതു രീതിയിലുള്ള സഹായമാണ് ഈ പുതിയ സ്ഥാപനം നല്കുക എന്നത് കണ്ടറിയേണ്ടതുണ്ട്. യാതൊരു സാഹസികസുരക്ഷാനയങ്ങൾക്കും വിധേയമാകാതെ പ്രവർത്തിക്കുന്ന സ്വകാര്യ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ പശ്ചാത്തല സൗകര്യവികസനത്തിന് കമ്പോളത്തിൽ നിന്ന് പണം കണ്ടെത്തി ഉന്നത വിദ്യാഭ്യാസ രംഗത്തെ പൂർണ്ണമായും കമ്പോളവത്ക്കരിക്കുക എന്നതാണ് ഈ നിർദ്ദേശത്തിന്റെ ലക്ഷ്യം.

ഉന്നതവിദ്യാഭ്യാസരംഗത്ത് നിന്നും 20 സ്ഥാപനങ്ങളെ ലോകോത്തര നിലവാരമുള്ളതാക്കി മാറ്റാനുള്ള നിർദ്ദേശമാണ് 2016-17 ബഡ്ജറ്റ് മുന്നോട്ട് വക്കുന്നത്. 267 യൂണിവേർസിറ്റികളിൽ 50% പ്രാതിനിധ്യം സ്വകാര്യ മേഖലക്ക് നല്കാനാണ് ബഡ്ജറ്റ് നിർദ്ദേശം. 10 പൊതുസ്ഥാപനങ്ങളും 10 സ്വകാര്യസ്ഥാപനങ്ങളും ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതുവഴി രണ്ട് ഗുണഫലങ്ങളാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഒന്നാമതായി, ഇത് ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യസ്ഥാപനങ്ങളുടെ സാമീപ്യം സർക്കാർ അംഗീകരിച്ചു എന്ന പ്രതീതി ജനിപ്പിക്കും. സ്വകാര്യയൂണിവേർസിറ്റികളും 76% സ്വകാര്യകോളേജുകളും ഉള്ള ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യ മേഖലയുടെ പ്രസക്തി മനസ്സിലാക്കിക്കാനായി ഇത്തരമൊരു ബഡ്ജറ്റ് നിർദ്ദേശം വേണമെന്ന് വാദിക്കുന്നത് ബാലിശമാണ്. രണ്ടാമതായി, ഇത് ബോധനത്തിന് കൂടുതൽ പ്രാമുഖ്യം നല്കാൻ ഇടയുണ്ട് എന്ന നിരീക്ഷണമാണ്. ഗവേഷണത്തിനും പുതിയ അറിവിന്റെ നിർമ്മാണത്തിനും ഈ ഭരണകൂടം എന്നും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. അസഹ്യമായ ചോദ്യങ്ങൾ ഗവേഷകരിൽ നിന്നുണ്ടാവുമെന്ന തിരിച്ചറിവ് തന്നെയാണ് ഈ നിർദ്ദേശത്തിനുമാധാരം എന്ന് പറയേണ്ടതില്ലല്ലോ.

മൂന്നാമതായി, Higher Education Financing Agency (HEFA) എന്ന 2016-17 ബഡ്ജറ്റിലെ നിർദ്ദേശമാണ്. 1000 കോടി രൂപയുടെ നിക്ഷേപമുള്ള ഈ സംവിധാനത്തിന്റെ സ്വഭാവം എന്തെന്ന് വ്യക്തമല്ല. ഈ പണം കണ്ടെത്തുന്നത് കമ്പോളത്തിൽനിന്നും, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നും ആണ്. ഉന്നതവിദ്യാഭ്യാസരംഗത്തെ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കാനെന്ന പേരിൽ ഈ പണം

മുതലാളിത്ത രാജ്യങ്ങൾ ഇന്ന് പിൻതുടരുന്ന ചിലവുചുരുക്കൽ നയങ്ങൾ തന്നെയാണ് ഇന്ത്യയിലെ എൻ.ഡി.എ. സർക്കാരും പിൻതുടരുന്നത്. ഈ നയങ്ങളുടെ പ്രതിഫലനമാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അടക്കമുള്ള ഗ്രാമീണ മേഖലയിലെ വരുമാനശോഷണം നിയന്ത്രിക്കുന്നതിൽ കുറച്ചെങ്കിലും സംഭാവന ചെയ്ത തൊഴിലുറപ്പ് പദ്ധതിപോലുള്ളവയിലേക്ക് യഥാർത്ഥ വിഹിതം കുറക്കുന്നതിന് വഴിയൊരുക്കിയത്. വിദ്യാഭ്യാസ ആരോഗ്യമേഖലകളിലും ഈ ചിലവുനിയന്ത്രണരീതി ഇന്ന് കാണാവുന്നതാണ്.

വിദ്യാഭ്യാസരംഗത്ത് ഈ ചിലവ് ചുരുക്കൽ ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ദളിത്, പാർശ്വവത്കൃത വിദ്യാർത്ഥി സമൂഹത്തെയാണ്. ഈ പശ്ചാത്തലത്തിലാണ് രാജ്യത്ത് ഇന്ന് രൂപപ്പെട്ടുവരുന്ന ദളിത് വിദ്യാർത്ഥി പ്രക്ഷോഭത്തെ നോക്കിക്കാണേണ്ടത്.വികസനനയങ്ങളുടെ ഫലമായി പാർശ്വവത്കൃതരായ ഈ ജനവിഭാഗത്തെയാണ് ഇന്നത്തെ മേൽക്കോയ്മാ ദേശീയത ദേശവിരുദ്ധരായും രാജ്യദ്രോഹികളായും മുദ്രകുത്തുന്നത്. അവർ ഉയർത്തുന്ന ബഹുസ്വരതകളെ ദേശവിരുദ്ധതയായി ചിത്രീകരിച്ച്, ദേശീയതയെ സംവാദങ്ങൾ അവസാനിക്കുന്ന ഇടമായി ചുരുക്കുന്നത്. ഇതിനെ ചെറുക്കേണ്ടത് ഉന്നതവിദ്യാഭ്യാസത്തെ സംരക്ഷിക്കേണ്ട കടമയുള്ള അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും കർത്തവ്യമാണ്. കേരളത്തിലെ കാമ്പസ്സുകളിലും പ്രതിഷേധം ഉയർന്നുവരണം. വൻപിച്ച ഒരു ജനകീയ മുന്നേറ്റത്തിലൂടെയല്ലാതെ രാജ്യം ഇന്നു നേരിടുന്ന ധൈഷണികമായ ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാവുകയില്ല.



# From Activism to 'Ecotage'? The Future of Environmental Advocacy in India

**Sindhuja M**


N.S.S. College, Cherthala.



A decade and a half into the twentieth century, one of the most pressing problems facing humanity is that of environmental degradation and anthropogenic climate change. The need to sustain a growing population and to ensure continued economic progress has resulted in many ecological disasters in the past century. Alarmingly, the frequency and magnitude of such disasters are growing with each passing year. The silver lining is that there has been an increase in environmental consciousness among the general public. Commercial entities too have begun to seriously take note of the need to be accountable towards the environment. 'Green' movements such as Green Design, Green Marketing, Green Consumerism and Eco-labelling are catching on. However, these effects are largely confined to developed nations where environmental activism is well established and held in high regard.

Developing nations such as India have not been as enthusiastic about embracing ecologically sustainable policies. There is a prevalent notion in the bureaucracy that environmental activism holds back economic development and progress. Environmental concerns are often sidelined by commercial interests or the need to develop new or better infrastructure. Consequently, there is a great deal of public debate in India over policy decisions involving ecologically sensitive issues. Increasing public awareness and participation in such matters has resulted in a strong level of grassroots environmental activism in India. With the help of able leaders from socio-cultural and literary milieus such movements have enjoyed a lot of success in the past.

The Chipko Movement of the 1970s campaigned successfully against deforestation with villagers simply clinging to trees to protect them. The eighties were the high water mark for activism and witness various high profile movements such as the Jungle Bachao Andolan in Bihar, the Navdanya Movement led by Vandana Shiva Ashok Khosla's




Development Alternatives and the Narmada Bachao Andolan helmed by Medha Patkar. In addition to these campaigns, activists have raised public awareness on issues like the protection of critically endangered wildlife, animal rights and protecting the unique genetic heritage of the nation. These movements were able to attract global attention and their success was received with enthusiasm by environmental activists worldwide. These are but the better known among hundreds of environmental movements big and small that have been carried out in the country.

The success seen by these and other movements in the three decades up to the middle of the 1990s has not been replicated since. With renewed interest in economic and industrial growth, environmental concerns have been put on the back burner. Successive governments have cracked down on activists and NGOs and have sought to curtail their operations. Historian Ramachandra Guha terms this 'the fall of Indian Environmentalism'.

Last year saw the government revoking the licenses of nearly 9000 non-profit organizations receiving foreign funding, citing their non-disclosure of assets as the reason. The Indian branch of Greenpeace, an internationally renowned environmental organization, had also come under the government scanner. The government had sought to monitor the activities of NGOs closely as many of them receive foreign funding and could be used to interfere in the internal affairs of the nation. However, such scrutiny also hampers the functioning of these organizations as independent observers providing much needed criticism on the policy decisions taken by the government.

It may be that India is undergoing its own particular version of the 'green scare' - a systematic targeting of environmental activists by the US government that happened in the early 2000s. It is in this situation that the possibility of 'ecotage' as a protest method arises. Ecotage is a portmanteau term derived from 'ecology' and 'sabotage'.It refers to those steps taken to protect the environment by intentionally destroying or crippling the means by which environmental degradation is being caused. The term was coined in 1970s and gained popularity through Edward Abbey's anarchist novel, 'The Monkey Wrench Gang'. Ecotage is also known as 'monkeywrenching' because its effects are similar to throwing a monkey wrench into the mechanism of a working machine.




Ecotage is often the last resort of radical environmentalists when traditional protests, petitions and court cases are not able to achieve any progress. Such protests may target equipment or other property belonging to those responsible destroying the environment. Dave Foreman, one of the founders of 'Earth First!' (a radical environmental activist group) wrote a field guide for ecotage in 1985. In this, he laid down that ecotage should not be targeted at living things and that it should not be mere vandalism. The object of ecotage is to deter entities damaging the environment and to bring public attention to such issues. Being an extralegal method of protest, ecotage is often categorized as crimes or even as acts of eco-terrorism.

Instances of ecotage are not unknown in India. During the early 1900s, the Colonial British Government had taken over large tracts of forest land in the Kumaon region of Northern India for the cultivation of commercially valuable species like pine, sal, teak and deodar. This crippled the autonomy of villagers in the area who depended on less commercially valuable trees. Although various attempts were made to petition the Government to roll back the regulations, none of them had any impact. In the summer of 1921, the villagers resorted to deliberately setting fires and more than 800 square kilometers of pine forest was burned down (Rawat). Consequently, the Government was forced to abandon their plans to commercially develop the region. This example of ecotage targeted only those areas which were being used for commercial interests by the Forest Department. Other equally large areas of broad leaved forests were spared because they were more useful to rural agriculture.

With healthy activism being stifled and subjected to constant monitoring, it may not be long before activists turn to methods like ecotage to make themselves heard. A failure on the part of the government to capitalize on the positive effects of increased environmental consciousness may catalyze such actions. It might be more constructive for the Government to forestall such an eventuality by taking the opinions of NGOs and environmental groups into consideration while framing policy decisions. As long as healthy activism and public debate (both online and offline) are encouraged, India will see more people willing to protect its unparalleled natural heritage and scenic beauty.

References

Guha, Ramachandra. "The Rise and Fall of Indian Environmentalism." Ramachandraguha.in.Web.2008.

Rawat, Ajay Singh, ed. Indian Forestry, a Perspective. Indus Publishing, 1993. Print.

Sulphey, M. M. and M. M. Safeer. Introduction to Environment Management.

The Economic Focus

# Introduction of Goods and Service Tax in India: Probing into the Charms of Anxiety and Serene Hopes

DR. KUMAR.S P

SN College, Kollam




Goods and Services Tax (GST)is a comprehensive indirect tax on manufacture, sale and consumption of goods and services throughout India, to replace taxes levied by the central and state governments. Itsubsumes India's messy plethora of indirect taxes, duties and surcharges into a single tax. The GST taxation laws will put an end to multiple taxes which are levied on different products, starting from the source of manufacturing to reaching the end consumer.The seller or service provider may claim the input credit of tax which he has paid while purchasing the goods or procuring the service. It is basically a tax on final consumption. More than 140 countries across the world have already adopted the GST framework effectively.

The GST is a dual taxation regime, where the two components will be onlyCentral GST (CGST) and State GST (SGST). Under such a nomenclature the total amount of GST for any goods or service will be distributed in both State and Central exchequers. At the centre's level, GST takes the place of central excise duty, service tax and additional customs duties. At the state level, the GST will take the place of state Value Added Tax (VAT), purchase tax, luxury tax, octroi, tax on lottery and gambling. Integrated Goods and Service Tax (IGST) otherwise called interstate goods and service tax is a component of GST. It is not an additional tax but it is a system to examine the interstate transactions of goods and services and to further assure that the tax should be received by the importer state as GST is a destination based tax. The implementation of GST would ensure that India provides a tax regime that is almost similar to the rest of the world. It will also improve the international cost competitiveness of native goods and services.

### GST Vs VAT

VAT is applicable for goods sold and not for services. Service tax takes care of services rendered. However, GST will be applicable for both goods and services, and will have a uniform pricing. Very simply put, VAT is the tax a manufacturer has to pay for the additional values created. So, if the raw material costs Rs. 50 and finished product costs Rs. 100, the value added to raw material is RS. 50. However, the VAT applicable on Rs. 100 and Rs. 50 will be based on the VAT guidelines and the difference of those tax amounts needs to be paid by the manufacturer.

GST is essentially riding on the VAT calculation but with uniform taxation across goods and services. This is exceptionally easy computability as some goods are sold as services, like a food in a restaurant, and vice versa. The proposed framework rides on the current principles but is slightly different when it calculates the interstate sales.Currently, no tax credits are provided for interstate transactions. The interstate sales are handled by an integrated GST model. This system ensures correct allocation of SGST and CGST, and the correct flow of money between the state and central exchequers.The advantage of GST over VAT could be easily understandable through the following chart;




The above example makes it evident that the tax paid on sale within state can be claim against tax paid on sale outside state in GST system, which is not in the present tax system.The credit of CGST cannot be taken against SGST and credit of SGST cannot be taken against CGST but both credits can be taken against IGST.

The GST system will combine central excise duty, additional excise duty, service tax, state VAT, entertainment tax etc under one banner. The rate of GST is expected to be around 18% and it depends on the consensus between both central and state governments.The salient features of the goods and service tax bill, passed by the legislature after certain modifications are as follows:

1. The most significant GST feature is that it is expected to supersede a majority of the existing ineffective taxes including service tax, countervailing duty and also luxury taxes.

2. One of the GST features promises to be effective because consumers will have to pay the tax at the final level of the transactions and not at various levels. This will help improve the distorted economy and will also help in the holistic development of the same.

3. GST will comprise of two components: one imposed by the center and the other by the state known as the State GST.

4. GST will be imposed on each and every transaction of the goods, barring only a few of them, which are exempted from the purview of GST.

5. Certain goods including liquor, tobacco and petroleum have been exempted from the purview of GST. This has been done to provide support to the states.

6. In the case of inter-state trading, the center can impose an integrated GST on the import of the products being traded. The final amendment of the bill states that the CGST and the centre share of IGST will be distributed between the centre and the states.

7. Another important feature of the GST is the GST council. The council can recommend the division of the sum of money collected by the imposition of the tax.

8. The GST council will be headed by the Union Finance Minister and will be consisting of the Union Minister of the state in charge of finance and the minister in charge of the finance or taxation.

9. The law also proposes for compensation to the states for the loss of funds caused by the imposition of the GST without imposing additional tax of 1%.

10. For maximum of 5 years union will compensate states for the revenue losses arising out of GSTimplementation.

## Advantages of GST

Apart from full allowance of credit, there are several other advantages of introducing a GST in India:

1. Reduction in prices: Due to full and seamless credit, manufacturers or traders do not have to include taxes as a part of their cost of production, which is a very big reason to say that we can see a reduction in prices. However, if the government seeks to introduce GST with a higher rate, this might be lost.

2. Increase in Government Revenues: This might seem to be a little vague. However, even at the time of introduction of VAT, the public revenues actually went up instead of falling because many people resorted to paying taxes rather than evading the same. However, the government may wish to introduce GST at a Revenue Neutral Rate, in which case the revenues might not see a significant increase in the short run.

3. Less compliance and procedural cost: Instead of maintaining big records, returns and reporting under various different statutes, all assesses will find comfortable under GST as the compliance cost will be reduced. It should be noted that the assesses are, nevertheless, required to keep record of CGST, SGST and IGST separately.

4. Move towards a Unified GST: Internationally, the GST is always preferred in a unified form (that is, one single GST for the whole nation, instead of the dual GST format). Although India is adopting Dual GST looking into the federal structure, it is still a good move towards a Unified GST which is regarded as the best method of Indirect Taxes.


5. States like Kerala and other consumer states have additional revenue because major share of taxes in the service sector will come under the preview of the states.

In addition to the above mentioned specified factors, GST will remove double taxation and enable better compliance through the lowering of overall tax burden on goods and services. It is anticipated to help in establishing an effective and transparent tax administration andcan protect small and medium enterprises from unhealthy competition of big corporate. Moreover it will be helpful to the government for increasing revenue and gives transparency in tax collection mechenanism. Thus the GST encourages an unbiased tax structure that is neutral in business process, business models, organisation structure, product substitutes and geographical locations.

## Key issues in the GST

1. Loss of revenue for states- States are going to be compensated for it, further Alcohol has been left out of the purview of GST. Petroleum products will be dealt with at a later stage in the GST Council with states on board.

2. Loss of fiscal autonomy of the states - although the GST Council will be a very important player in tax related matters there will be democratic functioning of the Council. The voting powers will be shared between Centre and States in the ratio 33.33:66.66. Centre and States will have veto and minimum 75% votes will have to be secured for adopting a decision






3. The additional 1% tax levied on goods that are transported across states dilutes the objective of creating a harmonized national market for goods and services. Inter-state trade of a good would be more expensive than intra-state trade, with the burden being borne by retail consumers. Further, cascading of taxes will continue.

4. Alternatives to the IGST

The Bill permits the centre to levy and collect GST in the course of inter-state trade and commerce, called the Integrated Goods and Services Tax (IGST). Such tax will be apportioned between the centre and the states in a manner to be decided by a law made by Parliament.

The Tax on services would go up substantially from 14% to 18%

and Tax on retails would be almost double. Moreover imported goods would be taxed at higher rate by around 6%. There will be dual control on every business by central and state governments. So compliance cost will go up. All credit will be available on from online connectivity with GST Network. Hence, small businesses may find it difficult to use the system. State governments virtually lost the power of enhancing some kinds of levies like cess to meet any emergency situation. And, they also fear that those taxes which are not under the purview of GST law will be subsumed to GST in future by the central government.

Even though the implementation process of GST has almost finalized, some existing problems still has to be rectifiedto get wide acceptance. Currently, VAT is the highest contributor in tax revenue of state governments. But after GST reform this will subsumed along with surcharge and cess into GST. Due to which state governments will occur revenue loss. To neutralize their revenue losses states are demanding compensation from union government. At present there are different threshold limits for VAT (5 lacs), service tax (10 lacs) andexcise duty (1.5 crore). But for implementation of GST common threshold limit for all indirect taxes is required. Huge training cost will be incurred for state tax officials training and development since it is considered more complicated than VAT.

**CONCLUSION**


Mr Arun Jaitley (Finance Minister of India) had claimed after introducing the bill in the Lok Sabha that GST can lead to 2 per cent increase in gross domestic product (GDP).But according to a study by the National Council of Applied Economic Research (NCAER), full implementation of GST could expand India's growth of gross domestic product by 0.9 to 1.7 percentage points. By removing the system of multiple central and state taxes, the GST can help in reducing taxation and filing costs and expand business profitability, there by attracting investments and promoting GDP growth. Simplification of tax norms can help in improving tax compliance and increasing tax revenues. Thus the target of GST is to create a common market in the country and remove supply chain distortions arising from different tax rates in different states.

# കോഴിക്കോട് അബ്ദുൾഖാദർ: ഋതുഭേദങ്ങളറിയാത്ത സദിരുകൾ

ഡോ. എൻ. രേണുക
എൻ.എസ്.എസ്. കോളേജ്, ചേർത്തല



ഒരു ദേശത്തിന്റെ സാംസ്കാരിക ചരിത്രം ഒരിക്കലും എഴുതപ്പെടുന്നില്ല. അത് ചിലപ്പോൾ കവിതയായി, കഥയായി, നോവലായി, സംഗീതമായി, ഓർമകളായി പല കാലങ്ങളിൽ ചിതറി വീഴും. അക്കാദമിക ചരിത്രഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെടാതെ പോകുന്ന സൂക്ഷ്മജീവിതങ്ങളെല്ലാം കാലങ്ങൾക്കിപ്പുറം ഉയിർത്തെഴുന്നേൽക്കുന്നത് പലപ്പോഴും കാല്പനികമെന്നും പൈങ്കിളിയെന്നുമൊക്കെ നാം വിളിച്ച് അധിക്ഷേപിക്കുന്ന ജീവിതകഥകളിലൂടെയും സ്മൃതിരേഖകളിലൂടെയുമായിരിക്കും. ഓർമ്മകളെന്നത് ഒരു പ്രവാഹമാണ്. കുട്ടുജീവിതം കാത്തുകിടക്കുന്ന പ്രവാഹം. കോഴിക്കോട് അബ്ദുൾഖാദർ എ്ന്ന ഗായകനടനെക്കുറിച്ചെഴുതുമ്പോൾ എന്തുകൊണ്ടോ തിക്കോടിയനെക്കുറിച്ചോർമ്മിക്കുന്നു. മലബാറിന്റെ ചരിത്രത്തിന് ഇനിയും വെളിപ്പെടാത്ത ആത്മാവുണ്ടെന്ന തിരിച്ചറിവായിരിക്കണം തിക്കോടിയനെക്കൊണ്ട് 'അരങ്ങുകാണാത്ത നടൻ' എന്ന ആത്മകഥ എഴുതിച്ചത്. കാരണം വിസ്മൃതമായ കണ്ണികളെല്ലാം അതിൽ ജീവൻവച്ചുവരുന്നു. കോഴിക്കോട് അബ്ദുൾഖാദറിനെക്കുറിച്ചും ആകാശവാണിയെക്കുറിച്ചുമെല്ലാം തിക്കോടിയൻ തന്റെ ഓർമക്കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ട്. അത്തരം സൂചനകൾക്കുമപ്പുറം ഏതൊക്കെയോ കണ്ണികൾ കോഴിക്കോടിന്റെ ഉന്മാദസദൃശമായ സായാഹ്നങ്ങളെയും സംഗീതസ്വപ്നങ്ങളെയും ബന്ധിച്ചുനിർത്തുന്നു. കാലവും സങ്കേതങ്ങളും കടന്നുപോകുന്നതറിയാതെ ഭൂതകാലത്തിൽ ജീവിക്കുന്നവരും അനുരഞ്ജിക്കാനാശിച്ചിട്ടും പൊരുത്തപ്പെടാനാകാതെ പകച്ചുനിൽക്കുന്നവരുമെല്ലാം ഏതു ദേശീയതയിലുമുണ്ടാകും. അവർ മഹത്തായ തോൽവിയുടെ പ്രതിനിധികളായി മാറും. കോഴിക്കോട് അബ്ദുൾഖാദറിന്റെ ജീവിതവും ഏതാണ്ട് അത്തരത്തിലാണ് വായിക്കപ്പെടുന്നത്. കോഴിക്കോടിന്റെ സങ്കീർണ്ണമായ സംഗീതബോധങ്ങളും തെരുവുകളുടെ ചരിത്രവും ഖവാലി സംസ്കാരവുമെല്ലാം കൂടിച്ചേർന്ന നൊസ്റ്റാൾജിയയുടെ പരിവേഷങ്ങളാണ് അബ്ദുൾഖാദറിനെയും വിഷാദഗായകനാക്കി മാറ്റിയത്. ദേശം സംഗീതജ്ഞനെ രൂപപ്പെടുത്തുകയും സ്വന്തം നാദഛായകളിലൂടെ സംഗീതജ്ഞൻ ദേശത്തെ അലംകൃത



പിതാവിനോടും സഹോദരങ്ങളോടുമൊപ്പം ലെസ്ലി ആൻഡ്രൂസ്. (പിൻനിരയിൽ വലത്തേയറ്റം) തൊട്ടുമുന്നിൽ ഇരിക്കുന്ന സഹോദരിയോടൊപ്പമാണ് ബർമ്മയിൽ അദ്ദേഹം താമസിച്ചത്.

മാക്കുകയും ചെയ്യുന്ന പരസ്പരപൂരകമായ പ്രതിഭാസം.


ദേശാന്തരങ്ങളുടെ തളിർപ്പുകൾ ഉള്ള ശബ്ദവും സംഗീത ശൈലിയുമായിരുന്നു അബ്ദുൾഖാദറിന്റേത്. മതപരവും ജാതീയവും സാമ്പത്തികവുമായ ഭിന്നതകൾ പ്രാദേശിക സംഗീതരൂപങ്ങളിൽ പോലും കലർപ്പുകളുണ്ടാക്കി. ഇടഞ്ഞിടഞ്ഞുപോകുന്ന അത്തരം ശൈലികൾക്ക് കേരളത്തിൽ വേരുകളുണ്ടായത് ഫോർട്ട്കൊച്ചിയിലും മട്ടാഞ്ചേരിയിലും കോഴിക്കോട്ടുമാണ്. അലച്ചിലിന്റെയും അഭയാർത്ഥിത്വത്തിന്റെയും കുടിയേറ്റങ്ങളുടെയും കച്ചവടത്തിന്റേതുമായ സാംസ്കാരിക ഭൂമിശാസ്ത്രമാണ് ഈ പ്രദേശങ്ങൾക്ക് അവകാശപ്പെടാനുള്ളത്. ഗസലുകളുടെയും സൂഫി പാരമ്പര്യങ്ങളുടെയും യൂറോപ്യൻ മെലഡികളുടെയും ഒപ്പേറകളുടേതുമായ മിശ്രസംസ്കാരം. തുറമുഖനഗരികളിൽ സ്വാഭാവികമായുണ്ടാകുന്ന ഇടർച്ചകളുടെയും ലയനത്തിന്റേതുമായ സംസ്കാരമാണ് ഈ ദേശങ്ങളിലെ ഗായകരെയും സ്വാധീനിച്ചത്. അവരുടെയെല്ലാം ജീവിതത്തിന് ചില നിഗൂഢതകളുണ്ടായിരുന്നു. ഒരു പക്ഷേ അവർ അതൊന്നും ആഗ്രഹിച്ചില്ലെങ്കിൽ പോലും! വ്യവസ്ഥകൾക്കും സമയബോധങ്ങൾക്കും വഴിപ്പെടാത്ത ആ ജീവിതങ്ങൾ ദീർഘമായ ആലാപുകൾ പോലെ ഏകാന്തവും വന്യവും നിശ്ശബ്ദവുമായി ഒടുങ്ങി. മഹാ നഗരങ്ങളിലെ സായാഹ്നങ്ങളിൽ, ഒറ്റ മുറികളിൽ, കല്യാണ വീടുകളിലെ ഉത്സവഭരിതമായ രാവുകളിൽ, കടത്തിണ്ണകളിൽ എന്തിനെന്നറിയാതെ അവർ പാടിയലഞ്ഞു. പാട്ടിൽ ഉലഞ്ഞുവരുന്ന ഇരുൾക്കയങ്ങളെയും ആരമനാളങ്ങളെയും അഭിമുഖീകരിക്കാനാകാതെ ചിലർ ലഹരികൾക്കടിപ്പെട്ടും പാതിവഴിയിൽ അവസാനിപ്പിച്ചും കടന്നുപോയി. നിറഞ്ഞ സദസ്സിനു മുൻപിൽ അപമാനിക്കപ്പെട്ടും നിസ്സഹായതകൾ നേരിട്ടും തുടർന്നു പാടാനാകാതെ കരഞ്ഞു. അവർക്ക് സംഗീതം ആത്മാവിന്റെ പരീക്ഷണശാലയായിരുന്നു. ആത്മപ്രകാശ

നത്തിനുള്ള ഉപാധിയായിരുന്നു. ഓരോ വിസ്താരങ്ങളിലും വർണ്ണച്ഛായകളിലും രാഗഭേദങ്ങളിലും പിടയുന്ന നാദതന്തുക്കളിലും അവരുടെ തന്നെ ജീവിതത്തെ അഭിമുഖീകരിക്കുകയുമായിരുന്നു. വിവർത്തനങ്ങൾക്കു പോലും അപ്രാപ്യമായ solitude എന്ന അവസ്ഥയാണ് കേരളത്തിലെ ആദ്യകാല ജനകീയസംഗീതത്തിനും പാട്ടുകാർക്കും ദാർശനികതയുടെ മാനം നൽകിയത്.


കോഴിക്കോട് അബ്ദുൾഖാദർ ഇത്തരം മനോഭാവങ്ങളുടെ കാവൽക്കാരനും ഇരയുമായിരുന്നു. പകലറുതിയിൽ ചലച്ചിത്രസംഗീതത്തെക്കുറിച്ചുണ്ടായിരുന്ന സ്വപ്നങ്ങളെല്ലാം അസ്തമിച്ചുപോയി. എങ്കിലും തെരുവുകൾക്കും സുഹൃത്തുക്കൾക്കും മെഹ്ഫിലുകൾക്കും തന്റെ സംഗീതം ആവശ്യമാണെന്ന് പ്രത്യാശിച്ചു. പരിതാപങ്ങളില്ലാതെ ജീവിതം തുടർന്നുപോയി. ആസ്വാദകർക്കു മുൻപിലാണ് കോഴിക്കോട് അബ്ദുൾഖാദർ ദുരന്ത ഗായകനായി മാറിയത്. അതിന് അനേകം കാരണങ്ങളുണ്ടായിരുന്നു. ചില മുദ്രകൾ മരണത്തേക്കാൾ ഭയാനകമാണ്. തൊഴിലാളി സമരങ്ങൾക്ക് വിഷാദച്ഛായകൾ നഷ്ടമായി. ജനാധിപത്യം പുലരണമെന്ന് ആഗ്രഹിച്ചിരുന്നവർക്കെല്ലാം അത് ലഭിച്ചിരിക്കണം. സമരഗായകർക്ക് മാത്രം അവരുടെ ആത്മവീര്യം നഷ്ടമായി. കോഴിക്കോട് അബ്ദുൾഖാദറിന്റെ ജീവചരിത്രങ്ങൾ പലതും കൂട്ടിവായിക്കുമ്പോൾ ശോകത്തിന്റെ മേലങ്കികൾ മാത്രമാണ് ആ സംഗീതജ്ഞന് സ്വന്തമായുണ്ടായിരുന്നത്. ഏകതാനമായ ശൈലിയിലും ശബ്ദത്തിലും നിരന്തരം പാടിക്കൊണ്ടിരുന്ന കോഴിക്കോട് അബ്ദുൾഖാദറിന്റെ സംഗീതം വൈയക്തികമായ വിഷാദം ധ്വനിപ്പിച്ചിരുന്നതൊഴിച്ചാൽ അതിൽ ദുരന്തച്ഛായകൾ ഉണ്ടായിരുന്നോ? ഒരു സംഗീതജ്ഞന്റെ ജീവിതവും പാട്ടും പരസ്പരപൂരകമായി വരേണ്ടതുണ്ടോ? വ്യക്തിയുടെ വിഷാദത്തേക്കാൾ ഒരു കാലഘട്ടത്തിന്റെ സ്വഭാവമാണോ ആ ശബ്ദത്തിൽ പ്രതിഫലിച്ചിരുന്നത്? സംശയങ്ങൾ ബാക്കിയാണ്. പതികാലത്തിൽ ഉണർന്നുണർന്നുവരുന്ന അബ്ദുൾഖാദറിന്റെ ശബ്ദം നിറയെ അജ്ഞാതമായ ദുഃഖമായിരുന്നുവെന്നത് പുതിയ ഒരറിവല്ല. സൗണ്ട് ടെക്നോളജികളൊന്നും വികസിക്കാത്ത ഒരു കാലം ആധാരശ്രുതിയോട് പൊരുത്തപ്പെടാൻ യത്നിക്കുന്ന ഒരു മനുഷ്യന്റെ ശബ്ദമായിരുന്നു അബ്ദുൾഖാദറിന്റേത്. സർഗാത്മകമായ സമന്വയ-ഹാർമണി സൃഷ്ടിക്കുക എന്ന യജ്ഞത്തിൽ ഏർപ്പെടുന്ന സംഗീതാന്വേഷി. കേവലം പാട്ടുകാരൻ മാത്രമാവുന്നില്ല അയാൾ. ഹാർമോണിയം മാത്രമാണ് അയാൾക്ക് കൂട്ടാവുക. ഹിന്ദുസ്ഥാന സംഗീതരൂപങ്ങളിൽ സർവസാധാരണമായി ഉപയോഗിച്ചിരുന്ന ഹാരമോണിയം, അബ്ദുൾഖാദറിന്റെ ഗാനങ്ങൾക്ക് മാനുഷികതയുടെ ഗന്ധം നൽകി. വിശേഷിച്ച് ഖവാലികളുമായുള്ള ബന്ധത്തെ ഓർമിപ്പിച്ചുകൊണ്ട് നിലയ്ക്കുന്ന ശ്രുതി. ഹൃദയൈക്യമുള്ള വിരൽത്തുമ്പുകളുടെ താളം കൂട്ടുവന്നു. അബ്ദുൾഖാദറിനെക്കുറിച്ചുള്ള ഓർമകളിലെല്ലാം ആത്മസുഹൃത്തായ എം.എസ്. ബാബുരാജിന്റെ ഹാർമോണിയത്തെക്കുറിച്ച് സൂചനകളുണ്ട്. അത് കേവലം സാങ്കേതികമായ അകമ്പടിയായിരുന്നില്ല. ആത്മബന്ധത്തിന്റെ താളമായിരുന്നു അത്. ഇടപെടുന്ന മേഖലകളില്ലെലാം ഒരു മനുഷ്യൻ പുലർത്തിയ സത്യസന്ധതയുടെയും തന്മയീഭാവത്തിന്റെയും സൂക്ഷ്മാംശങ്ങൾ അബ്ദുൾഖാദറിന്റെ സംഗീതത്തെ അന്യൂനമാക്കിത്തീർത്തു. 'മലബാർ സൈഗൾ' എന്നു വിശേഷിപ്പിക്കപ്പെടാൻ കാരണം പോലും ഈ empathy ആയിരിക്കണം. കോഴിക്കോട് നഗരങ്ങളിൽ വന്നുപോയിരുന്ന ഖവാലി സംഘങ്ങൾ. തെരുവിൽ ഉയർന്നുകേട്ട അലച്ചിലിന്റെയും അധ്വാനത്തിന്റെയും ശബ്ദങ്ങൾ. മെ



ഹ്ഫിലുകളിൽ അരങ്ങേറിയ ഭക്തിസാന്ദ്രവും പ്രണയഭരിതവുമായ പലതരം ശബ്ദങ്ങൾ, രബീന്ദ്രസംഗീതത്തിലെ ചില മൂഡുകൾ എന്നിവയെല്ലാം അബ്ദുൾഖാദറിന്റെ സംഗീതത്തിൽ കലർപ്പുകളുടെ ബൃഹദ് വഴികൾ തെളിച്ചു. എങ്കിലും കോഴിക്കോട് അബ്ദുൾ ഖാദറിന്റെ സംഗീതത്തിൽ കാലത്തിന്റെ തുടർച്ചകൾ കണ്ടെത്താനായി എന്നുവരില്ല. അത് ഒരു പ്രത്യേക കാലഘട്ടത്തിന്റെ ശബ്ദമായിരുന്നു. ചില സവിശേഷഭാവങ്ങളെയും വികാരങ്ങളെയും ആവിഷ്കരിക്കുന്ന ഒന്ന്. അതിൽ മനുഷ്യത്വമുണ്ടായിരുന്നു. നവലോകം എന്ന സിനിമയിൽ അബ്ദുൾഖാദർ പാടിയപ്പോൾ മലയാളി സ്വന്തം ശബ്ദത്തെത്തന്നെ കേൾക്കുകയായിരുന്നു എന്ന് പറയുന്നതിന്റെ യുക്തി ഇതാണ്. അവസ്ഥാന്തരങ്ങളോട് വിഘടിച്ചു നിന്ന ശബ്ദം പ്രണയത്തിന്റെ ഏകാന്തവും വിമൂകവുമായ ഒരവസ്ഥയെ മാത്രം അത് ആനയിച്ചുകൊണ്ടേയിരുന്നു. പ്രിയപ്പെട്ടവളോട് സംവദിക്കുക എന്ന ഗസലിന്റെ സൗന്ദര്യശാസ്ത്രത്തോട് ഇഴുകിച്ചേർന്നതിനാലാകണം അദ്ദേഹത്തിന്റെ സമരഗീതികൾക്കുപോലും വിദൂരമായ പ്രതീക്ഷയുടെയും അസമത്വത്തിന്റെയും ഛായ കൈവന്നത്. നവലോകത്തിന്റെ ശബ്ദമായും നവോത്ഥാന ഗായകനായുമൊക്കെ അബ്ദുൾഖാദർ വിലയിരുത്തപ്പെടുന്നതിൽ അക്കാലത്തെ കേരളത്തിന്റെ സാമൂഹ്യശാസ്ത്രം പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടാണ് മന്ത്രസ്ഥായിയിൽ ഒരുതരം മഞ്ഞുഴത്തിലെന്നതുപോലെ ചിരിക്കുന്ന അബ്ദുൾഖാദറിന്റെ ശബ്ദം ഉഴുതുമറിച്ച മണ്ണിന്റെ ഗന്ധം പോലെ മനുഷ്യനെ മനഷ്യനോട് അടുപ്പിക്കുന്നത്. ഗന്ധർവ്വ നഗരികൾ അലങ്കരിക്കുവാൻ പോയ എല്ലാ ആസ്വാദകരെയും ആ ശബ്ദം മണ്ണിലേക്ക് തിരിച്ചുവിളിച്ചു. 'തവ സ്വർഗസംഗീതം വിദൂരം' എന്ന് പലപ്പോഴും ഓർമിപ്പിച്ചു. തൊങ്ങലുകൾ അഴിഞ്ഞുപോയ പ്രണയം തന്നെയായിരുന്നു അതും. വ്യക്തിഗതമായ ഏകാന്തതകൾക്കും നൈരാശ്യങ്ങൾക്കും സ്വപ്നങ്ങൾക്കും ആത്മഭാവം നൽകിയ ഭാവഗീതങ്ങൾ മലയാള കാവ്യചരിത്രത്തിൽ ഉണ്ടോ എന്ന് സംശയമാണ്. അബ്ദുൾഖാദറിനുവേണ്ടി രചിയ്ക്കപ്പെട്ടവയെല്ലാം അടിമുടി ഭാവഗാനങ്ങളായിരുന്നു. ഭാവഗാനങ്ങൾ എന്നൊരു ശാഖ മലയാളത്തിലുണ്ടെങ്കിൽ അത് അക്കാലത്തെ ചലച്ചിത്രഗാനങ്ങൾ തന്നെയായിരുന്നു. അതിന്റെ ആദ്യത്തെ പാട്ടുകാരനായി കോഴിക്കോട് അബ്ദുൾഖാദറിനെത്തന്നെ പറയണം. പരിമിതമായ ചലച്ചിത്രങ്ങളിൽ മാത്രമാണ് അദ്ദേഹം പാടിയത്. 'എങ്ങിനെ നീ മറക്കും' എന്ന ഗാനത്തിന്റെ ഈണങ്ങളിൽ മുഗ്ദ്ധമായിപ്പോയ കാലഘട്ടമുണ്ടായിപ്പോയി. മലയാള ചലച്ചിത്രഗാനരംഗത്ത് അതികായനായി മാറുമെന്ന് ജനം പ്രതീക്ഷിച്ച ഇടങ്ങളിൽ നിന്നെല്ലാം അബ്ദുൾഖാദർ ഒഴിവാക്കപ്പെട്ടു. പല കാരണങ്ങൾ കൊണ്ടും. പിന്നീടുള്ള അദ്ദേഹത്തിന്റെ സംഗീതജീവിതം വഴിത്താരകളിലും മ്യൂ



സിക് ക്ലാസ്സുകളിലും കല്യാണവീടുകളിലും പാർടിയോഗങ്ങളിലും ആകാശവാണിയിലുമായിരുന്നു. അനേകം ലളിതഗാനങ്ങൾ ആകാശവാണിയ്ക്ക് വേണ്ടി അബ്ദുൾഖാദർ പാടിയിട്ടുണ്ട്. അതിൽ ചിലതെല്ലാം സംരക്ഷിക്കപ്പെട്ടു. മറ്റുചിലത് ഒരിക്കലും വീണ്ടെടുക്കാനാവാത്തവിധം ആകാശവാണിയിലെ ലൈവ് റെക്കോർഡിങ്ങിനിടയിൽ നഷ്ടപ്പെട്ടുപോയി. വ്യക്തിയുടെ ഏകാകിതകൾ ഉറഞ്ഞുകൂടിയ ഭാവഗാനങ്ങൾ തന്നെയായിരുന്നു അവയെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. കവിത എന്ന സാഹിത്യരൂപത്തിൽ നിന്ന് ഭിന്നമായി ജനകീയമായ ഭാവഗാനപാരമ്പര്യം മലയാളത്തിൽ നിലനിന്നിരുന്നു എന്ന വസ്തുത കൂടിയാണ് അബ്ദുൾഖാദറിന്റെ പാട്ടുകൾ തെളിയിക്കുന്നത്. അതിന് മതമില്ല. ഒന്നിനോടും അന്ധമായ കടപ്പാടുകളില്ല. ആത്മാലാപത്തിന്റെ ഭാഷയൊഴികെ മറ്റ് ഒരു പാരമ്പര്യത്തിന്റെയും ഭാഗമാകുവാൻ ശ്രമിച്ചതുമില്ല. നിറയെ പ്രണയവും ഇച്ഛാഭംഗങ്ങളും ഉണ്ടായിരുന്നു. ഗ്രാമഫോണുകൾ ഈ ജീവിതത്തിന് നഷ്ടവസന്തത്തിന്റെ പരിവേഷം സമ്മാനിച്ചു. രബീന്ദ്രനാഥ ടാഗോറിന്റെ കാവ്യസങ്കല്പങ്ങൾ പിന്തുടർന്ന് നിരവധി ഇമേജുകൾ മലയാളകവിതയിലും ചലച്ചിത്രഗാനരംഗത്തും വന്നുകൊണ്ടിരുന്ന ഘട്ടംകൂടിയായിരുന്നു അത്. മലയാളത്തിൽ 'ടോണൽ കളർ', 'റിഥമിക് പാറ്റേൺ' എന്നിവയിൽ നിന്നെല്ലാം അത്തരം രചനകൾ വേറിട്ടുനിന്നു. ലിപി മലയാളമായിരിക്കുകയും അവബോധങ്ങളിൽ അന്യസ്വരങ്ങൾ അലയടിക്കുകയും ചെയ്യുന്നു. 'പാടാനോർത്തൊരു മധുരിതഗാനം', 'പരിതാ




പമിതേ ജീവിതമേ' തുടങ്ങിയ ഗാനങ്ങൾ ഓർക്കാം. ബംഗാളിന്റെ സംഗീതപാരമ്പര്യങ്ങളുടെയെല്ലാം സമന്വയമാണ് രബീന്ദ്രസംഗീതം. പല കൈവഴികളുടെ തുടർച്ച. പ്രകൃതിയെയും പ്രണയത്തെയും സംബന്ധിച്ച 'പുതുമ'യുള്ള ചില ചിന്തകൾ, ബിംബങ്ങൾ അവയിലുണ്ടായിരുന്നു. അബ്ദുൾഖാദർ പാടിയ പാട്ടുകളിലെ 'ലിറിക്സ്' അതി ന്റ സാഹിതീയത എന്നിവ പരിശോധിച്ചാൽ വിഷാദഗായകൻ എന്നു മുദ്രകുത്തപ്പെടാൻ കാരണം ഗാനരചനയുടെയും സംഗീതസംവിധാനത്തിന്റെയും സവിശേഷതയാണ്. അജ്ഞാതത്വവും അനിശ്ചിതത്വവും വിയോഗവ്യഥകളും പ്രതീക്ഷകളും ഏകതാനതകളും ലയിച്ചുചേർന്ന ഗാനധാരകൾ. മൈക്കും റേഡിയോയും മാത്രമുണ്ടായിരുന്ന അന്നത്തെ കേരളത്തിൽ അബ്ദുൾഖാദറിന്റെ ശബ്ദത്തിന് ആരാധകരുണ്ടായി. നാട്ടുവഴികളിലും തെരുവുകളിലും ചായക്കടകളിലും വീടുകളിലുമെല്ലാം റേഡിയോ ഗാനങ്ങൾ അവരവരുടെ സ്വപ്നരാജ്യങ്ങളിൽ വെച്ചു മലയാളി കേട്ടു. ഓരോരുത്തരും സ്വന്തം ജീവിതത്തിന്റെ ഭാഗമായ അബ്ദുൾഖാദറിനെയാണ് കേട്ടത്. റേഡിയോ ശബ്ദങ്ങൾക്കും ഗ്രാമഫോണുകൾക്കും മാത്രം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്ന വിസ്മയമായിരുന്നു അത്.

കോഴിക്കോട് അബ്ദുൾഖാദർ എന്നത് നാമമാത്രമായ സൂചനയാണ്. അദ്ദേഹത്തിന് മതമില്ലായിരുന്നു. സംഗീതത്തെ മതമായി സ്വീകരിച്ചിരിക്കണം. മിഠായിത്തെരുവിൽ വാച്ച് കട നടത്തിയിരുന്ന ആൻഡ്രൂസ് എന്ന ക്രിസ്ത്യൻ പുരോഹിതന്റെയും മാനിനി എന്ന ഗൗഡസാരസ്വത സ്ത്രീയുടെയും മകനായി 1915ലാണ് അബ്ദുൾഖാദർ ജനിച്ചത്. ലെസ്ലി ആൻഡ്രൂസ് എന്ന പേരിൽ. ചെറുപ്പത്തിൽ തന്നെ അമ്മയെ നഷ്ടമായി. പിതാവിന്റെ വാത്സല്യമനുഭവിച്ചിരുന്നുവെങ്കിലും ബാല്യവുമായി ബന്ധപ്പെട്ട് മാനസികമായ ഒറ്റപ്പെടൽ ലെസ്ലിക്ക് ഉണ്ടായിരുന്നു. ചർച്ച്ക്വയറിൽ അംഗമായിരിക്കുമ്പോൾ തന്നെ അവിടെനിന്ന് മാനാഞ്ചിറ മൈതാനിയിൽ ഓടിയെത്തി ക്രിക്കറ്റും ഫുട്ബോളും കളിക്കുന്നതിൽ ലെസ്ലി താത്പര്യം കാണിച്ചിരുന്നതായി സുഹൃത്തുക്കൾ ഓർമിക്കുന്നുണ്ട്. അതോടൊപ്പം തന്നെ കോഴിക്കോട് നിരന്തരം വന്നുപോയിരുന്ന ഖവാലി സംഘങ്ങളുടെയും ഉസ്താദുമാരുടെയും സംഗീതം കേൾക്കുന്നതിലും ലെസ്ലി തല്പരനായി. ലെസ്ലിയുടെ വ്യവസ്ഥയില്ലാത്ത ജീവിതം കണ്ട് പിതാവായ ആൻഡ്രൂസ് മകനെ ബർമ്മയിലുള്ള മകളുടെ അടുത്തേയക്ക് അയച്ചു. ബർമ്മയിൽ നിന്ന് തിരിച്ചെത്തിയത് ലെസ്ലി ആയിരുന്നില്ല. മതംമാറി അബ്ദുൾഖാദർ എന്ന പേര് സ്വീകരിച്ചു. മതപരിവർത്തനത്തെക്കുറിച്ച് നിരവധി കഥകൾ പറയുന്നുണ്ടെങ്കിലും അവയൊന്നും ശരിയല്ലെന്നാണ് ഒരു ഭാഷ്യം. ബർമ്മയിൽ വെച്ച് സഹോദരിയുമായി കലഹിച്ച ലെസ്ലി വീടുവിട്ട് ഓടിപ്പോരികയായിരുന്നു. അഭയമില്ലാതെ യാത്രാസൗകര്യമില്ലാതെ. ബർമ്മയിൽ മുസ്ലീങ്ങളുടെ ഒരു സംഘടനയുണ്ടായിരുന്നു. അതിൽ ചേർന്നാൽ താമസവും നാട്ടിലേയ്ക്ക് മടങ്ങാനുള്ള ചിലവും നൽകുമെന്ന് ആരോ പറഞ്ഞതിന്റെ അടിസ്ഥാനത്തിലായിരിക്കണം ലെസ്ലി മതം മാറി മുസ്ലീം

ആയത്. പിന്നീട് കോഴിക്കോട് തിരിച്ചെത്തുന്ന അബ്ദുൾഖാദറിന്റെ ജീവിതത്തിൽ ദിശാവ്യതിയാനങ്ങളുണ്ടാക്കുന്നത് കുഞ്ഞുമുഹമ്മദ് എന്ന സംഗീതപ്രേമിയായ ഒരു പോലീസ് കോൺസ്റ്റബിൾ ആയിരുന്നു. എം.എസ്. ബാബുരാജും കെ.ടി. മുഹമ്മദുമെല്ലാം രൂപപ്പെടുന്നത് ഈ കോൺസ്റ്റബിളിന്റെ തണലിലാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി യോഗങ്ങളിൽ നിരന്തരം സമരഗാനങ്ങൾ പാടിയും നാടകങ്ങളിൽ അഭിനയിച്ചും അബ്ദുൾഖാദർ മലബാറിന്റെ കലാചരിത്രത്തിൽ ഇടംനേടി. ചലച്ചിത്രഗാനരംഗത്തും ഉയർന്നുവന്നു. കുഞ്ഞഹമ്മദിന്റെ സഹോദരിയെ വിവാഹം ചെയ്തു. അബ്ദുൾഖാദറിന്റെ പിൻഗാമി എന്നു പറയാൻ സാധിക്കുന്ന നജ്മൽബാബു ഈ ബന്ധത്തിൽ ഉണ്ടായ മകനായിരുന്നു. കാലങ്ങൾക്കു ശേഷം നിരാലംബയായ ബാല്യകാല സുഹൃത്തിനെ, കോഴിക്കോട് ശാന്താദേവി എന്ന അഭിനേത്രിയാക്കി മാറ്റി. ദാരിദ്ര്യവും അനാഥത്വവും മൂലം തെരുവിലേക്കിറങ്ങാതിരിക്കുവാൻ ശാന്താദേവിയെ വിവാഹം കഴിച്ചു. ശാന്താദേവിയിൽ ഉണ്ടായ സത്യജിത്ത് എന്ന മകൻ അബ്ദുൾഖാദറിന്റെ ഗാന പാരമ്പര്യത്തിൽ തന്നെ പാടിവന്നു. നജ്മൽ ബാബുവും സത്യജിത്തും അദ്ദേഹത്തിന്റെ ഗാനങ്ങളെല്ലാം തുടർന്നു പാടി. സത്യജിത്ത് അകാലത്തിൽ മരിക്കുകയായിരുന്നു. സ്വയംഹത്യ. മതങ്ങളുടെ എല്ലാവിധ കാർക്കശ്യങ്ങളിൽ നിന്നും നിയമങ്ങളിൽ നിന്നും ഭിന്നമായ കുടുംബബന്ധസങ്കല്പങ്ങളിലാണ് അബ്ദുൾഖാദർ ജീവിച്ചത്. വ്യവസ്ഥാപിതമായ എല്ലാ സങ്കല്പത്തെയും ധീരവും സ്വാഭാവികവുമായി മറികടന്നുവെങ്കിലും ശബ്ദത്തിലൂടെ തലമുറകളെ പ്രകമ്പനം കൊള്ളിച്ചുവെങ്കിലും അബ്ദുൾഖാദർ എന്ന വ്യക്തി ജീവിതത്തിൽ പരാജയപ്പെട്ടുകൊണ്ടേയിരുന്നു. അസഹ്യമായ ദുരന്തങ്ങൾ ഏറ്റുവാങ്ങി. തെരുവിൽ തോറ്റ ജനതയുടെ പ്രതിനിധി തന്നെയായിരുന്നു



വാസുപ്രദീപ്



കോഴിക്കോട് ശാന്താദേവി

അബ്ദുൾഖാദറും. കാലഘട്ടം, ഗാനരചന, സംഗീത സംവിധാനം, ഗാനശൈലി, ശബ്ദം, ജീവിതദുരന്തങ്ങൾ എന്നിങ്ങനെ അനേകം കാര്യങ്ങളുടെ ഒത്തിണക്കമാണ് കോഴിക്കോട് അബ്ദുൾഖാദർ എന്ന വിഷാദഗായകനെ സൃഷ്ടിച്ചത്. ഒരു കാലത്തിനുശേഷം സംഗീതത്തിൽ നിന്നു പിൻവാങ്ങിയ അദ്ദേഹം പ്രാവുകളെ താലോലിച്ചും റേഡിയോയിൽ ക്രിക്കറ്റ്/ഫുട്ബോൾ കമന്ററികൾ കേട്ടും പരിഭവങ്ങളില്ലാതെ ജീവിച്ചു. 'എന്നെ അന്വേഷിച്ചു പറന്ന പറവകൾ എന്നെ കണ്ടെത്താനാവാതെ എന്നിലേക്ക് തന്നെ മടങ്ങിവന്നിരിക്കുന്നു' എന്ന കവിതാശകലത്തെ ഓർമിപ്പിക്കുംവിധമുള്ള ജീവിതമായിരുന്നു അബ്ദുൾഖാദറിന്റേത്. സൂഫി പാരമ്പര്യങ്ങളിൽ അഗാധമായ വേരുകളുള്ള ഹിന്ദുസ്ഥാനി സംഗീതം കേട്ടും പരിചയിച്ചും ശീലിച്ചും വളർന്ന ഒരു പാട്ടുകാരന് ജീവിതത്തോട് കലഹിക്കാനും മത്സരിക്കാനുമാവില്ല. ആകാശത്തേയ്ക്ക് പറന്നുപോയ പ്രാവുകളെ നോക്കി ദീർഘനേരം നിന്നിരുന്ന അബ്ദുൾഖാദറിന്റെ ചിത്രം യു.എ. ഖാദർ അനുസ്മരിക്കുന്നുണ്ട്. ഗാഢമായി സ്നേഹിക്കുന്നതുകൊണ്ടാണ് വളർത്തുപക്ഷികളെ കൂടുതുറന്ന് സ്വതന്ത്രരാകാൻ നാം അനുവദിക്കുന്നത്. അതിൽ സ്വാർത്ഥതകളും പിടിവാശികളുമില്ല. ഇതൊരു ജീവിതദർശനമാണ്. സംഗീതലോകത്തുനിന്ന് പിൻവാങ്ങിയ അബ്ദുൾഖാദറിനെ നയിച്ചിരിക്കുക മമതകളുടെ ഈ ദർശനമായിരിക്കും.

കോഴിക്കോട് അബ്ദുൾഖാദർ അടിസ്ഥാനപരമായി ഒരു പ്രണയഗായകനായിരുന്നു എന്ന് സുധീർഷാ

College Teacher Oct.iobFORM 6 A



*ബാബുരാജ്, കെ. രാഘവൻ, പി. ഭാസ്കരൻ*

എഴുതുന്നത് ശരിയാണ്. പ്രണയത്തിന്റെ നിത്യനൂതനത്വങ്ങളും ഭാവാന്തരങ്ങളും വേർപാടിന്റെ വ്യഥകളും മമതകളുമുള്ള ഗസലിന്റെ സംസ്കാരം കേരളത്തിന് അന്യമാണ്. ഒറ്റപ്പെട്ട ആസ്വാദനങ്ങളെ പരിഗണിച്ചു കൊണ്ടുതന്നെയാണിത് പറയുന്നത്. കേരളത്തിന്റെ സാമൂഹ്യസങ്കീർണ്ണതകളെപ്പോലും ഉൾക്കൊള്ളുവാൻ വ്യാപ്തിയുള്ള നവോത്ഥാനവിഷയമായിരുന്നു പ്രണയം. ജീവിതത്തെയാകെ ചൂഴ്ന്നുനിൽക്കുന്ന, മമതകളുള്ള മനോഭാവമായി പ്രണയത്തെ മലയാളി അംഗീകരിക്കുന്നുണ്ടോ എന്ന് സംശയമാണ്. അപകടകരമായ മനോഭാവമായി പ്രണയത്തെ സമീപിക്കുന്ന, പ്രായോഗികബുദ്ധി കൂടുതലുള്ള ഹിപ്പോക്രസികളിൽ പുലരുന്ന ഒരു സമൂഹത്തിന് കോഴിക്കോട് അബ്ദുൾഖാദറിനെ പരാജയപ്പെട്ട ഗായകനായി മാത്രമേ അറിയാൻ കഴിയൂ. അലച്ചിലിന്റെ ഗന്ധവും പ്രണയത്തിന്റെ യാതനകളും ഉള്ള ഒരു ഗായകന് എങ്ങനെ അതിജീവിക്കാനാകും? നമുക്ക് പ്രണയം 'ഇന്ദ്രനീലം കൊണ്ടു മാനത്തു തീർത്ത ഗന്ധർവ്വരാജാങ്കണ'ങ്ങൾ തന്നെയാണ്. ഭാവനകളിൽമാത്രം ജീവിതമുള്ള ഒന്ന്. മണ്ണിലേയ്ക്കു തന്നെ പിൻമടങ്ങുന്ന മനുഷ്യന്റെ യാഥാർത്ഥ്യങ്ങളിലാണ് അബ്ദുൾഖാദറിന്റെ പ്രണയവും സംഗീതവുമെല്ലാം ജീവിച്ചത്. അമ്പതുകളിൽ കലാകാരന്മാർ അഭിമുഖീകരിച്ച വിവിധതരത്തിലുള്ള പ്രശ്നങ്ങളുടെ സാക്ഷാത്കാരമായി അബ്ദുൾഖാദറിന്റെ ജീവിതകഥ മാറുന്നു. ഈ കഥതന്നെയാണ് 'മത്സരം' എന്ന പേരിൽ ആത്മസുഹൃത്തും നാടകപ്രവർത്തകനുമായ വാസുപ്രദീപ് ആവിഷ്കരിച്ചത്. നടൻ കൂടിയായിരുന്ന അബ്ദുൾഖാദർ ആ നാടകത്തിന്റെ അണിയായി ഉണ്ടായിരുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾ മൂലം ശരീരത്തിലും ആത്മാവിലും തീവ്രമായി സഹിച്ച കലാവ്യക്തിത്വങ്ങൾ. 'മത്സരം' എന്ന പരീക്ഷണനാടകത്തിൽ ഒരു സംഭാഷണമുണ്ട്. ''ഞാൻ ക്രിസ്ത്യാനിയായിരുന്നു. മതം മാറി മുസ്ലീമായി. ഹിന്ദുസ്ത്രീയെ വിവാഹം കഴിച്ചു. ഒരു ഗായകനായിരുന്നു. ഇപ്പോൾ ഒന്നുമല്ല. ഞാൻ ഒരു പാട്ടുപാടാം. രണ്ടുറുപ്പിക തരുമോ? പഴയ സമരഗാനമാണ്. ഇപ്പോൾ അത് ശോകഗാനമായിരിക്കും.'' എല്ലാ കാലങ്ങളിലും കലയും കലാവ്യക്തിത്വങ്ങളും അനുഭവിക്കുന്ന അതിജീവനത്തിന്റെ പ്രശ്നങ്ങളാണിവ.

'എങ്ങിനെ നീ മറക്കും കുയിലേ' എന്ന ഗാനം അബ്ദുൾഖാദറിന്റെ മാസ്റ്റർപീസ് ആയിരുന്നു. മരണം വരെ ഈ ഗാനം പല വേദികളിലും ആലപിക്കപ്പെട്ടു. ചിലപ്പോൾ ശബ്ദമിടറി. തലമുറകൾ മാറുന്നതറിയാതെ... പാതി നിർത്തി പൊട്ടിക്കരഞ്ഞു. തുടർന്നുപാടി. മിഠായിത്തെരുവിലെ പ്രദീപ് ആർട്സിന്റെ ഒറ്റമുറിയിലും മൂപ്പൻസ് ബംഗ്ലാവിലും കല്ലായി റോഡിലെ ഹസ്സൻഭായിയുടെ മുറിയിലും നിതാന്തം പാടിയിരുന്ന അബ്ദുൾഖാദറിനെ കോഴിക്കോട് എന്ന ദേശം എങ്ങനെ ഉൾക്കൊണ്ടു എന്ന് എം.പി. സുരേന്ദ്രന്റെ വാക്കുകളിൽ.

''അമ്പതുകളിലെ കോഴിക്കോട് എന്തിനെയും സ്വീകരിക്കുന്ന നഗരമായിരുന്നു. തീരത്ത് കടലിരമ്പുന്നതുപോലെ സംഗീതം എന്നും അതിന്റെ തിരകളിലുണ്ടായിരുന്നു. കല്ലായിയിൽ തടികൾ ഒഴുകിയെത്തുമ്പോഴും ഈർച്ചമില്ലുകൾക്കിടയിൽ അവ ഉരുപ്പടികളായി മാറുമ്പോഴും അന്നന്നത്തെ മീൻ വലിയങ്ങാടിയിലെത്തുമ്പോഴും കാലിച്ചാക്കുകൾ അടുക്കിവെക്കുമ്പോഴുമൊക്കെ ഒരു സംഗീതമുണ്ടായിരുന്നു. ഹിന്ദുസ്ഥാനി സംഗീതവും മെഹ്ഫിലുകളും മാപ്പിളപ്പാട്ടുകളും അതിന്റെ ഏതു വഴിയിലും മൂളിനിന്നിരുന്നു. നൊസ്റ്റാൾജിയയിൽ ജീവിക്കുന്ന നഗരമാണ് ഇന്നും കോഴിക്കോട്.''

പാണ്ടികശാലകളും തെരുവുകളും ദ്രവിച്ചുകൊണ്ടിരിക്കുന്ന ഒരു നഗരത്തിന്റെ സൂചനയല്ല. വിദൂരഭൂതകാലത്തിന്റെ ഇരമ്പങ്ങൾ പശ്ചാത്തലസംഗീതത്തിന്റെ അകമ്പടിയോടെ ശ്രദ്ധിച്ചാൽ കേൾക്കാം. കോഴിക്കോട് അബ്ദുൾഖാദർ പാടിയ പാട്ടുകൾ അദ്ദേഹത്തിന്റെ ജീവിതകഥയുമായി സമന്വയിച്ചുപോകുന്നുവെന്ന കാര്യം വസ്തുതയുണ്ടെങ്കിലും ആ ജീവിതത്തെ ഒരു വിലാപകാവ്യമായി വായിച്ചെടുക്കുന്നതിൽ ഒരു തരം ക്രൂരതയുണ്ട്. അറിഞ്ഞോ അറിയാതെയോ അത്തരം ക്രൂരതകൾ ആവർത്തിക്കപ്പെടുന്നുമുണ്ട്.

''ഞാൻ പാടിയെന്തേ കേഴാൻ
ശോകഭാരം പേറാൻ

വിമൂകഗാനം പാടാൻ....''
''എന്തിന് കവിളിൽ ബാഷ്പധാര
ചിന്തിനീ നീലരാവേ
......................................
പോവതെങ്ങുനീ ഇരുളിൽ മൂഢ
പ്രേമനികേതം തേടി....''
''പരിതാപമിതേ ഹാ ജീവിതമേ
കരയൂ മാനസമേ നീ
കണ്ണീരിൻ കടലിൽ താഴുകയായ് തവ ജീവിതം
കരയൂ ജീവിതമേ....''
''നക്ഷത്രപ്പുണ്ണുകളായി എന്നിൽ
പൊട്ടിയൊലിക്കുന്ന മാനം''

എന്നിങ്ങനെയുള്ള ഗാനങ്ങളിൽ വരുന്ന 'ഞാൻ' 'എന്നിൽ' 'എന്റെ' എന്ന സൂചനകളെല്ലാം ഗായകന്റെ ആത്മബിംബത്തെ സൂചിപ്പിക്കുന്നതാണെന്ന ധാരണകളിൽ നിന്ന് അകന്നുനിൽക്കേണ്ട കാലം കഴിഞ്ഞു. അബ്ദുൾഖാദറിനെക്കുറിച്ചുള്ള കുറിപ്പുകളിലെല്ലാം 'എന്തൊരു തീരാത്ത തീരാത്ത ശോകം' എന്ന പോലെ വിലാപസ്വരം തിരയടിക്കുന്നുണ്ട്. അതിനുമപ്പുറം കോഴിക്കോടിന്റെ സംഗീതപാരമ്പര്യങ്ങളെക്കുറിച്ച്, അബ്ദുൾഖാദറിന്റെ ശബ്ദത്തിന്റെ മൂല്യത്തെക്കുറിച്ച്, സാങ്കേതികതത്വത്തെക്കുറിച്ച്, സംഗീതത്തിന്റെ സാമൂഹ്യശാസ്ത്രത്തെക്കുറിച്ച് ഇനിയും പഠനങ്ങൾ നടക്കേണ്ടതുണ്ട്. അപ്പോൾ മാത്രമാണ് കോഴിക്കോട് അബ്ദുൾഖാദർ എന്ന ഗായകന് ഋതുഭേദങ്ങൾക്കൊപ്പം സഞ്ചരിക്കാൻ സാധിക്കുന്നത്. നദീം നൗഷാദ് എഡിറ്റ് ചെയ്ത 'പാടാനോർത്തൊരു മധുരിത ഗാനം' എന്ന ഓർമക്കുറിപ്പുകളുടെ സമാഹാരവും ഒറ്റപ്പെട്ട കുറിപ്പുകളും നദീം നൗഷാദ് തന്നെ സംവിധാനം നിർവ്വഹിച്ച 'ദേശ് രാഗത്തിൽ ഒരു ജീവിതം' എന്ന ഡോക്യുമെന്ററിയും, ഷാജഹാൻ രചനയും സംവിധാനവും നിർവ്വഹിച്ച 'എങ്ങനെ നീ മറക്കും' എന്ന പേരിൽ ഏഷ്യാനെറ്റ് ന്യൂസിന്റെ പ്രത്യേകപരിപാടിയും കോഴിക്കോട് അബ്ദുൾഖാദറിനെക്കുറിച്ചുള്ള ശ്രദ്ധേയമായ അവതരണങ്ങളാണ്. ഒരുതരത്തിൽ കാലത്തിന്റെ ഉപഹാരങ്ങൾ. ഒരിക്കൽ എംടി സൂചിപ്പിച്ചതുപോലെ സാമ്പത്തിക പ്രതിസന്ധികൾ ഒരു കലാകാരന്റെ ജീവിതം ദുരന്തമയമാക്കുന്നത് സ്വാഭാവികമാണ്. പക്ഷേ അയാൾ നൽകിയ സംഭാവനകൾ വിസ്മരിക്കുന്നത് ക്രൂരതയുമാണ്. വിഷാദത്തിന്റെ മേലങ്കികൾ അഴിച്ചുവെച്ച് കോഴിക്കോട് അബ്ദുൾഖാദർ എന്ന ഗായകൻ അത്തരം ക്രൂരതകളെ അതിജീവിക്കും. ദേശത്തിന്റെ ധമനികളിൽ ഉറഞ്ഞുപോയ ഓർമകൾക്ക് തുടർച്ചകളുണ്ടാകും.

## കോഴിക്കോട് അബ്ദുൾഖാദറിന്റെ ശ്രദ്ധേയമായ ഗാനങ്ങൾ

| | പാട്ട് | ചലച്ചിത്രം | വർഷം | രചന | സംഗീതസംവിധാനം |
|---|---|---|---|---|---|
| 1 | *തങ്കക്കിനാക്കൾ ഹൃദയേ...* | നവലോകം | 1951 | പി. ഭാസ്കരൻ | വി. ദക്ഷിണാമൂർത്തി |
| 2 | *ഭൂവിൽ ബാഷ്പധാരാ...* | നവലോകം | 1951 | പി. ഭാസ്കരൻ | വി. ദക്ഷിണാമൂർത്തി |
| 3. | *മാഞ്ഞിടാതെ മധുര* | നവലോകം | 1951 | പി. ഭാസ്കരൻ | വി. ദക്ഷിണാമൂർത്തി |
| 4. | *സഹജരേ സഹജരേ....* | നവലോകം | 1951 | പി. ഭാസ്കരൻ | വി. ദക്ഷിണാമൂർത്തി |
| 5 | *പരിതാപമിതേ ഹാ ജീവിതമേ...* | നവലോകം | 1951 | പി. ഭാസ്കരൻ | വി. ദക്ഷിണാമൂർത്തി |
| 6 | *ചന്ദ്രനുറങ്ങി താരമുറങ്ങി* | പുള്ളിമാൻ | 1952 | പി. ഭാസ്കരൻ | കെ. രാഘവൻ |
| 7 | *ദൈവമേ കരുണ സാഗരമേ* | അച്ഛൻ | 1952 | അഭയദേവ് | പി.എസ്. ദിവാകർ |
| 8 | *പ്രണയത്തിൻ കോവിലിൽ* | തിരമാല | 1953 | പി. ഭാസ്കരൻ | വിമൽകുമാർ |
| 9 | *ഹേ കളിയോടമേ* | തിരമാല | പി. ഭാസ്കരൻ | വിമൽകുമാർ | |
| 10 | *പാലാഴിയാം നിലാവിൽ* | തിരമാല | പി. ഭാസ്കരൻ | വിമൽകുമാർ | |
| 11 | *താരകം ഇരുളിൽ* | തിരമാല | പി. ഭാസ്കരൻ | വിമൽകുമാർ | |
| 12 | *എങ്ങിനെ നീ മറക്കും* | നീലക്കുയിൽ | 1954 | പി. ഭാസ്കരൻ | കെ. രാഘവൻ |
| 13 | *ഇത്രനാളിത്രനാൾ* | മിന്നാമിനുങ്ങ് | 1957 | പി. ഭാസ്കരൻ | ബാബുരാജ് |
| 14 | *നീയെന്തറിയുന്നു* | മിന്നാമിനുങ്ങ് | 1957 | പി. ഭാസ്കരൻ | ബാബുരാജ് |
| 15 | *നക്ഷത്രപ്പുണ്ണുകളായി ആയിരം* | മാണിക്യക്കൊട്ടാരം | | കണിയാപുരം രാമചന്ദ്രൻ | എം.എസ്. ബാബുരാജ് |

ഗീതാഞ്ജലിയിൽ നിന്ന്: ''കുന്നിക്കുരുക്കൾ പെറുക്കുന്ന കണ്ണനെ-
പാടാനോർത്തൊരു മധുരിതഗാനം
ചെറുകാട് 'നമ്മളൊന്ന്' നാടകം : പച്ചപ്പനന്തത്തേ...
സംഘഗാനം: നമ്മുടെ ജനാധിപത്യ കേരളം വന്നാലേ
'നമ്മളൊന്ന്' നാടകം: 'ഇരുനാഴി മണ്ണിന്നായുയരുന്ന കർഷക...'

ലളിതഗാനം: 'സുഗന്ധസാന്ദ്രജീവിതവസന്തമേ മറഞ്ഞുപോയ്...'
'മാനസമുരളി കേഴുകയായി'
'പാടൂ പുല്ലാംകുഴലേ...'
'സംപൂതമെൻ പ്രേമ സായൂജ്യവല്ലരി'
'രാധേ... രാധേ... രാധേ....'
'മായരുതേ വനരാധേ'

# വിലാപ്പുറങ്ങൾ- സ്ത്രീപക്ഷ വായന

**ലക്ഷ്മി രാധാകൃഷ്ണൻ**

എസ്.ഡി. കോളേജ്, ആലപ്പുഴ



വ്യക്തമായ പദ്ധതിയോടെ ആവിഷ്കരിക്കപ്പെട്ട് സ്വാനുഭവപ്രതീതി ഉളവാക്കുന്ന കഥയുടെ സാന്നിധ്യമാണ് ലിസിയുടെ 'വിലാപ്പുറങ്ങൾ' എന്ന നോവലിനെ വ്യത്യസ്തമാക്കുന്നത്. അത് മറിയയുടെ കഥയാണ്. മറിയയോടൊപ്പം തൃശ്ശിവപേരൂരും പൂരവും പുലിക്കളിയും വിമോചനസമരവും നക്സലൈറ്റ് പ്രസ്ഥാനവുമെല്ലാം കഥയിൽ കണ്ണികളായി ഇഴ ചേരുന്നു.


1950കളിലെ തൃശ്ശൂർ പട്ടണമാണ് നോവലിലെ പശ്ചാത്തലം. നോവലിന്റെ ആദ്യഘട്ടത്തിൽ തൃശ്ശൂർ പട്ടണത്തിലെ ക്രിസ്ത്യൻ തറവാടുകളും അതിലെ അംഗങ്ങളുമാണ് കഥാപാത്രങ്ങളായി വരുന്നത്. എന്നാൽ നോവൽ പുരോഗമിക്കുന്തോറും തറവാടുകളുടെ അകത്തളങ്ങളെ ഒഴിവാക്കി മുഖ്യകഥാപാത്രമായ മറിയയ്ക്കൊപ്പം തെരുവും തെരുവിൽ ജീവിക്കുന്ന പാർശ്വവത്ക്കരിക്കപ്പെട്ടവരും നോവലിലേയ്ക്ക് കടന്ന് വന്ന് ഇരിപ്പുറപ്പിക്കുന്നു. തൃശ്ശൂരിലെ പരമ്പരാഗത ക്രിസ്ത്യൻ തറവാട്ടിൽ ജനിച്ചു വളർന്ന മറിയ എന്ന പെൺകുട്ടി സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ തെരുവിലേയ്ക്ക് ഇറങ്ങി ചെന്ന് ജീവിക്കേണ്ടി വന്നതും അവിടെ സ്ത്രീയെന്ന നിലയിൽ അവർ അഭിമുഖീകരിക്കേണ്ടി വരുന്ന തീക്ഷ്ണമായ അനുഭവങ്ങളുമാണ് കഥയെ മുന്നോട്ട് നയിക്കുന്നത്.

മറിയ എന്ന കേന്ദ്ര കഥാപാത്രവും അവളുടെ ഭാവഹാവാദികളും, വർത്തമാനകാലത്ത് ജീവിക്കുന്ന ഒരു പെൺകുട്ടിക്ക് ഉളവാക്കുന്ന വിസ്മയാനുഭവങ്ങളിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. താൻ അതുവരെ കണ്ട് പരിചയിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തമായ അനുഭവ കാഴ്ചയാണ് മറിയ, പെൺകുട്ടിക്ക് സമ്മാനിക്കുന്നത്. പെൺകുട്ടിയിൽ ഉണ്ടായ അമ്പരപ്പും വിസ്മയവും മറിയയെ അടുത്തറിയുന്നതോടെ പ്രേക്ഷകനിലേക്കും സംക്രമിക്കുന്നു.

വിശുദ്ധ ബൈബിളിലെ കഥാസന്ദർഭം അതേപടി ആവിഷ്കരിക്കുന്നതോടൊപ്പം അതിനൊരു തുടർച്ചയും ലിസി ഒരുക്കുന്നുണ്ട്. മറിയ എന്ന കേന്ദ്രകഥാപാത്രത്തെ ഇവിടെ പ്രതിഷ്ഠിക്കുന്നതിലൂടെ പാപപുണ്യങ്ങളുടെ ആപേക്ഷികതയ്ക്ക് സാധൂകരണം തേടുകയാണ് നോവലിസ്റ്റ്. ''മേലിൽ പാപം ചെയ്യരുത്,'' എന്ന് ഉപദേശിക്കുന്ന രക്ഷകനോട് 'എന്താണ് പാപം' എന്ന് തനിക്ക് വ്യക്ത

" നോവലിലെ കഥയ്ക്ക് മുഖ്യമായി വേണ്ടതു സ്വാനുഭവ പ്രതീതിയാണ് ............ അനുഭവവേദ്യങ്ങളായ കാര്യങ്ങളിലെ മനുഷ്യർക്ക് സുദൃഢമായ പ്രതിപത്തിയുണ്ടാകുകയുള്ളൂ. യഥാർത്ഥ ലോകത്തിന്റെ പ്രതിച്ഛായയെന്നു തോന്നത്തക്കവണ്ണം സ്ഥലകാല വർണ്ണന ചെയ്തും സംഭവങ്ങളെ ഘടിപ്പിച്ചും ജനസാമാന്യത്തിനു പൂർവ്വാധികം ലോകപരിചയം സമ്പാദിക്കുവാൻ ഉതകുന്നതുമായ ഒരു കഥയാണ് ഓരോ വിശിഷ്ട നോവലിലും കാണുന്നത്.

എം.പി.പോൾ,
നോവൽസാഹിത്യം,
പുറം 40 .




മാക്കി തരണമെന്ന് പനങ്കേറി മറിയ ആവശ്യപ്പെടുന്നുണ്ട്. പാപപുണ്യങ്ങളുടെ ശരിതെറ്റുകളോടൊപ്പം ഒരേകുറ്റമാരോപിക്കപ്പെടുന്നവരിൽ പുരുഷനെ കുറ്റവിമുക്തനാക്കി, സ്ത്രീയെ ശിക്ഷിക്കുന്ന സാമൂഹിക നീതിയാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്.

തൃശൂരിന്റെ തനത് ശൈലിയിലുള്ള ഭാഷയിലാണ് കഥാപാത്രങ്ങൾ സംസാരിക്കുന്നത്. തൃശൂർ നഗരത്തിന്റെ സാമൂഹിക സാംസ്കാരിക വൈവിധ്യങ്ങളെ ജീവത്തായി ആവിഷ്കരിക്കുന്ന നോവലിൽ നഗരത്തിന്റെ നാട്ടിടവഴികളിലെ സംസാര ഭാഷ ശ്ലീലാശ്ലീലങ്ങളുടെ വേർതിരിവില്ലാതെ സമൃദ്ധമായി ഉപയോഗിച്ചിരിക്കുന്നു. മലയാള നോവലുകളിലെ പതിവ് ആഖ്യാന തന്ത്രങ്ങളിൽ നിന്ന് തെന്നിമാറിയുള്ള ഇതിവൃത്ത സ്വീകരണത്തിലും കഥാപാത്ര സൃഷ്ടിയിലും ഉള്ള വ്യത്യസ്തത വായനക്കാരന് അനുഭവവേദ്യമാക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിട്ടുണ്ട്. തുടക്കത്തിൽ കുടുംബ ബന്ധങ്ങളുടെ കഥ പറയുന്ന പതിവ് ശൈലിയിലുള്ള നോവൽ എന്ന് തോന്നിയ്ക്കുന്ന വിലാപ്പുറങ്ങൾ ആഖ്യാനം പുരോഗമിക്കുന്നതോടൊപ്പം വ്യത്യസ്തമാനങ്ങൾ കൈവരിക്കുന്നു. ചില ഘട്ടങ്ങളിൽ ഉപകഥകളിലൂടെ പശ്ചാത്തലമായി സ്വീകരിച്ചിരിക്കുന്ന തൃശ്ശിവപേരൂർ നഗരത്തിന്റെ ഉത്ഭവത്തെ കുറിച്ചുള്ള പുരാണകഥയും (തൃശ്ശിവപേരൂർ) മറ്റൊരിടത്ത് തൃശ്ശൂർ പട്ടണത്തിന്റെ ചരിത്രകഥയും (നനഞ്ഞ കരിമരുന്ന്) വിദഗ്ദമായി ഉൾചേർക്കുന്നു.

ചന്തുമേനോനും സി.വി.രാമൻ പിള്ളയും സൃഷ്ടിച്ച ആദർശ പരിവേഷമുള്ള സാങ്കൽപിക സ്ത്രീ കഥാപാത്രങ്ങളിൽ നിന്ന് സമൂഹത്തിലെ യാഥാർത്ഥ്യങ്ങളുടെ ചൂടും ചൂരും നിറഞ്ഞ സ്ത്രീ കഥാപാത്ര ചിത്രീകരണത്തിലേയ്ക്കുള്ള വളർച്ചയെയാണ് വിലാപ്പുറങ്ങളിലെ കേന്ദ്രകഥാപാത്രമായ മറിയ പ്രതിനിധാനം ചെയ്യുന്നത്. ജീവിതാനുഭവങ്ങളിലൂടെ പ്രതിബന്ധങ്ങളെ നേരിടാനുള്ള കരുത്ത് ആർജ്ജിച്ചവളാണ് മറിയ. കഥയുടെ തുടക്കത്തിൽ സാങ്കൽപിക ലോകത്തെ നിറക്കാഴ്ചകളിൽ കഴിയുന്ന മറിയ എന്ന പെൺകുട്ടി എങ്ങനെ 'പനങ്കേറി മറിയ' ആയി രൂപാന്തരപ്പെട്ടു എന്ന അന്വേഷണമാണ് ഒരർത്ഥത്തിൽ വിലാപ്പുറങ്ങൾ.

പീറ്ററിനാൽ തിരസ്ക്കരിക്കപ്പെട്ട മറിയ ആ തിരസ്ക്കാരത്തിന്റെ നോവ് മറികടക്കാനുള്ള ഉപാധിയായാണ് മദ്യത്തെ അഭയം പ്രാപിക്കുന്നത്. അതുവരെ സാധാരണ സ്ത്രീ കഥാപാത്രങ്ങളെ പോലെ കുടുംബത്തിനായി അധ്വാനിക്കണമെന്നും നഷ്ടപ്പെട്ടവ വീണ്ടെടുക്കണമെന്നും തന്റെ മേൽ വരുന്ന പ്രലോഭനങ്ങളെ അതിജീവിക്കണമെന്നും ചിന്തിക്കുന്ന കഥാപാത്രം പൊടുന്നനെ കെട്ടുപാടുകൾ മുറിച്ചെറിഞ്ഞ് അവളുടേതായ 'ആഘോഷ'ങ്ങളിലേയ്ക്ക് കരുത്തോടെ ഇറങ്ങി നടക്കുന്നു.

ലൈംഗികത മറിയയെ സംബന്ധിച്ചിടത്തോളം സ്ത്രീയുടെ സമത്വം ഊട്ടിയുറപ്പിക്കാനുള്ള ഇടം കൂടിയായിരുന്നു. അതിൽ നിന്ന് പുരുഷന് കിട്ടുന്നതെന്തോ അതിൽ കൂടുതലൊന്നും അവളും പ്രതീക്ഷിച്ചിരുന്നില്ല. പ്രതിഫലം നൽകാനൊരുമ്പെട്ടവരെ അത് പണമോ, സ്നേഹമോ ആയാൽ പോലും മറിയ നിഷ്കരുണം ഒഴിവാക്കി. മാത്രമല്ല തന്റെയൊപ്പം ശയിക്കുന്ന പുരുഷൻ തന്നെ തൃപ്തിപ്പെടുത്താൻ പ്രാപ്തിയുള്ളവനായിരിക്കണം എന്ന നിഷ്ക്കർഷ പുലർത്തിയ മറിയ പതിവ് സ്ത്രീകഥാപാത്രങ്ങളിൽ നിന്ന് അമ്പേ വ്യത്യസ്തയായ പാത്ര സൃഷ്ടിയാണ്. കൊട്ടിഘോഷിക്കപ്പെടുന്ന കീഴടക്കലുകളും അതിക്രമങ്ങളും ഭാവനാ സൃഷ്ടിയോ എന്ന് ഒരുവേള സന്ദേഹിക്കുന്ന മറിയ പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ സൃഷ്ടിക്കാവുന്ന അലയൊലികൾ ചെറുതല്ല.

പീറ്ററിൽ ഉണ്ടായ കുട്ടിയെ നോക്കി മറിയയുടെ ആത്മഗതം തിരസ്കാരത്തിന്റെ വേദനയിലൂടെ രൂപപ്പെട്ട അവളുടെ കരുത്ത് വെളിവാക്കുന്നതാണ്.

''ഇവന്റെ തന്ത എന്നെ അറിഞ്ഞില്ല പിന്നെയെങ്ങനെ ഇവനെ അറിയും''

രക്തം രക്തത്തെ തിരിച്ചറിയും എന്ന് തുടങ്ങുന്ന പാടി പതിഞ്ഞ ശീലുകൾക്കെതിരെയുള്ള യുദ്ധ പ്രഖ്യാപനമാണിത്. സ്ത്രീ പുരുഷ ദാമ്പത്യത്തിൽ / ബന്ധത്തിൽ സ്ത്രീയാണ് ആദ്യം തിരിച്ചറിയപ്പെടേണ്ടവൾ എന്നത് നോവലിസ്റ്റ് അർത്ഥ ശങ്കയ്ക്കിടയില്ലാത്തവണ്ണം വെളിവാക്കുന്നു. അടിമുടി തന്റേടിയായ മറിയ ചിലപ്പോഴെങ്കിലും വായനക്കാരന്റെ കണ്ണ് നനയിക്കുന്നുണ്ട്. ''ഈ തള്ള മാത്രം പൊറത്ത് പെഴച്ചവൾ ഇവളാണല്ലോ''. ഉറക്കെ ചിരിച്ച് കൊണ്ട് മറിയ ഉരുവിടുന്ന വാക്കുകൾ ആ കഥാപാത്രത്തിന്റെ ഉള്ളിലെ നോവും തിരസ്ക്കാരവും പ്രേക്ഷകനിലേയ്ക്ക് പകരുവാൻ കെൽപുള്ളതാണ്. പതിവ് മാതൃകയിൽ നിന്ന് മാറി, കരുത്തയായി മറിയയെ സൃഷ്ടിക്കുന്ന നോവലിസ്റ്റ് അവരെ പൂർണ്ണമായും പുരുഷവിദ്വേഷിയായി ചിത്രീകരിക്കുന്നില്ല. തന്റെ സന്തത സഹചാരികളായ ദയാലുവിനോടും കാട്ടാളനോടും പുത്ര, സഹോദര



തുല്യമായ സ്നേഹം സൂക്ഷിക്കാൻ അവൾക്കാവുന്നുണ്ട്. അവളുടെ പതനത്തിന് എല്ലാ അർത്ഥത്തിലും കാരണക്കാരനായ പീറ്ററിനോടു പോലും ചിലപ്പോൾ അവൾക്ക് ക്ഷമിക്കേണ്ടി വരുന്നു. ഇറച്ചി കടയിൽ വച്ച് പച്ചത്തെറി പറയാനാഞ്ഞ മറിയ അത് പീറ്ററിനോടാണ് എന്നത് കൊണ്ട് മാത്രം മുഴുമിപ്പിക്കുന്നില്ല. തന്റെ കളിക്കൂട്ടുകാരനായ കൊച്ചു മാത്തുവിനോട് പോലും സവിശേഷമായ ഒരു ബന്ധം അവൾക്ക് തുടർന്നു പോരാനാകുന്നുണ്ട്.

കൂട്ടബലാത്സംഗത്തിനിരയാക്കപ്പെടുമ്പോൾ പോലും അതിലൊരാളിൽ പ്രണയത്തിന്റെ നുറുങ്ങ് വെട്ടം കണ്ടെത്താൻ അവൾക്കാവുന്നുണ്ട്. യഥാർത്ഥത്തിൽ സാന്ത്വനത്തിന്റെ ഒരുവാക്കോ തലോടലോ ആയിരുന്നു മറിയയ്ക്ക് പ്രണയം എന്ന് നോവലിസ്റ്റ് വെളിപ്പെടുത്തുന്നു. സ്ത്രീയുടേതായ, സ്ത്രീയ്ക്ക് മാത്രം അനുഭവവേദ്യമായ ഒരവസ്ഥയെ വരച്ചു കാട്ടാനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. സ്ത്രീയ്ക്ക് പലപ്പോഴും ലൈംഗികത ആത്യന്തികമായ പ്രണയത്തിലേയ്ക്ക് എത്താനുള്ള ഉപാധി മാത്രമാണ്. പുരുഷന് ലൈംഗികത പലതിന്റേയും അവസാനവും സ്ത്രീയ്ക്ക് ലക്ഷ്യത്തിലേക്കുള്ള തുടക്കവും ആയി തീരുന്ന വിപരീതാവസ്ഥയെ നോവലിസ്റ്റ് ചെറുതായെങ്കിലും വരച്ച് കാട്ടുന്നു. ഇത്തരത്തിൽ തന്റെ യഥാർത്ഥ അഭിലാഷങ്ങളെ തിരിച്ചറിയാതെ പോകുകയും അതുകൊണ്ട് തന്നെ തിരിച്ചറിയാതെ പോയ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനായി തെറ്റായ വഴികൾ സ്വീകരിക്കേണ്ടി വന്നവളുമായാണ് മറിയയെന്ന കഥാപാത്രത്തെ ഉപസംഹരിക്കുന്നത്. കന്യാസ്ത്രീകളിലൂടെ താൻ കണ്ട കാഴ്ചകൾ വെറും കാഴ്ചകൾ മാത്രമായിരുന്നില്ല എന്ന തിരിച്ചറിവും ഈ കഥാപാത്രത്തിന് നൽകുന്നുണ്ട്.

ആരംഭത്തിൽ കുടുംബ ബന്ധങ്ങളുടെ തീവ്രതയിൽ ഊന്നുന്ന നോവൽ പുരോഗമിക്കുന്തോറും വ്യക്തമായ രാഷ്ട്രീയ സാമൂഹിക മാനങ്ങൾ കൈവരിക്കുന്നു. തൃശ്ശൂരിന്റെ ചരിത്രാഖ്യാനത്തിൽ ഒഴിവാക്കാനാവാത്ത വ്യക്തിത്വങ്ങളും അവരുടെ തനതു സ്വത്വത്തിൽ തന്നെ നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ജോസഫ് മുണ്ടശ്ശേരിയും, എം.പി.പോളും, കെ. കരുണാകരനും, നവാബ് രാജേന്ദ്രനും വിവിധ അധ്യായങ്ങളിൽ നോവലിൽ പരാമർശിക്കപ്പെടുന്നു. ഒരുവേള അവരുടെ സാമൂഹിക ഇടപെടലുകൾ കൂടിയാണ് നോവലിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതെന്ന് കാണാം. ഇത്തരം വ്യക്തിത്വങ്ങളെ നോവലിലേയ്ക്ക് സന്നിവേശിപ്പിക്കുക മാത്രമല്ല, തന്റെ നിലപാടുകൾ വ്യക്തമാക്കാൻ കൂടി ഈ അവസരങ്ങൾ സമർത്ഥമായി ഉപയോഗിക്കുന്നതായി കാണാം..

''മുണ്ടശ്ശേരി മാഷ് പറഞ്ഞ ഒരു കാര്യത്തോട് മാത്രം യോജിപ്പാ ചുറ്റുമുള്ള മനുഷ്യരുടെ വേദന കാണാതെ പള്ളീല് പ്രാർത്ഥിക്കാൻ നടന്നിട്ടെന്താ കാര്യം''

ദേവസ്സിമാപ്പിള എന്ന കഥാപാത്രത്തിന്റെ ആത്മഗതത്തിനെ ഈസ്റ്റേൺ മാണിചേട്ടൻ എന്ന കഥാപാത്രം പിൻതുണയ്ക്കുന്നത്, യാദൃശ്ചികമെന്ന് കരുതാനാവില്ല.

സലോമി എന്ന കഥാപാത്രം തന്റെ പ്രണയം പിടിയ്ക്കപ്പെടാതിരിക്കാൻ പറഞ്ഞ നുണക്കഥ നാടാകെ വിശ്വസിക്കുന്നതും അത് ഏറ്റു പിടിക്കാൻ വൈദികരുൾപ്പെടെയുള്ള സമൂഹം നടത്തുന്ന ശ്രമങ്ങളും



സമകാലിക വിശ്വാസി സമൂഹത്തിനുണ്ടായ അപചയങ്ങൾക്കു നേരെ നോവലിസ്റ്റ് നടത്തുന്ന ഹാസ്യത്തിൽ പൊതിഞ്ഞ തീക്ഷ്ണ വിമർശനത്തിന് ഉദാഹരണമാണ്. ചാത്തൻ സേവയ്ക്ക് പോകുന്ന എനുമ അന്തോണിയുടെ കഥയും സമൂഹത്തിൽ ഭക്തിയുമായി ബന്ധപ്പെട്ട് അരങ്ങേറുന്ന സംഭവങ്ങൾക്ക് നേരെ ഒളിപ്പിച്ച് പിടിച്ച കണ്ണാടിയാണ്. തറവാട്ടു മഹിമയെ പറ്റിയുള്ള വീമ്പിളക്കലുകൾക്ക് നേരെ ദയാലു എന്ന കഥാപാത്രത്തിന്റെ ആത്മഗതവും ഇത്തരത്തിൽ ചേർത്ത് വായിക്കപ്പെടേണ്ട ഒന്നാണ്.

വിമോചന സമരം എന്ന അധ്യായത്തിലൂടെ കേരളത്തിന്റെ ഗതിവിഗതികളെ ആഴത്തിൽ സ്വാധീനിച്ച ഒരു സംഭവത്തിന്റെ പുനരാവിഷ്ക്കരണമാണ് നോവലിസ്റ്റ് നടത്താൻ ശ്രമിക്കുന്നത്. വിമോചന സമരത്തെ പ്പറ്റി വിവിധ തലത്തിലുള്ള ആഖ്യാനങ്ങൾ പരിചയിച്ച വായനക്കാരന് അവന്റെ കൂടി പങ്കാളിത്തം അവകാശപ്പെടാനാകുന്ന ജനസമൂഹത്തിന്റെ ഭാഗമായി നിന്നുകൊണ്ട് വിമോചന സമരത്തെയും അതിന്റെ ഉള്ളുകള്ളികളെയും വീക്ഷിക്കാനുള്ള അവസരമാണ് വിലാപ്പുറങ്ങൾ നൽകുന്നത്. പല വായനക്കാർക്കും തങ്ങൾ വായിച്ചറിയുകയോ കേട്ടറിയുകയോ മാത്രം ചെയ്ത ഒരു യഥാർത്ഥ സാമൂഹിക അവസ്ഥ തികച്ചും സാധാരണക്കാരായ ഒരു കൂട്ടം ജനങ്ങൾ എങ്ങനെ അഭിമുഖീകരിക്കുകയും, അതിജീവിക്കുകയും ചെയ്തു എന്നതിന്റെ വാങ്മയ ചിത്രം കൂടിയാണ് വിലാപ്പുറങ്ങൾ. ഇവിടെയും തന്റെ പക്ഷപാതിത്വങ്ങളെ നോവലിസ്റ്റ് മറച്ചു വയ്ക്കാനോ, ഒളിച്ചു വയ്ക്കാനോ ശ്രമിക്കുന്നില്ല. നോവൽ പുരോഗമിക്കുന്നതോടെ വിമോചന സമരത്തിന്റെ പ്രതീകങ്ങളായ അങ്കമാലി രക്തസാക്ഷികളും ഫ്ളോറി എന്ന ഗർഭിണിയും നോവലിലേയ്ക്ക് കടന്നു വരുന്നുണ്ട്.

സ്ത്രീകൾക്കെതിരായ അക്രമങ്ങളെ സ്ത്രീയുടെ പക്ഷത്ത് നിന്ന് നോക്കി കാണാനും വിചാരണ ചെയ്യുവാനുമുള്ള ശ്രമങ്ങൾ നോവലിസ്റ്റ് നടത്തുന്നുണ്ട്. ഒരുവേള ഇത്തരം അതിക്രമങ്ങൾ മന:ശാസ്ത്രപരമായ വിശകലനത്തിന് വിധേയമാക്കാനും നോവലിസ്റ്റിനാകുന്നു. കൂട്ടബലാത്സംഗത്തിനിരയാകുന്ന മറിയക്കെതിരെ അടവാങ്ക് പ്രയോഗം നടത്തുന്ന പൂമല കുറ്റൻമാരുടെ മാനസികനിലയെ വിശകലനം ചെയ്യുന്ന നോവലിസ്റ്റ് വർത്തമാന കാലഘട്ടത്തിലെ പൂമലകുറ്റൻമാരുടെ മനോ വ്യാപാരങ്ങളെ കൂടിയാണ് വിശകല വിധേയമാക്കുന്നത്.

പീഡനത്തിനിരയായ സ്ത്രീത്വത്തിന് കോടതി മുറിയിൽ വിചാരണയെന്ന പീഡനം വീണ്ടും സഹിക്കേണ്ടി വരുന്നതിനെതിരെയുള്ള നോവലിസ്റ്റിന്റെ പരിഹാസം നിലവിലെ നീതിന്യായ വ്യവസ്ഥക്കെതിരായുള്ള, സ്ത്രീയുടേത് മാത്രമായ അമർഷത്തിൽ നിന്നുയിർ കൊണ്ടതാണെന്ന് കരുതേണ്ടിയിരിക്കുന്നു. വത്സലാ പീഡനക്കേസിലെ കോടതി രംഗ ചിത്രീകരണം ഒരേ സമയം തന്നെ സ്ത്രീക്ക് മാത്രമായി സമൂഹം കരുതി വയ്ക്കുന്ന അപമാനങ്ങളെ സ്ത്രീയുടെ പക്ഷത്ത് നിന്നുള്ള നോക്കി കാണലും സമൂഹത്തോടുള്ള ഓർമപ്പെടുത്തലുമായി മാറുന്നു.

പരമ്പരാഗത കഥാസങ്കൽപ്പങ്ങളോടുള്ള എതിർപ്പ് ആവിഷ്ക്കരിക്കുന്ന ഉപകഥകളിലൊന്നിൽ തന്നെ നിറത്തിന്റെയും രൂപത്തിന്റെയും പേരിൽ അവഗണിക്കപ്പെടുന്ന പെണ്ണനുഭവങ്ങളിലേയ്ക്ക് ലിസി പ്രേക്ഷകശ്രദ്ധ തിരിയ്ക്കുന്നുണ്ട്.

'സാറയുടെ കഥ പറഞ്ഞില്ലല്ലോ

സുന്ദരിയാണ്

എല്ലാകഥകളിലെയും നായികമാരെപ്പോലെതന്നെ. സുന്ദരികളല്ലാത്തവർക്ക് കഥകളുണ്ടാകില്ലെന്നാണോ? ഉണ്ടാകും. അതിനുപരിവേഷമുണ്ടാകില്ല......അതുകൊണ്ടു തന്നെ കേൾക്കാൻ ആളും കുറയും.'' (വിലാപ്പുറങ്ങൾ; പുറം 219).

ഇത്തരത്തിൽ പലകാരണങ്ങളാൽ സമൂഹത്തിന്റെ അതിരുകളിലേയ്ക്ക് തള്ളിനീക്കപ്പെടുന്നവരോടുള്ള ഐക്യദാർഢ്യപ്പെടൽ നോവലിന്റെ സവിശേഷതയാണ്. അതേസമയ പൂർണ്ണമായ അർത്ഥത്തിൽ സ്ത്രീ കേന്ദ്രീകൃതമായ ഒരു നോവൽ തന്നെയാണ് വിലാപ്പുറങ്ങൾ. സ്വാതന്ത്ര തൃഷ്ണയുള്ള സ്ത്രീകഥാപാത്രം വിലക്കുകൾ പൊട്ടിച്ചെറിഞ്ഞ് തനിക്കിഷ്ടമുള്ള ജീവിതം ആഘോഷിക്കുന്നതാണ് നോവലിന്റെ കഥാതന്തു. തനിക്ക് ചുറ്റുമുള്ള ആക്ഷേപങ്ങളോ പരിഹാസങ്ങളോ കുറ്റപ്പെടുത്തലുകളോ അവളെ തന്റേതായ ജീവിതം ആസ്വദിക്കുന്നതിൽ നിന്ന് പിൻതിരിപ്പിക്കുന്നില്ല. സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന് ഹേതുവെന്ന് കരുതപ്പെടുന്ന ലൈംഗികാസമത്വത്തിൽ നിന്നുള്ള കുതറിചാടലാണ് നോവലിലുടനീളം മറിയ എന്ന കേന്ദ്ര കഥാപാത്രം നടത്തുന്നത്.

സ്ത്രീകേന്ദ്രീകൃതമായ നോവൽ ആയിരിക്കെ തന്നെ അതിൽ പെണ്ണെഴുത്തിന്റെയോ സമാനധാരകളുടെയോ സവിശേഷതകൾ കൊണ്ടുവരാൻ നോവലിസ്റ്റ് ബോധപൂർവ്വമുള്ള ശ്രമങ്ങൾ ഏറെയൊന്നും നടത്തുന്നില്ല. അത്തരം എഴുത്തുകളുടെ പ്രത്യേകതകളായി കണക്കാക്കപ്പെടുന്ന പുരുഷ കേന്ദ്രീകൃത ഭാഷയുടെ നിരാസത്തിനോ ഭാഷയിലെ സ്ത്രീ വിരുദ്ധ നയങ്ങളെ എതിർക്കലിനോ നോവലിസ്റ്റ് അമിതപ്രധാന്യം നൽകുന്നില്ല. ഉപകഥകളിലൂടെ ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്ന നിലപാടുതറകളിൽ കയറി നിന്ന് തന്റെയും താൻ ഉൾപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെയും ആകുലതകളും ആക്ഷേപങ്ങളും ഉറക്കെ വിളിച്ചുപറയുവാൻ ലിസി എന്ന എഴുത്തുകാരിയ്ക്ക് സാധിക്കുന്നു. സ്ത്രീയുടേത് മാത്രമായ അനുഭവ ലോകത്തെ ആവിഷ്ക്കരിക്കാനും സ്ത്രീയുടേത് മാത്രമായ ചിന്തകളെ പുരുഷൻ കൂടി ഉൾപ്പെടുന്ന ആസ്വാദ ലോകത്തിന് അനുഭവവേദ്യമാക്കാനും ജാഗ്രത്തായ ശ്രമങ്ങൾ നോവലിസ്റ്റ് നടത്തുന്നുണ്ട്. ആ അർത്ഥത്തിൽ സ്ത്രീയായ നോവലിസ്റ്റ് കരുത്തയായ സ്ത്രീ കഥാപാത്രത്തെ കേന്ദ്രമാക്കി പതിവ് മാതൃകയിൽ നിന്ന് വ്യത്യസ്തമായി ചിത്രീകരിച്ച നോവൽ എന്നതിലുപരി, സ്ത്രീയെ സ്വന്തം ഇച്ഛകൾക്കനുസരിച്ച് രൂപപ്പെടുത്തിയെടുക്കാൻ പ്രയത്നിക്കുന്ന പുരുഷ കേന്ദ്രീകൃത സമൂഹത്തിന്റെ നിലപാടുകൾക്കെതിരെയുള്ള ചെറുത്തു നിൽപ്പിന്റെ സാന്നിധ്യമാണ് മറ്റ് സ്ത്രീപക്ഷ രചനകളിൽ നിന്ന് വിലാപ്പുറങ്ങളെ വ്യത്യസ്തമാക്കുന്നത്.

## സർവ്വീസ് ട്യൂട്ടോറിയൽ




# ശമ്പള രഹിത അവധിയുടെ നിബന്ധനകൾ

ഡോ. കെ.പി. വിനോദ് കുമാർ
കൺവീനർ, സർവീസ് സെൽ



**ചോ: 2014 ലെ ശംബള പരിഷ്ക്കരണ പ്രകാരം കോളേജ് അദ്ധ്യാപകർക്ക് അനുവദിക്കപ്പെട്ട യാത്രാത്തയും മറ്റ് അലവൻസുകളും ഏതു രീതിയിലാണ് ?**

ഡോ.ഷൈലജ, എം.ഇ.എസ്.കെ.വി.എം. കോളേജ്, വളാൻഞ്ചേരി.

ഉ: 2014 ൽ സംസ്ഥാനത്ത് നടപ്പാക്കപ്പെട്ട ശംബള പരിഷ്കരണ ഉത്തരവ് അനുസരിച്ച്, ജീവനക്കാർ വാങ്ങുന്ന അടിസ്ഥാന ശംബളത്തെ ആധാരമാക്കി നാല് ഗ്രേഡുകളാക്കി തരം തിരിച്ചിരിക്കുന്നു.

അടിസ്ഥാന ശംബളം 50400 രൂപയ്ക്ക് മുകളിൽവാങ്ങുന്ന ജിവനക്കാർ ഗ്രേഡ് Iലും അടിസ്ഥാന ശംബളം 42500നും 50400 നും ഇടയിലുള്ളവരെ ഗ്രേഡ് II a യിലും അടിസ്ഥാന ശംബളം 27800 നും 42500 ഇടയിലുള്ള ജീവനക്കാരെ ഗ്രേഡ് II b യിലും അടിസ്ഥാന ശംബളം 18000 ത്തിനും 27800 നും ഇടയിലുള്ള വരെ ഗ്രേഡ് III ലും, 18000ത്തിൽ താഴെ അടിസ്ഥാന ശംബളം വാങ്ങുന്ന ജീവനക്കാരെ ഗ്രേഡ് IVലും ഉൾപ്പെടുത്തിയിട്ടുണ്ട്. യാത്ര ട്രെയിനിലാണെങ്കിൽ ഗ്രേഡ് ക ജിവനക്കാർക്ക് II AC യിലും ഗ്രേഡ് II a കാർക്ക് I Class ഉം (Ist Class ഇല്ലെങ്കിൽ II A-C) Grade II b കാർക്ക് III AC യും Grade III ലും Grade IV ലും ഉൾപ്പെട്ടവർക്ക് II ക്ലാസ്സുമാണ്.

യാത്ര റോഡ് മാർഗമാണെങ്കിൽ എല്ലാ ഗ്രേഡിൽപ്പെട്ട ജീവനക്കാർക്കും ഒരു കിലോമീറ്ററിന് 2 രൂപ മൈലേജ് അലവൻസ് അനുവദനീയമാണ്. യാത്ര റോഡ്മാർഗമോ/റെയിൽ മാർഗമോ ആണെങ്കിൽ ഇൻസിഡെൻറൽ ചിലവ് (Incidental Expense) വകയിൽ കിലോമീറ്ററിന് 80 പൈസ നിരക്കിൽ Grade I ൽപ്പെട്ട ജീവനക്കാർക്കും 60 പൈസ നിരക്കിൽ Grade II a കാർക്കും, 50 പൈസ നിരക്കിൽ ബാക്കി എല്ലാ ഗ്രേഡുകാർക്കും അനുവദനീയമാണ്. യാത്ര വിമാന മാർഗ്ഗമാണെങ്കിൽ Incidental Exp-ലിലെ ഒരു DA യിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന ശംബളം 55350 - 101400 ലോ അതിനുമുകളിലോ വാങ്ങുന്ന ജീവനക്കാർക്ക് വിമാന യാത്രക്ക് അർഹതയുണ്ട്. പുതിയ ശംബളനിരക്ക് അനുസരിച്ച് ഡി.എ. യിലും മാറ്റം വരുത്തിയിട്ടുണ്ട്. താഴെ പറയുന്ന രീതിയലാണ് പുതിയ ഡി.എ നിരക്ക്.




| Grade | സംസ്ഥാനത്തിനകത്ത് | സംസ്ഥാനത്തിന് പുറത്ത് |
|---|---|---|
| Grad I | Rs.400 | Rs.550 |
| Grad II a | Rs.320 | Rs.450 |
| Grad II b | Rs.320 | Rs.450 |
| Grad III | Rs.250 | Rs.350 |
| Grad IV | Rs.250 | Rs.350 |

**ചോ : കോളേജ് അദ്ധ്യാപകരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ എന്തൊക്കെയാണ്?**

ഡോ. എം.എൻ. ശ്രീലത, എൻ.എസ്.എസ് കോളേജ്, മഞ്ചേരി

ഉ: Rule 6(a) യും Chapter IV A യും Rule 7 XXIV B KER പ്രകാരവും നിർവചിക്കപ്പെട്ടത് "Probation for period of one year of duty within continuing period of two years" തുടർച്ചയായ 2 വർഷത്തിലുള്ളിലെ ബ്രോക്കൺ സർവ്വീസ് വല്ലതും ഉണ്ടെങ്കിൽ, ഒരു വർഷം ദൈർഘ്യം കണക്കാക്കാൻ വേണ്ടി ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്. ട്രാൻസഫറിന് എടുത്ത ജോയനിങ്ങ് ടൈം, കാഷ്വൽ ലീവുകൾ, സ്പെഷ്യൽ കാഷ്വൽ ലീവുകൾ, പൊതു അവധികൾ, വെക്കേഷനുകൾ എന്നിവ ഡ്യൂട്ടി പിരീഡായി പരിഗണിക്കും. എന്നാൽ G(P) (291/02/GAD) Dt. 31.08.2002 പ്രകാരം 9.1.2002 നു ശേഷമുള്ള ഡയസ്നോൺ, ഡ്യൂട്ടിയായി പരിഗണിക്കുകയില്ല. പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടത് നിയമനം നൽകിയ ഏജൻസിയാണ് (Appointing Authority).

അദ്ധ്യാപകരുടെ
സർവ്വീസ് സംബന്ധിയായ
ചോദ്യങ്ങൾ
ഇ-മെയിലിൽ അയക്കുക

vinodekat@yahoo.co.in
serviceakpcta@gmail.com

FOR TOP QUALITY TEXTS

# SOBA PUBLICATIONS

**Changanasserry, Kottayam, Kerala State - 686101**

**Our prestigeous books which you can confidently follow:**

Financial Management (For B.Com/BBA) ₹140
Income Tax (For B.Com/BBA) ₹290
Direct Taxes - Law and Practice (For M.Com., MBA, CA, ICWA) ₹390
Principles of Insurance (For B.Com/BBA) ₹100
Capital Market (For B.Com) ₹100
Value Added Tax - Concepts and Practices (For B.Com) ₹110
Indian Financial Markets (For B.Com/BBA) ₹100
Capital Market and Investment Management ₹100
Indian Financial System (For B.Com/BBA) ₹100
Financial Management (For M.Com, MBA, CA, ICWA) ₹290

**Attention Authors and Eminent Professors**

We invite top quality texts for publication, for B.Com, BBA, M.Com, and MBA, on attractive terms. If interested contact:
The Manager,
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph: 9496752663, 9446223651**
**www.sobabooks.com**

**ഭരണഭാഷ - മാതൃഭാഷ**

നം. D3/32050/2015/കോവിവ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
ഫോൺ : 0471-2302707
തീയതി 22.7.2016.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം/കോട്ടയം/എറണാകുളം/
തൃശ്ശൂർ/കോഴിക്കോട്.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - പരീക്ഷാ ജോലി ഏറ്റെടുക്കുന്ന അദ്ധ്യാപകർക്ക് ആർജ്ജിതാവധി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 11.04.2016 ലെ ഇ3/5459/2016 നമ്പർ കത്ത്.

------

അദ്ധ്യാപകർ പരീക്ഷ ജോലി എടുത്ത സമയങ്ങളിലെ അറ്റൻഡൻസ് സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമായാൽ മാത്രമേ 30.06.2010 ന് മുമ്പുള്ള കാലയളവുകളിലെ ഡ്യൂട്ടികൾ ആർജ്ജിതാവധിക്കായി പരിഗണിക്കാവൂവെന്ന വിവരം അറിയിക്കുന്നു. 30.06.2010 ന് ശേഷമുള്ള കാലയളവുകളിലെ എക്സാം ഡ്യൂട്ടികൾ ഡ്യൂട്ടി നടന്ന് ആറു മാസത്തിനുള്ളിൽ രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ കൗണ്ടർ സൈൻ ചെയ്തു നൽകാവൂവെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ എ എൻ പത്മകുമാരി
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

# ELECTION COMMISSION OF INDIA

NIRVACHAN SADAN, ASHOKA ROAD, NEW DELHI-110001

464/INST/2009/EPS

Dated: 16th February 2010

To

The Chief Electoral Officers of
All States and Union Territories

Subject: Requisition of Staff for election purpose – Regarding

Sir/Madam,

I am directed to invite your attention to Commission's letter No. 464/INST/2009/EPS dated 30.12.09 whereby the Commission had directed the Chief Electoral Officers of All States/UTs to adhere strictly in true spirit to the guidelines while making appointments and requisitioning staff for the conduct of free and fair poll.

In this connection the Commission further desires that Group A or equivalent Senior Officers, including teaching staff of universities, colleges etc. should not be drafted for "Polling duties" in polling station premises without specific reasons to be recorded in writing by the District Election Officer, where such appointments become unavoidable.

This may be brought to the notice of all concerned.

Yours faithfully

( A.N. DAS )
UNDER SECRETARY



*ഉപരിതലത്തിലെ പുതിയ പ്രകാശം ഒരു കലാകാരന്റെ ഭാവനയിൽ*

# പുതിയവെളിച്ചം

**ഡോ. എൻ. ഗോപകുമാർ**

മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം



പ്രകാശത്തിന്റെയും ഇലക്ട്രോണിന്റെയും സംയോജനം വഴിയാണ് പുതിയ പ്രകാശത്തെ സൃഷ്ടിക്കുക. പ്രകാശം സാധാരണ വസ്തുക്കളിൽ പതിക്കുമ്പോൾ അതിന്റെ ഉപരിതലത്തിലുള്ള എല്ലാ ഇലക്ട്രോണുകളുമായും പ്രതിപ്രവർത്തിക്കുന്നു. എന്നാൽ ടോപ്പോളജിക്കൽ ഇൻസുലേറ്റർസ് എന്നറിയപ്പെടുന്ന ഒരു പുതിയ വസ്തുവിൽ (റ്റോപ്പോളോജിക്കൽ ഇൻസുലേറ്റർ എന്നാൽ ഉപരിതലത്തിൽ മാത്രം ചാലക സ്വാഭാവം കാണിക്കുന്നതും, അകത്തു ചാലക സ്വഭാവം കാണിക്കാത്തതുമായ വസ്തുക്കളാണ്) പ്രകാശം പതിക്കുമ്പോൾ ഉപരിതലത്തിലെ ഒരു ഇലക്ട്രോണുമായി മാത്രം പ്രതിപ്രവർത്തിക്കാൻ പ്രകാശത്തിനു സാധിക്കും. ഈ രീതിയിലുള്ള പ്രതിപ്രവർത്തനം വഴി പ്രകാശത്തിന്റെ സ്വഭാവങ്ങളും ഇലക്ട്രോണിന്റെ സ്വഭാവങ്ങളും തമ്മിൽ കുടി കലരുകയും പുതിയ സ്വഭാവത്തോടുകൂടിയ പ്രകാശം ഉണ്ടാവുകയും ചെയ്യും.ഇതിന്റെ ഫലമായി സാധാരണ ഗതിയിൽ നേർരേഖയിൽ മാത്രം സഞ്ചരിക്കുന്ന പ്രകാശം ഇലക്ട്രോണിന്റെ പാതയിൽ വളഞ്ഞും സഞ്ചരിക്കും. ലണ്ടനിലെ ഇമ്പേറിയൽ കോളേജിലെ വിൻസെൻസോ ജിഎന്നിനി എന്ന ശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ നാനോ വസ്തുക്കളിൽ നടത്തിയ പഠനത്തിലാണ് ഈ തരത്തിലുള്ള പ്രകാശത്തിന്റെ പുതിയ സ്വഭാവം കണ്ടുപിടിക്കപ്പെട്ടത്.

# മതേതരം

അനന്തു എസ്.



ഉടൻ ഒരു ക്ഷേത്രം പണിയുക
നേതാവ് കല്പിച്ചു
കരിങ്കല്ലിന്റെ സ്ഥാനത്ത്
ആയിരമായിരം പുസ്തകങ്ങൾ
ചായം പൂശാൻ കറുപ്പും
നീലയും പച്ചയും മഷികൾ
മേൽക്കൂരയായി പത്രത്താളുകളും
വാരികകളും കുടപിടിച്ചു
ക്ഷേത്രത്തിന്റെ താഴികക്കുടമായി
നീണ്ട ഒരു എഴുത്തുപേന
വെങ്കലത്തിൽ തീർത്ത
യേശു-കൃഷ്ണ-നബി വിഗ്രഹങ്ങൾ
കൃഷ്ണന്റെ കണ്ണുകൾ
പക്ഷേ മൂടപ്പെട്ടില്ല, ഭാഗ്യവാൻ
ബൈബിളും ഖുറാനും എടുത്തുമാറ്റപ്പെട്ടു
ചുടുചോര അഭിഷേകം ചെയ്തപ്പോൾ
യേശുവും നബിയും കുളിരിനായി പനിച്ചിരുന്നു



# ഓർമ്മയിലൊരു 'മണികിലുക്കം'

ഡോ. സോണി ജോൺ




മാർച്ച് ആറാം തിയതി റിപ്പോർട്ടർ ടിവിയിൽ സ്ക്രോളിംഗ് ന്യൂസായി കണ്ട വാർത്ത ഞെട്ടിക്കുന്നതായിരുന്നു. കലാഭവൻ മണി അന്തരിച്ചു. മലയാളിയുടെ സാംസ്കാരിക ചക്രവാളത്തിൽ തിളങ്ങിനിന്നിരുന്ന മണിയുടെ അകാലത്തിലെ വിടവാങ്ങൽ തീർത്തും അപ്രതീക്ഷിതമായിരുന്നു. നൈസർഗ്ഗികമായ താളബോധത്തിലൂടെയും നടനവൈഭവത്തിലൂടെയും അശ്രാന്തപരിശ്രമത്തിലൂടെയും മലയാള സിനിമാരംഗത്തും കലാരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച മണി മലയാളി മനസ്സിൽ ഇനിയുമേറെക്കാലം നിറഞ്ഞുനിൽക്കും എന്ന കാര്യത്തിൽ സംശയമില്ല.

ദലിതരായ സാധാരണ കൂലിപ്പണിക്കാരുടെ മകനായി ജനിച്ച്, പത്താംക്ലാസ് തോറ്റ്, ഓട്ടോ ഡ്രൈവറായി നടന്ന പയ്യൻ, തന്നിൽ നിറഞ്ഞുനിന്ന കലാഭിനിവേശത്തിന്റെ പാരമ്യത്തിൽ

കലാഭവനിൽ എത്തിച്ചേർന്നതും, വർഷങ്ങൾ കടന്നുപോയപ്പോൾ മലയാള സിനിമ കണ്ട എക്കാലത്തെയും മികച്ച ആൾറൗണ്ട് നടനായിത്തീർന്നതും ചരിത്രത്തിന്റെ ഭാഗം. മലയാളിയുടെ സാംസ്കാരിക ചരിത്രത്തിൽ തന്റേതായ ഇതിഹാസം തീർത്താണ് മണി മടങ്ങുന്നതെന്ന വാസ്തവം സ്മരിക്കുമ്പോൾ തന്നെ മണിക്ക് ഇനിയും വലിയ സംഭാവനകൾ കലാകേരളത്തിന് നൽകാൻ കഴിയുമായിരുന്നു എന്ന സത്യം ഒരു ദുഃഖമായി അവശേഷിക്കുന്നു.

മലയാള സിനിമാ രംഗത്ത് തന്റേതായ മാതൃകകൾ തീർത്താണ് മണി മടങ്ങുന്നത്. 'സാധാരണക്കാരന്റെ നായക'നായി വിശേഷിപ്പിക്കപ്പെടുമ്പോഴും അസാധാരണമായ പല കഥാപാത്രങ്ങൾക്കും മിഴിവേകാൻ മണിക്ക് കഴിഞ്ഞിട്ടുണ്ട്. 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും' എന്ന പടത്തിലെ രാമു എന്ന കഥാപാത്രം മാത്രം മതി മണിയുടെ മാറ്റളക്കാൻ. മലയാളത്തിലെയും തമിഴിലെയും തെലുങ്കിലെയും ഏറ്റവും മികച്ച ചില വില്ലൻ കഥാപാത്രങ്ങൾ മണിയുടേതായിരുന്നു. ജെമിനിയിലെ തേജാ എന്ന കഥാപാത്രം തമിഴിലെ തന്നെ എക്കാലത്തെയും മികച്ച വില്ലൻ കഥാപാത്രങ്ങളിൽ ഒന്നായാണ് കണക്കാക്കപ്പെടുന്നത്. മരണശേഷം മണിയെ ആദരിച്ചുകൊണ്ട് ചാലക്കുടിയിൽ നടന്ന ചടങ്ങിൽ തമിഴ് സൂപ്പർസ്റ്റാർ വിക്രം പറഞ്ഞതാണ് വാസ്തവം. 'ഹാസ്യനടനായി എല്ലാവരെയും ചിരിപ്പിച്ചും വില്ലനായി എല്ലാവരെയും പേടിപ്പിച്ചും നായകനായി ഭ്രമിപ്പിച്ചും' മണി അഭിനയകലയെ സമ്പന്നമാക്കി.







മണി കലാകേരളത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന ഇതൊന്നുമാണെന്ന് ഞാൻ കരുതുന്നില്ല. കേരളം ഒരുവേള വിസ്മരിച്ച നാടൻപാട്ടുകളെ ഏറെക്കുറെ ഒരൊറ്റയാൾ പോരാട്ടത്തിലൂടെ മലയാളികൾക്ക് ഏറെ പ്രിയമുള്ള കലാരൂപമാക്കി മാറ്റാൻ മണിക്കു കഴിഞ്ഞു. രണ്ടുവർഷങ്ങൾക്ക് മുൻപ് കേരളം ലോകസഭാ തെരഞ്ഞെടുപ്പിന്റെ ചൂടിൽ അമർന്നിരുന്ന നാളുകളിലൊന്നിൽ കോളേജിലെ ഫൈൻആർട്സ് ഡേയ്ക്ക് മണി മുഖ്യാതിഥിയായെത്തി. തന്റെ പ്രിയസുഹൃത്തും ചാലക്കുടി ലോകസഭാമണ്ഡലത്തിലെ സ്ഥാനാർത്ഥിയും ഇരിങ്ങാലക്കുടക്കാരനുമായ ഇന്നസെന്റുചേട്ടന്റെ വിജയത്തിനായി പ്രാർത്ഥിക്കണമെന്ന് അദ്ദേഹം കുട്ടികളോടപേക്ഷിച്ചു. എന്നാൽ വലതുപക്ഷ വിദ്യാർത്ഥി യുണിയനിൽ പെട്ട ചില വിദ്യാർത്ഥികൾക്ക് ഇത് ഇഷ്ടപ്പെടാതിരിക്കുകയും അവർ മണിയെ കളിയാക്കി ചില കമന്റുകൾ പാസ്സാക്കുകയും ചെയ്തു. ഇതിൽ പ്രകോപിതനായ അദ്ദേഹം വേദി വിട്ടിറങ്ങിപ്പോയി. എന്നാൽ നാട്ടുകാരനായ പ്രിൻസിപ്പലച്ചന്റെ സ്നേഹം നിറഞ്ഞ അഭ്യർത്ഥന മാനിച്ച് മണി തിരിച്ചെത്തി. 'ഓടേണ്ട ഓടേണ്ട' എന്ന അദ്ദേഹത്തിന്റെ പ്രശസ്തമായ പാട്ടുപാടിയാണ് പ്രിൻസിപ്പാളച്ചൻ മണിക്ക് നന്ദി പറഞ്ഞത്. ഒരു പുരോഹിതനു വരെ പൊതുചടങ്ങിൽ പാടാൻ മാത്രം നാടൻപാട്ടുകളെ ജനപ്രിയമാക്കാൻ മണിക്കു കഴിഞ്ഞു എന്നത് ഈ കലാരൂപത്തെ എത്രത്തോളം ജനകീയമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നതിന്റെ തെളിവാണ്. കീഴാള സംസ്കാരത്തിന്റെ ഭാഗമായ നാടൻപാട്ടുകളെ മലയാളിയുടെ ദൈനംദിന കലാസംസ്കാരത്തിന്റെ ഭാഗമാക്കാൻ കഴിഞ്ഞു എന്നുള്ളത് മണിയെന്ന മഹാനായ കലാകാരൻ മലയാളത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയായി ഞാൻ കാണുന്ന.

ദാരിദ്ര്യത്തിൽ നിന്നും സമ്പന്നതയിലേക്കും



പ്രശസ്തിയിലേക്കുമുള്ള മണിയുടെ വളർച്ച ഒരു കാല്പനിക കഥയിലേതിനു സമാനമാണ്. അദ്ദേഹത്തിന്റെ ആകസ്മികമായ മരണം ഏറെ ദുരൂഹതകൾ നിറഞ്ഞതും. എന്നാൽ അദ്ദേഹം പടുത്തുയർത്തിയ കലയുടെ ഉദാത്തമാതൃകകൾ പിന്തുടരാൻ ഇനിയുമേറെപ്പേർ ഉണ്ടാവും എന്നു നമുക്കു പ്രത്യാശിക്കാം.



# ആദിവാസികൾക്കായി ഒരു ഒറ്റയാൾപ്പട

**ഡോ. സുനീത ടി.വി.**

സാമൂതിരി ഗുരുവായൂരപ്പൻ
കോളേജ്, കോഴിക്കോട്



കേരളത്തിലെ ഏറ്റവും വലിയ ആദിവാസി മേഖലയായ അട്ടപ്പാടിക്ക് വല്ലാത്തൊരു വന്യസൗന്ദര്യമുണ്ട്. ഒരിക്കൽ പോയവരെ വീണ്ടും തന്നിലേക്ക് വലിച്ചടുപ്പിക്കുന്ന എന്തോ ഒന്ന് ആ ദേശത്തിന്റെ ആത്മാവിൽ കുടികൊള്ളുന്നു. ദൃശ്യമാധ്യമപ്രവർത്തകയായിരുന്ന കാലത്ത് ഞാൻ പലതവണ അട്ടപ്പാടിയുമായി ബന്ധപ്പെട്ട പരിപാടികൾ ചെയ്യാനിടവന്നതും അതുകൊണ്ടുതന്നെ. നിരവധി വിസ്മയങ്ങൾ കൊണ്ട് അട്ടപ്പാടി നമ്മെ പലതും പഠിപ്പിക്കുകയും ജീവിതത്തെക്കുറിച്ചുള്ള തികച്ചും വ്യത്യസ്തമായ കാഴ്ചകൾ സമ്മാനിക്കുകയും ചെയ്യുന്നു. അമൃതചാനലിനുവേണ്ടി തയ്യാറാക്കിയ 'സമാന്തരം' എന്ന പരിപാടിയുടെ ഒരു എപ്പിസോഡ് ഇത്തരമൊരു അത്ഭുതത്തെക്കുറിച്ചായിരുന്നു. ധൈര്യം, നിസ്വാർത്ഥത, പ്രതിബദ്ധത എന്നിവയ്ക്ക് ഞാൻ കണ്ട ഏറ്റവും വലിയ ഉദാഹരണമായ അയ്യരമ്മയെക്കുറിച്ച്.

## അട്ടപ്പാടിയിലേക്ക് വന്നെത്തിയ നന്മമരം

തമിഴ്നാട്ടിലെ തിരുനെൽവേലിയിലെ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച അയ്യരമ്മ 1960-കളിലാണ് അട്ടപ്പാടിയിലേക്ക് വരുന്നത്. കൃഷി, ഇഷ്ടികച്ചൂള ഇവ നടത്താനായി അവിവാഹിതയായ അവർ അമ്മയെയും കൂട്ടി ഇവിടെയെത്തി കുറച്ചുസ്ഥലം വാങ്ങി താമസിച്ചു. പ്രകൃതിയ്ക്കും ആദിവാസികൾക്കും അറ്റമില്ലാത്ത ചൂഷണത്തിന്റെ കഥകൾ പറയാനുള്ള ഒരു ഇടമാണ് അന്ന് (ഇന്നും) അട്ടപ്പാടി. കള്ളക്കടത്തുകാരും കുറ്റവാളികളും ആ നാടുഭരിക്കുകയായിരുന്നു.

അയ്യരമ്മയുടെ കൃഷിഭൂമിയിൽ പണിയ്ക്കുവന്ന ആദിവാസി സ്ത്രീകൾ അവരുടെ അതിസങ്കടം നിറഞ്ഞ ജീവിതാനുഭവങ്ങളും പ്രശ്നങ്ങളും പറയുക പതിവായി. അങ്ങനത്തെ ഒരു കേസിൽ ഇടപെട്ടതോടെയാണ് അയ്യരമ്മയുടെ ജീവിതം മാറിമറിഞ്ഞത്.

ആനക്കട്ടി ഊരിലെ നഞ്ചി എന്ന ആദവാസി സ്ത്രീയുടെ വീട് ഒരു കുടിയേറ്റക്കാരനായ മണി കയ്യേറുകയും നഞ്ചിയെയും കുട്ടിയെയും ഇറക്കിവിടുകയും ചെയ്തു. നഞ്ചിയെ ഭർത്താവ് ഉപേക്ഷിച്ചതായിരുന്നു. അവർ കുട്ടിയുമായി എവിടെപ്പോകാനാണ്? അയൽക്കാരും മണിയെപ്പേടിച്ച് അവർക്ക് തങ്ങാനിടം നൽകിയില്ല. അയ്യരമ്മ അവർക്ക്



അഭയം നൽകുകയും കേസുനടത്തി അവർക്ക് നീതി ലഭ്യമാക്കുകയും ചെയ്തു. നഞ്ചിക്ക് വീട് തിരിച്ചുകിട്ടി. ഇതോടുകൂടി അയ്യരമ്മയുടെ ജീവിതത്തിൽ രണ്ടു മാറ്റങ്ങളുണ്ടായി. ഇത്തരം നിരവധി കേസുകൾ അയ്യരമ്മയെ തേടി എത്താൻ തുടങ്ങി. ഭൂരിപക്ഷവും നിരാലംബരായ ആദിവാസി സ്ത്രീകളോടു ചെയ്യപ്പെട്ട വലിയ അനീതികളായിരുന്നു. സ്ഥിരമായി പ്രതിപക്ഷത്തുനിൽക്കുന്ന വ്യാജവാറ്റുകാരും കുറ്റവാളികളും കുടിയേറ്റക്കാരും ഗുണ്ടകളും അടങ്ങുന്ന ഒരു വലിയ സംഘം ആളുകൾ ഒറ്റയ്ക്കും കൂട്ടായും അയ്യരമ്മയെ നിരന്തരമായി ആക്രമിക്കാനും തുടങ്ങി.

കൃഷി തടസ്സപ്പെടുത്തുക, ജോലിക്കാരെ തടയുക. സാധനങ്ങൾ നശിപ്പിക്കുക എന്നിങ്ങനെ തുടങ്ങി അയ്യരമ്മയെ അസഭ്യം പറയുക, ശാരീരികമായി ഉപദ്രവിക്കുക എന്നിവിടത്തോളം അത് വളർന്നു. അവരുടെ മോട്ടോർ തകർത്തു. വീട്ടിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിച്ചു. കൃഷി മുടങ്ങി. ജോലിസ്ഥലത്തുനിന്നും ഉപദ്രവിച്ച് ഓടിച്ചു. അക്രമപരമ്പരകൾ തുടർന്നു.

അയ്യരമ്മ ഒറ്റയ്ക്കാണ് കാട്ടിനുനടുവിലെ ഒരു ചെറിയ വീട്ടിൽ താമസിച്ചിരുന്നത്. ഇതുകൊണ്ടൊന്നും അവർ തന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു മാറ്റവും വരുത്തിയില്ല. വീടിനു മുന്നിൽ സംഘം ചേർന്ന് ആളുകൾ ആക്രമിക്കാൻ വന്നപ്പോൾ പിൻവാതിലിലൂടെ ഇരുട്ടത്ത് ഇറങ്ങിയോടി രക്ഷപ്പെട്ടിട്ടുണ്ട് അവർ. ഒരിക്കൽ അവർ കോയമ്പത്തൂരിൽ പോയി തിരിച്ചു വരാൻ ബസ്സ് കിട്ടാതെ അവിടെ കുടുങ്ങിപ്പോയി. അന്ന് രാത്രി സാമൂഹ്യദ്രോഹികൾ അവരുടെ വീട് കത്തിച്ചുചാമ്പലാക്കി. ആ ബസ്സ് മുടങ്ങിയതുകൊണ്ടാണ് തന്റെ ജീവൻ തിരിച്ചുകിട്ടിയതെന്ന് അയ്യരമ്മ പറയുന്നു.

ഇതിനൊക്കെ എതിരെ അവർ ഷോളയൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. ഒന്നല്ല, പലതവണ. കുറ്റവാളികളെ തിരിച്ചറിഞ്ഞിട്ടും, പ്രതികളുടെ സ്വാധീനം മൂലം അവർ അറസ്റ്റുചെയ്യപ്പെട്ടില്ല എന്ന് അയ്യരമ്മ വിശദീകരിക്കുന്നു.

അയ്യരമ്മ ഇതുകൊണ്ടൊന്നും പിൻമാറിയില്ല. മറ്റൊരു വീട് ഉണ്ടാക്കി അവിടെത്തന്നെ ഏകയായി താമസം തുടർന്നു. മാത്രവുമല്ല, അവിടുത്തെ ആദിവാസി സ്ത്രീകളുമായി ബന്ധപ്പെട്ട 200-ലധികം കേസുകളിൽ അവർ ഇടപെട്ട് നീതി ലഭ്യമാക്കി.

നേരത്തെപ്പറഞ്ഞ നഞ്ചിയെ ഞങ്ങൾ കണ്ട് സംസാരിച്ചു. അവർ മക്കളും പേരക്കുട്ടികളുമൊക്കെയായി സമാധാനമായി ജീവിക്കുകയാണ് ഇപ്പോൾ. അതേപോലെ പോയിക്കണ്ട മറ്റൊരു വ്യക്തി കുലുക്കൂരിലെ സരസ്വതിയാണ്. അവരെ ചെറുപ്പത്തിൽ വിവാഹം കഴിച്ച നഞ്ചൻ ചില്ലറ സാമ്പത്തികലാഭത്തിനുവേണ്ടി വിവാഹത്തിനു മുമ്പേ വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയയാളാണ്. ഇതു മറച്ചുവെച്ച്, അയാൾ സരസ്വതിയെ പ്രസവിക്കാത്തതിന്റെ പേരിൽ നിരന്തരമായി ഉപദ്രവിക്കുക പതിവായിരുന്നു. ഒടുവിൽ അയാൾ അവരെ ഉപേക്ഷിച്ചുപോയി. സരസ്വതി അയ്യരമ്മയുടെ അടുത്ത് പരാതിയുമായി എത്തി.



കേസ് ഏറ്റെടുത്തുകൊണ്ട് അയ്യരമ്മ നടത്തിയ അന്വേഷണത്തിൽ നഞ്ചൻ ശസ്ത്രക്രിയ നടത്തിയ കാര്യം കണ്ടെത്തുകയും അങ്ങനെ അതിന്റെ രേഖകൾ ഹാജരാക്കി കേസ് ജയിക്കുകയും ചെയ്തു. സരസ്വതിക്ക് ജീവനാംശം കൊടുക്കാൻ വിധിയായി. ഈ ഘട്ടത്തിൽ നഞ്ചൻ വീണ്ടും സരസ്വതിയുടെ അടുത്ത് വന്ന് തനിക്ക് തെറ്റുപറ്റിപ്പോയെന്നും താൻ കൂടെത്താമസിക്കാൻ തയ്യാറാണെന്നും പറഞ്ഞ് സ്നേഹം നടിച്ച് അവരെക്കൊണ്ട് കേസ് പിൻവലിപ്പിച്ചു. അതിനു ശേഷം വീണ്ടും സരസ്വതിയെ ഉപദ്രവിക്കാനാരംഭിച്ചു. ഞങ്ങൾ ചെല്ലുമ്പോൾ ഈ കേസ് രണ്ടാമതും ഏറ്റെടുത്ത് നടത്തുകയായിരുന്നു. അയ്യരമ്മ അവരെയും കൂട്ടിയാണ് സരസ്വതിയുടെയും നഞ്ചിയുടെയും വീടുകളിൽ പോയത്.

ഷോളയൂർ പോലീസ് സ്റ്റേഷനിലെ റിട്ടയേഡ് എസ്.ഐ. അയ്യരമ്മ ഇത്തരം നിരവധി കേസുളിൽ ഇടപെട്ടത് തനിക്ക് നേരിട്ടറിയാമെന്ന് സാക്ഷ്യപ്പെടുത്തുകയുണ്ടായി. പോലീസ് സ്റ്റേഷനുമുമ്പിൽ അവർ പലതവണ കുത്തിയിരിപ്പുസമരം നടത്തിയിട്ടുണ്ട്. ഞങ്ങൾ ചെന്ന സമയത്തും അയ്യരമ്മ ഇത്തരം ഒരു കേസിന്റെ അന്വേഷണം എന്തായി എന്നറിയാനായി ഷോളയൂർ പോലീസ് സ്റ്റേഷനിലേക്ക് പോവുന്നത് കാണുകയുണ്ടായി.

അട്ടപ്പാടിയിലെ സാമൂഹ്യപ്രവർത്തകയായ മറിയാമ്മ കളത്തിൽ അയ്യരമ്മയുടെ ഈ നിരന്തരമായ, അക്ഷീണമായ പോരാട്ടവീര്യത്തെയും ധൈര്യത്തെയും പറ്റി അത്ഭുതാദരങ്ങളോടെ സംസാരിക്കുകയുണ്ടായി. അഹാഡ്സിലെ മുൻ അസിസ്റ്റന്റ് ഡയരക്ടറായിരുന്ന വി.എച്ച്. ദിരാർ താൻ ഇത്തരം ചില സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചതായി പറഞ്ഞു. ആദിവാസികൾക്കുവേണ്ടി നിലകൊണ്ടതിന് പലവട്ടം അവരെ ആളുകൾ സംഘം ചേർന്ന് അധിക്ഷേപിച്ചതും കയ്യേറ്റം ശ്രമിച്ചതുമൊക്കെ നേരിൽ കണ്ടിട്ടുണ്ട് അദ്ദേഹം.

ബിരുദധാരിയായ അവർക്ക് നല്ല നിയമപരിജ്ഞാനമുണ്ട്. പലപ്പോഴും കോടതികളിൽ അവർ കേസ് സ്വയം വാദിക്കുമായിരുനനത്രെ! ഇത്തരം കേസുകളുടെ ആധിക്യം മൂലം അട്ടപ്പാടിയ്ക്കു മാത്രമായി ഒരു സൗജന്യ നിയമസഹായസമിതി രൂപീകരിക്കാൻ





അവർ പരിശ്രമിച്ചു. അങ്ങനെ അവരുടെ നിരന്തരശ്രമഫലമായി ജില്ലാ നിയമസഹായസമിതിയും താലൂക്ക് നിയമസഹായ സമിതിയും നിലവിൽ വന്നു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, ജസ്റ്റിസ് ജാനകിയമ്മ തുടങ്ങിയവർ നേതൃത്വം നൽകിയിരുന്ന 'പീപ്പിൾസ് കൗൺസിൽ ഫോർ ജസ്റ്റിസ്' (PCSJ) ന്റെ ലൈഫ് മെമ്പറായ അയ്യരമ്മയുടെ ശ്രമഫലമായി PCSJയുടെ സഹായം കൂടി ഇത്തരം കേസുകളിൽ ലഭ്യമാവുകയുണ്ടായി.

## ധൈര്യത്തിന്റെ പര്യായം

2004-ന്റെ അന്ത്യത്തിലാണ് ഞാൻ അയ്യരമ്മയെ കാണുന്നതും അവരെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്നതും. അവരെ കണ്ടെത്തിയത് വളരെ അന്വേഷിച്ചിട്ടാണ്. അട്ടപ്പാടിയിലെ ആനക്കട്ടിയിൽ, കാട്ടിനുള്ളിൽ ഒരു ചെത്തിത്തേക്കാത്ത ചെറിയ വീട്ടിലാണ് വൃദ്ധയായ അവരെ ഒറ്റയ്ക്ക് താമസിപ്പിച്ചിരുന്നത്. വൈദ്യുതിയോ, വെള്ളമോ, കിടക്കാനൊരു കട്ടിലോ ഒന്നും ആ വീട്ടിൽ ഉണ്ടായിരുന്നില്ല. രണ്ടു നായകളും ഒരു പൂച്ചയും ഏതാനും മാടുകളുമായിരുന്നു അവർക്ക് കൂട്ട്. പിഞ്ഞിത്തുടങ്ങിയ നിറംമങ്ങിയ ചേലയും തേഞ്ഞുതീരാറായ ചെരിപ്പും മൂക്കുത്തിയും ഏതാണ്ട് നരച്ച മുടിയും ഒക്കെയായി നല്ലവണ്ണം മെലിഞ്ഞ രൂപമാണവർക്ക്. നടപ്പിനും സംസാരത്തിനും ഒക്കെയായി അസാമാന്യമായ വേഗതയയും ആർജ്ജവവുമുണ്ട്. പറയുന്ന കാര്യങ്ങൾക്ക് അതിശയിപ്പിക്കുന്ന കൃത്യതയും സൂക്ഷ്മതയും പ്രകടം. അന്ന് ഷൂട്ടിങ്ങ് കഴിഞ്ഞു തിരിച്ചുപോകുമ്പോൾ അവർ ഞങ്ങളോട് പറഞ്ഞത്, അട്ടപ്പാടിയിൽ സ്ത്രീകളുടെ കേസുകൾ പ്രത്യേകമായി അന്വേഷിക്കാൻ ഒരു ഔദ്യോഗിക സംവിധാനം എത്രയും പെട്ടെന്ന് നിലവിൽ വരേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ്.

ആ കൂടിക്കാഴ്ച കഴിഞ്ഞ് ഒരു പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ആരും തിരിച്ചറിയാതെ, ആരാലും അംഗീകരിക്കപ്പെടാതെ, ശരികൾ ചെയ്തുകൊണ്ടേയിരുന്ന ഒരു വലിയ സ്ത്രീ ഇങ്ങനെ കുറേക്കാലം നമ്മുടെയിടയിൽ ജീവിച്ചിരുന്നു എന്നതിന് എന്താണ് തെളിവ്? അവർ സഹായിച്ച നിരാലംബരായ ഒരുകൂട്ടം ആദിവാസി സ്ത്രീകളുടെ അനുഭവസാക്ഷ്യങ്ങൾ മാത്രം. അതും മാഞ്ഞുകൊണ്ടേയിരുന്നു. ഒരു വലിയ ചരിത്രം അങ്ങനെ ജലരേഖ പോലെ വിസ്മൃതിയിലേക്ക് മറയുകയാണ്.

വാർദ്ധക്യത്തിന്റെ അവശതകൾ കാരണം അവർ തമിഴ്നാട്ടിലെ ജന്മസ്ഥലത്തേക്ക് തിരിച്ചുപോയിരിക്കുന്നു. 'ധീര' എന്ന വാക്കിന് ഉൾക്കൊള്ളാനാവുന്ന എല്ലാ അർദ്ധഗരിമയോടും കൂടി ഒരാൾ ഇവിടെ ജീവിച്ചിരുന്നു എന്ന് അടയാളപ്പെടുത്തിയ ആ കാട്ടിനുള്ളിലെ കൊച്ചുവീട് ഇന്ന് അവിടെയുണ്ടോ ആവോ? അവർ ചെയ്ത വലിയ നന്മകളെ നാം കണ്ടുവെന്ന് നടിച്ചുവോ? പോകുമ്പോൾ എന്തായിരിക്കും അവർ ചിന്തിച്ചിരിക്കുക? ഇപ്പോൾ അവിടുത്തെ ആദിവാസി സ്ത്രീകൾ ആരോടായിരിക്കും പോയി തങ്ങളുടെ സങ്കടങ്ങൾ പറയുന്നുണ്ടാവുക?

## മഹത്വത്തിന്റെ ചെറിയ വലിപ്പങ്ങൾ

കുട്ടിക്കാലത്തുകേട്ട ഒരു പുരാണകഥയുണ്ട്. പാർവ്വതീപരമേശ്വരന്മാരുടെ വിവാഹത്തിൽ പങ്കെടുക്കാൻ ഭൂമിയിലെ സകലജീവജാലങ്ങളും ഒത്തുകൂടിയപ്പോൾ ഭൂമി ഒരു വശത്തേയ്ക്ക് ചെരിഞ്ഞുപോയത്രെ. അപ്പോൾ ഭാരം തുലനം ചെയ്യാൻ കുള്ളനായ അഗസ്ത്യമുനിയോട് മറുവശത്തുപോയി നിൽക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അങ്ങനെ ചെയ്തപ്പോൾ ഭൂമി പൂർവ്വസ്ഥിതിയിലായി. ഇക്കഥയിൽ പറഞ്ഞതുപോലെ ഈ ഭൂഗോളത്തെ നേരെ നിർത്തുന്ന ചില ചെറിയ മനുഷ്യരുണ്ട്. അത്യാർത്തിയും സ്വാർത്ഥതയും വെട്ടിപ്പിടിയ്ക്കലും വഞ്ചനയും ഒക്കെക്കൊണ്ട് അസന്തുലിതമായിപ്പോവുന്ന ഭൂമിയെ നേരെ നിർത്തുന്ന ചില തീരെച്ചെറിയ മനുഷ്യർ... ഒന്നും പ്രതീക്ഷിക്കാതെ, ആരെയും വിളിച്ചറിയാക്കാതെ, നിശ്ശബ്ദമായി നന്മകൾ ചെയ്തുകൊണ്ടേയിരിക്കുന്നവർ. ജീൻ്ഗിയാനോയുടെ 'മരങ്ങൾ നട്ട മനുഷ്യ'നിലെ എൽസിയാർഡ് ഹോണിയറെപ്പോലെ അവർ കാലത്തിലൂടെ നന്മയുടെ മരങ്ങൾ നട്ടുകൊണ്ടിരിക്കുന്നു. മനുഷ്യർക്ക് മാത്രം സാധ്യമാവുന്ന ധൈര്യത്തെക്കുറിച്ചും, ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും, മനുഷ്യത്വത്തിന്റെ ഭാവിയെക്കുറിച്ചും നമ്മെ നിരന്തരം പഠിപ്പിച്ചുകൊണ്ട്.....

# ജലജാത സങ്കടങ്ങൾ



ആര്യഗോപി
സാമൂതിരി ഗുരുവായൂരപ്പൻ
കോളേജ്, കോഴിക്കോട്



വെയിൽകത്തും മരം കേറി
മഴചുറ്റും ചുരം കേറി
പുലിപ്പല്ലിൻ പടവിറങ്ങി
ശവക്കോട്ടക്കൊടി പറത്തും
കരിമേഘകാടിറങ്ങി
ഇരുൾഭൂതം വിഴുങ്ങും മുമ്പെവിടെപ്പോകും?

മറവിത്താഴുകൾ പൂട്ടും
മരവിച്ച വീടകത്തേക്കിടത്തേക്കോ
വലത്തേക്കോ?
നിറംമാറും പകർന്നാട്ട-
ക്കിരീടങ്ങൾ വച്ചുമാറും
ചിരകാലച്ചതുരംഗക്കളത്തിലേക്കോ?

ഗൃഹാതുരസ്പന്ദനങ്ങൾ
ചവിട്ടിത്തേച്ചെറിയുന്ന
പകൽച്ചിത്രത്തുന്നൽ വിട്ട നിഴലിലേക്കോ?
പലനാവും പലകാതും
പരസ്പരം പിണങ്ങുന്ന
പടിവാതിലടച്ചിട്ട ഭയത്തിലേക്കോ?

ചിതപുൽകും പരിചിതർ
ചിരിക്കാതെ കാത്തുവച്ച
നിണമെങ്ങോ, പണമെങ്ങോ
പറയാൻ വയ്യ.

മനഃപാഠപ്പായസത്തിൻ
തിരുശേഷിപ്പാർക്കുവേണം?
ചവർത്താലും, പുളിച്ചാലും
വിരുന്നൂട്ടാൻ വിളിക്കുന്നു:
വിളക്കെല്ലാമണയ്ക്കുന്നു.
വിളമ്പുന്നോരുറങ്ങുന്നു.
വിഷംതീണ്ടി പാനപാത്രം
സ്വയംപൊട്ടിത്തെറിക്കുന്നു.

ഒരുവാക്കിൻ മൂർച്ച മാത്രം
കഴുമരക്കയർ ഭേദി-
ച്ചിടനാഴിക്കരിങ്കല്ലിൽ തലതല്ലുന്നു.
ഇരുട്ടാഴം തിളയ്ക്കുമ്പോൾ
മറുചോദ്യം മുഴങ്ങാത്ത
കടൽനീന്തിക്കടക്കാനെൻ
കവിതയ്ക്കാമോ?

മറുപടി കുറിക്കാതെ
ജലജാതവ്യഥപ്പക്ഷി-
ക്കിടനെഞ്ചിൽ ചിറകെട്ടാനൊരുവനുണ്ടോ?
നിലവിളിക്കിനാവുകൾ
കരതേടിപ്പറക്കുന്ന
പുലർകാലച്ചിറകെന്നിൽ
ഉണർന്നിരിപ്പൂ!!

# യു.ജി.സി. ഏഴാം ശമ്പളപരിഷ്കരണ റിപ്പോർട്ട്: കോളേജ്-സർവ്വകലാശാല അദ്ധ്യാപകർ പാർലമെന്റ് മാർച്ച് നടത്തി




ന്യൂഡൽഹി: ഏഴാം യു.ജി.സി. ശമ്പളപരിഷ്കരണ റിപ്പോർട്ട് ഉടൻ സമർപ്പിക്കുക, അപ്രായോഗികമായ പ്രമോഷൻ നിബന്ധനകൾ പിൻവലിക്കുക, ദേശീയ വിദ്യാഭ്യാസ നയത്തിലെ മതേതര-ജനാധിപത്യവിരുദ്ധ നിർദ്ദേശങ്ങൾ ഉപേക്ഷിക്കുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം പുനഃസ്ഥാപിക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ദേശീയതലത്തിൽ സർവ്വകലാശാല-കോളേജ് അദ്ധ്യാപകരുടെ ഐക്യവേദി ഐഫക്ടോയും ഡൽഹി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷനും പാർലമെന്റ് മാർച്ച് നടത്തി.

കേരളത്തിൽ നിന്ന് എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി. സംഘടനകളെ പ്രതിനിധീകരിച്ച് നിരവധി അധ്യാപകർ പങ്കെടുത്തു. മാർച്ചിനെ അഭിസംബോധന ചെയ്ത് വിവിധ പാർലമെന്റ് അംഗങ്ങൾ, ഐഫക്ടോ ദേശീയ പ്രസിഡന്റ് ഡോ. കേശബ് ഭട്ടാചാര്യ, ജനറൽ സെക്രട്ടറി പ്രൊഫ. അരുൺകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

മാർച്ചിനും ധർണ്ണയ്ക്കും എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ.ജി. ഒലീന, ജനറൽ സെക്രട്ടറിയും ഐഫക്ടോ ദേശീയ സെക്രട്ടറിയുമായ ഡോ. കെ.എൽ. വിവേകാനന്ദൻ, ട്രഷറർ പ്രൊഫ. ടോമിച്ചൻ ജോസഫ്, എ.കെ.ജി.സി.ടി. സംസ്ഥാന പ്രസിഡന്റ് ഡോ. കെ. രാമകൃഷ്ണൻ, ജനറൽ സെക്രട്ടറി ഡോ. കെ.കെ. ദാമോദരൻ എന്നിവർ നേതൃത്വം നൽകി.

## അഭിവാദനങ്ങൾ



### സി. പത്മനാഭൻ

പ്രതിനിധാനത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് വില്യം ലോഗന്റെ മലബാർ
മാന്വലിനെയും ഇതര ചരിത്ര / സാംസ്കാരിക രേഖകളെയും അടിസ്ഥാന
പ്പെടുത്തിയുള്ള പഠനത്തിന് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നും
ഡോ. ഗോപാലകൃഷ്ണൻ നായരുടെ മേൽനോട്ടത്തിൽ പി എച്ച് ഡി അവാർഡ്
നേടിയ എ.കെ.പി.സി.ടി.എ. സ്റ്റേറ്റ് അക്കാദമിക് കൺവീനർ സി. പത്മനാഭൻ.
മട്ടന്നൂർ പി.ആർ.എൻ.എസ്.എസ്. കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസോസി
യേറ്റ് പ്രൊഫസർ ആണ്.



# ആറളം ഫാമിൽ കായികമത്സര പരിശീലനവും നാടകക്കളരിയും

സാമൂഹികമായി അടിച്ചമർത്തപ്പെട്ട ആറളം ഫാമിലെ 200ൽ പരം വിദ്യാർത്ഥികൾക്ക് ഐആർപിസി നേതൃത്വത്തിൽ ആരംഭിച്ച സമഗ്രവിദ്യാഭ്യാസ പദ്ധതി 'ഉണർവ്വ് 2016'ൽ കളിയും അഭിനയവും പരിശീലിപ്പിച്ച് കോളേജധ്യാപകർ. എകെപിസിടിഎ കണ്ണൂർ-കാസർകോട് ജില്ലാ കമ്മിറ്റിയാണ് കായിക മത്സരങ്ങളും നാടകപരിശീലനവും സംഘടിപ്പിച്ച് ഉണർവ്വിന്റെ നൂതനവഴികളിലേക്ക് ആദിവാസി വിഭാഗത്തിലെ വിദ്യാർത്ഥികളെ നയിച്ചത്. ഇല്ലായ്മയുടെ വഴികൾ അതിജീവിച്ച് ലോകത്തിന് മാതൃകയായ ഒട്ടേറെ മഹത് വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന വീഡിയോ പ്രദർശനവും പരിശീലനം ലഭിച്ച 21 കുട്ടികൾ അവതരിപ്പിച്ച നാടകവും പരിപാടിക്ക് മാറ്റ്കൂട്ടി.



ആറളം ഫാം ഹൈസ്കൂളിൽ സിപിഐ (എം) ജില്ലാ സെക്രട്ടറിയും ഐ.ആർ.പി.സി. ഉപദേശകസമിതി ചെയർമാനുമായ പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡന്റ് ഡോ. ആർ.കെ. സതീഷ് അദ്ധ്യക്ഷത വഹിച്ചു. സിപിഐ(എം) സംസ്ഥാന കൺട്രോൾ കമ്മീഷൻ ചെയർമാൻ ടി. കൃഷ്ണൻ, ഏരിയാ സെക്രട്ടറി ബിനോയ്കുര്യൻ, എ.കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി എ. നിശാന്ത്, ലോക്കൽ സെക്രട്ടറി കെ.കെ. ജനാർദ്ദനൻ, ഉണർവ്വ് 2016ന്റെ കോ-ഓർഡിനേറ്റർ കെ.പി. മുഹമ്മദ് മാസ്റ്റർ എന്നിവരും കായികമത്സരങ്ങൾക്ക് ജിനാ സെബാസ്റ്റ്യൻ, കെ.വി. മഹേഷ്, ഡോ. പി.ആർ. സ്വരൺ എന്നിവരും നേതൃത്വം നൽകി. പി. ജയരാജൻ മെഡലുകൾ വിതരണം ചെയ്തു. ജില്ലാ സെക്രട്ടറി ഡോ. കെ. അജയകുമാർ സ്വാഗതവും ജില്ലാ കൗൺസിലർ കെ.വി. മഹേഷ് നന്ദിയും പറഞ്ഞു.

# കോർപ്പറേറ്റ് ശക്തികൾക്ക് പാതയൊരുക്കിക്കൊണ്ട് വർഗ്ഗീയശക്തികൾ




ദേശീയ വിദ്യാഭ്യാസനയം - 2016ന്റെ വിശദാംശങ്ങൾ ചർച്ചചെയ്യുന്നതിനായി എ.കെ.പി.സി.ടി.എ. കോട്ടയം ബസേലിയസ് കോളേജിൽ സിമ്പോസിയം സംഘടിപ്പിച്ചു. സ്വകാര്യവൽക്കരണത്തിന്റെ ഭവിഷ്യത്തുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആരംഭിക്കുന്ന കരട് റിപ്പോർട്ട് അനിയന്ത്രിതമായി സ്വകാര്യവൽക്കരണത്തെ തന്നെയാണ് സ്വാഗതം ചെയ്യുന്നത്. ഫെഡറൽ തത്വങ്ങൾ കാറ്റിൽപറത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ അധികാരം പൂർണമായും കവർന്നെടുക്കുന്ന സമീപനം കോർപ്പറേറ്റുവൽക്കരണത്തിന് മാത്രം ഉതകുന്നു. പുത്തൻ വിദ്യാഭ്യാസനയത്തെ ചെറുത്തുതോൽപിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് സിമ്പോസിയം ഉദ്ഘാടനം ചെയ്തത് പ്രൊഫ. എം.ടി. ജോസഫാണ്. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീന അദ്ധ്യക്ഷത വഹിച്ച സിമ്പോസിയത്തിൽ സംഘടനയുടെ സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. സി. പത്മനാഭൻ ആമുഖ അവതരണം നടത്തി. പ്രസ്തുത സിമ്പോസിയത്തിൽ കാത്തലിക് ബിഷപ്പ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ സെക്രട്ടറി റവ. ഫാ. ജോസഫ് മണിപ്പാടം വിഷയാവതരണം നടത്തി.

അശാസ്ത്രീയവും അസംബന്ധജടിലവുമായി ചരിത്രസങ്കല്പങ്ങൾകൊണ്ടാണ് ഈ റിപ്പോർട്ടിന് അടിത്തറപാകിയിട്ടുള്ളത്. നാളിതുവരെ രൂപപ്പെട്ടിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ റിപ്പോർട്ട് സമഗ്രമോ സമ്പൂർണ്ണമോ അല്ല. ഈ റിപ്പോർട്ട് ന്യൂനപക്ഷവിരുദ്ധമെന്നതിനപ്പുറം സ്ത്രീകളെയും പട്ടികജാതിയെയും പട്ടികവർഗത്തെയും വിദ്യാഭ്യാസ പ്രക്രിയയിൽ നിന്നു പുറത്താക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് ഫാ. ജോസഫ് മണിപ്പാടം ചൂണ്ടിക്കാട്ടി.





എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ജയ്ക്ക് സി. തോമസ്, എ.കെ.പി.സി.ടി.എ. ഉന്നതവിദ്യാഭ്യാസ കമ്മീഷൻ മെമ്പർ സെക്രട്ടറി ഡോ. കെ.പി. സുകുമാരൻ നായർ, എം.ജി. യൂണിവേഴ്സിറ്റി അദ്ധ്യാപക സംഘടനാ നേതാവ് ഡോ. ബി. പ്രകാശ്കുമാർ, സർവ്വകലാശാല സെനറ്റംഗം പി. പത്മകുമാർ, കെ.ജി.ഒ.എ. ജില്ലാ സെക്രട്ടറിയേറ്റ് അംഗം ഡോ. പി. സതീഷ്കുമാർ, കെ.എസ്.ടി.എ. സംസ്ഥാന കമ്മിറ്റി അംഗം അനീഷ് ലാൽ എന്നിവർ പങ്കെടുത്തു. സംസ്ഥാന ട്രഷറർ പ്രൊഫ. ടോമിച്ചൻ ജോസഫ് സ്വാഗതം പറഞ്ഞു. സിമ്പോസിയത്തിന് മേഖലാസെക്രട്ടറി ഡോ. കെ. കൃഷ്ണദാസ് നന്ദിയർപ്പിച്ചു.

# എ.കെ.പി.സി.ടി.എ അക്കാദമിക്ക് പരിശീലന ക്ലാസുകൾക്ക് മികച്ച തുടക്കം




തളിപ്പറമ്പ് : വിവിധ വിഷയങ്ങളിൽ ബിരുദപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് പരിശീലനം നൽകുന്ന എ.കെ.പി.സി.ടി.എ കണ്ണൂർ-കാസർഗോഡ് ജില്ലാ അക്കാദമിക്ക് കമ്മിറ്റിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്ലാസുകൾക്ക് തുടക്കമായി. പോണ്ടിച്ചേരി സർവകലാശാലയിലെ ഫിസിക്സ് വിഭാഗം പ്രൊഫസറായ ഡോ.എസ്.വി.എം. സത്യനാരായണ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് സർ സയ്യിദ് കോളേജ് സെമിനാർ ഹാളിൽ നടന്ന ഉദ്ഘാടനചടങ്ങിൽ ജില്ലാ പ്രസിഡന്റ് ഡോ.ആർ.കെ.സതീഷ് അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.പി.ടി.അബ്ദുൾ അസീസ്, സംസ്ഥാന അക്കാദമിക്ക് കൺവീനർ സി.പത്മനാഭൻ, മേഖലാ വനിതാ കൺവീനർ ഡോ.ടി.പി.നഫീസാ ബേബി എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി എ.നിശാന്ത് ഡോ.എസ്.വി.എം.സത്യനാരായണക്ക് സംഘടനയുടെ ഉപഹാരം നൽകി.

ജില്ലാ അക്കാദമിക് കൺവീനർ ഡോ.കെ.എം.പ്രസീദ് സ്വാഗതവും, ബ്രാഞ്ച് കൺവീനർ ടി.മുഹമ്മദ് സയീദ് നന്ദിയും പറഞ്ഞു. കണ്ണൂർ സർവ്വകലാശാലക്ക് കീഴിലെ വിവിധ കോളേജുകളിൽ നിന്ന് മുന്നൂറോളം ബിഎസ്സി ഫിസിക്സ് വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. തുടർന്ന് ഡോ.എസ്.വി.എം.സത്യനാരായണ പരിശീലന ക്ലാസെടുത്തു. ഫിസിക്സ് വിദ്യാർത്ഥികൾക്ക് ആഗസ്ത് 20, 27 തീയതികളിൽ തുടർ പരിശീലനങ്ങൾ നടത്തും. മറ്റ് വിഷയങ്ങളിലുള്ള ക്ലാസുകൾ പിന്നീട് തീരുമാനിക്കും.






# ദേശീയ വിദ്യാഭ്യാസ നയം: ആശങ്കകൾ ഉയർത്തി ഓപ്പൺഫോറം

കണ്ണൂർ: ദേശീയ വിദ്യാഭ്യാസ നയ രൂപീകരണം സർവ്വകലാശാലകളുടെയും സംസ്ഥാന സർക്കാരുകളുടെയും അധികാരങ്ങൾ സമ്പൂർണ്ണമായി കവർന്നെടുക്കുന്നതാണെന്ന് എ.കെ.പി.സി.ടി.എ. കണ്ണൂർ-കാസർകോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'ഓപ്പൺഫോറം' വിലയിരുത്തി. സാമ്രാജ്യത്വ താല്പര്യങ്ങളും വർഗീയ താല്പര്യങ്ങളും ഒരുപോലെ സംരക്ഷിക്കാനുതകുന്ന നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച കരട് റിപ്പോർട്ടിലുള്ളത്. അധികാര കേന്ദ്രീകരണത്തിലൂടെ സാമൂഹ്യനീതി, അവസരസമത്വം, ഗുണമേന്മ എന്നീ മേഖലകളിലെ നേട്ടത്തെ തകർക്കാനാണ് കേന്ദ്രസർക്കാർ നീക്കം.

പള്ളിക്കുന്ന് കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ: വനിതാകോളേജിൽ നടന്ന ഓപ്പൺ ഫോറത്തിൽ എ.കെ.പി.സി.ടി.എ. സംസ്ഥാന അക്കാദമിക് കൺവീനർ ഡോ. സി. പത്മനാഭൻ വിഷയം അവതരിപ്പിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. ആർ.കെ. സതീഷ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ അക്കാദമിക് കൺവീനർ ഡോ. കെ.എം. പ്രസീദ് ആമുഖ ഭാഷണം നടത്തി.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഡോ. ബി. പ്രകാശ്കുമാർ, പ്രൊഫ. കെ. ബാലൻ, പ്രൊഫ. കെ.വി. ഉണ്ണികൃഷ്ണൻ, എൻ.ടി. സുധീന്ദ്രൻ, ഡോ. വി.പി.പി. മുസ്തഫ, മറിയം മമ്മിക്കുട്ടി, കെ.ടി. ശശി, പ്രമോദ് വെള്ളച്ചാൽ എന്നിവർ സംസാരിച്ചു.

പൊതുചർച്ചയിൽ ഡോ. എ. അശോകൻ, ഡോ. കെ.എൻ. അജയ്കുമാർ, കെ.എം. സുധീഷ്, പി.സി.എച്ച്. ശശിധരൻ, ഡോ. ജോബി കെ. ജോസ്, ഡോ. ടി.വി. രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

സംസ്ഥാന സെക്രട്ടറി എ. നിശാന്ത് ക്രോഡീകരണം നടത്തി. ജില്ലാ സെക്രട്ടറി ഡോ. കെ. അജയകുമാർ സ്വാഗതവും ജില്ലാ ട്രഷറർ ഡോ. ഇസ്മയിൽ ഒലായിക്കര നന്ദിയും പറഞ്ഞു.





# സർവ്വകലാശാല–കോളേജധ്യാപകർ കൂട്ട അവധിയെടുത്ത് ധർണ്ണ നടത്തി

കണ്ണൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ത്യയാകെ 7 ലക്ഷം സർവ്വകലാശാല-കോളേജധ്യാപകർ കൂട്ട അവധിയെടുത്ത് സർവ്വകലാശാലകൾക്ക് മുന്നിൽ ധർണ്ണ നടത്തി. കണ്ണൂർ സർവ്വകലാശാലയിൽ കെ.കെ. രാഗേഷ് എം.പി. ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി., എഫ്.യു.ടി.എ. എന്നിവരുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു ധർണ്ണ.

എഫ്.യു.ടി.എ. സംസ്ഥാന പ്രസിഡന്റ് ഡോ. പി. ബാബു ആന്റോ അദ്ധ്യക്ഷത വഹിച്ചു. കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ജില്ലാ സെക്രട്ടറി എം. സഹദേവൻ, കെ.എസ്.ടി.എ. ജില്ലാ സെക്രട്ടറി വി.പി. മോഹനൻ, കണ്ണൂർ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി വിജയൻ അടുക്കാടൻ എന്നിവർ സംസാരിച്ചു.

എ.കെ.പി.സി.ടി.എ. സംസ്ഥാന അക്കാദമിക് കൺവീനർ ഡോ. സി. പത്മനാഭൻ 'ദേശീയ വിദ്യാഭ്യാസ നയ'ത്തെക്കുറിച്ച് ധർണ്ണയിൽ ക്ലാസ്സെടുത്തു.

എ.കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി എ. നിശാന്ത് സ്വാഗതവും കെ.യു.ടി.സി. പ്രസിഡന്റ് ഡോ. പി.ടി. രവീന്ദ്രൻ നന്ദിയും പറഞ്ഞു.

# എ.കെ.പി.സി.ടി.എ. വിദ്യാഭ്യാസ ശില്പശാല നടത്തി

എ.കെ.പി.സി.ടി.എ. വിവിധ വിഷയങ്ങളിൽ വിദ്യാഭ്യാസ ശില്പശാല സംഘടിപ്പിച്ചു. സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയ്ക്കായി സംഘടിപ്പിച്ച ശില്പശാലയിൽ അക്കാദമിക്, ഗവേഷണം, പരീക്ഷ, വിദ്യാർത്ഥി ക്ഷേമം, പൊതുകാര്യങ്ങൾ എന്നീ അഞ്ച് വിഷയങ്ങളിലാണ് ചർച്ച നടത്തിയത്.

എ.കെ.പി.സി.ടി.എ. കണ്ണൂർ-കാസർകോട് ജില്ലാ പ്രസിഡന്റ് ഡോ. ആർ.കെ. സതീഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന അക്കാദമിക് കൺവീനർ ഡോ. സി. പത്മനാഭൻ ആമുഖപ്രഭാഷണം നടത്തി. എ.കെ.പി.സി.ടി.എ. ജേർണൽ ചീഫ് എഡിറ്റർ പ്രമോദ് വെള്ളച്ചാൽ, വയനാട് ജില്ലാ സെക്രട്ടറി ഡോ. തോമസ് മോനോത്ത്, കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റംഗം ടി.പി. അഷ്റഫ്, ജില്ലാ അക്കാദമിക് കൺവീനർ ഡോ. കെ.എം. പ്രസീദ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ഡോ. കെ.എസ്. സുരേഷ് കുമാർ, ഷീല എം. ജോസഫ്, മേഖലാ വനിതാ കൺവീനർ ഡോ. ടി.പി. നഫീസാബേബി, ജില്ലാ വനിതാ കൺവീനർ ടി. ജിജികുമാരി, ജില്ലാ ട്രഷറർ ഡോ. ഇസ്മയിൽ ഒലായിക്കര, ഡോ. ജെയിംസ്പോൾ തുടങ്ങി 27 പേർ പങ്കെടുത്ത് സംസാരിച്ചു.

സംസ്ഥാന സെക്രട്ടറി എ. നിശാന്ത് ക്രോഡീകരണ പ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി ഡോ. കെ. അജയകുമാർ സ്വാഗതവും ജോയിന്റ് സെക്രട്ടറി ഡോ. പി.ആർ. സ്വരൺ നന്ദിയും പറഞ്ഞു.

# സർവ്വകലാശാല സിണ്ടിക്കേറ്റുകളിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട എ.കെ.പി.സി.ടി.എ. സഖാക്കൾക്ക് അഭിവാദ്യങ്ങൾ

## മഹാത്മാഗാന്ധി സർവ്വകലാശാല



പ്രൊഫ. ടോമിച്ചൻ ജോസഫ്
കെ.ഇ. കോളജ്, മാന്നാനം



ഡോ. കെ. കൃഷ്ണദാസ്
എസ്എസ് കോളജ്, കാലടി



ഡോ. പത്മകുമാർ
എൻഎസ്എസ് ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി



ഡോ. അജി സി. പണിക്കർ
മാർ അത്തനേഷ്യസ് കോളജ്, കോതമംഗലം



ഡോ. പത്മനാഭപിള്ള
പ്രിൻസിപ്പാൾ, ഡി.ബി. കോളജ്, തലയോലപ്പറമ്പ്



ഡോ. വി.എസ്. പ്രവീൺകുമാർ
എസ്.എൻ.ഡി.പി. യോഗം കോളജ്, കോന്നി

## കണ്ണൂർ സർവ്വകലാശാല



പ്രൊഫ. എ. നിശാന്ത്
പയ്യന്നൂർ കോളജ്, പയ്യന്നൂർ



ഡോ. അജയകുമാർ
എസ്.എൻ. കോളജ്, കണ്ണൂർ



പ്രൊഫ. അഷ്റഫ്
പ്രിൻസിപ്പാൾ, കേയിസാഹിബ് ട്രെയിനിങ് കോളജ്, തളിപ്പറമ്പ്

## കേരള സർവ്വകലാശാല



പ്രൊഫ. എം. ശ്രീകുമാർ
എം.എം. എൻഎസ്എസ് കോളജ്, കൊട്ടിയം

## കോഴിക്കോട് സർവ്വകലാശാല



ഡോ. സി. അബ്ദുൾ മജീദ്
യൂണിറ്റി വിമൻസ് കോളജ് മഞ്ചേരി

# അഭിവാദനങ്ങൾ

## പ്രൊഫ. വി. ശ്രീകുമാർ



തിരുനെൽവേലി മനോന്മണിയം സർവ്വകലാശാലയിൽ നിന്നും എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ് നേടിയ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ വി. ശ്രീകുമാർ. ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിലെ അദ്ധ്യാപകനായിരുന്ന ഡോ. രാജഗോപാലിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം

## എം.എസ്. വിദ്യാ പണിക്കർ



കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നു സുവോളജിയിൽ ഡോക്ട്‌റേറ്റ് നേടിയ ചെമ്പഴന്തി എസ്.എൻ. കോളേജ് സുവോളജി വിഭാഗം മേധാവി എം.എസ്. വിദ്യാപണിക്കർ. കേരളാ യൂണിവേഴ്സിറ്റി സുവോളജി വിഭാഗം മുൻ മേധാവി ഡോ. മാത്യു എം. ഉമ്മൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. എ.കെ.പി.സി.ടി.എ ചെമ്പഴന്തി എസ്. എൻ കോളേജ് ബ്രാഞ്ച് സെക്രട്ടറിയാണ്.

## ജെ. മായാദേവി



ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഡോ. ജെ. മായാദേവി. ചേളന്നൂർ ശ്രീനാരായണ ഗുരു കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറും പി.ജി. വിഭാഗം മേധാവിയുമാണ്. എ.കെ.പി.സി.ടി.എ. ബ്രാഞ്ച് പ്രസിഡന്റാണ്. ദേവഗിരി സെന്റ്ജോസഫ്സ് കോളജിലെ ഇംഗ്ലീഷ് വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. എസ്. നാഗേഷിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

# AKPCTA

## N.S.S COLLEGE MANJERI BRANCH 2015-16




R 1- Sitting (L-R): Dr. C.Ajitha, Mr. Jayakrishnan.P (Treasurer), Dr.R.Sajan, Dr. Santhosh Vallikkat, Dr. Aravind.J (Secretary), Dr.K.Balakrishnan, Dr.K.N.Sreekanthan (President), Dr.P.M.Sudhir Kumar, Dr.E.V.Baby Girija, Mrs. Neetha.P.C

R 2- (Standing L-R): Lt. M. Aboobacker, Dr.Pushpalatha.K, Dr.Sheeba.M, Mrs. Aathira Nandan, Dr.Vinaya Bhaskaran, Mrs.Devi.R.R, Mrs. Seemadevi.R, Mrs.Geetha.G.Nair, Mrs. Meenakumari.P, Dr.Sreelatha.M.N, Mrs. Priyalakshmi.P.N, Mrs.Jesitha.J, Dr. Rajesh.K.P

KERALA PRIVATE COLLEGE TEACHER
R.No. 36025/81 No.256
ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- SEPTEMBER-OCTOBER - 2016






Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Prof. Pramod Vellachal